# ജനപഥം

ഫെബ്രുവരി 1, 2014


## ഉള്ളടക്കം


4
**കാർഷിക കേരളത്തിന് സുരക്ഷാവലയം**
ഡോ. ബി.എ. പ്രകാശ്



9
**സാമൂഹിക മുന്നേറ്റത്തിന് സ്വപ്ന പദ്ധതികൾ**
എ.പി. അനിൽകുമാർ
പട്ടികജാതി വികസനമന്ത്രി

14
**ഭൂമിയുടെ അവകാശികൾ**
പി.കെ. ജയലക്ഷ്മി
പട്ടികവർഗ-യുവജനക്ഷേമ മന്ത്രി

18
**കേരളത്തിന്റെ വ്യാപാരോത്സവം**
നിരുപമ

21
**കുടുംബകൃഷി**
**ഭക്ഷ്യസുരക്ഷയിലേക്കുള്ള വാതായനം**
സുരേഷ് മുതുകുളം



26
**ഫോട്ടോ ഫീച്ചർ**



28
**മുറജപസ്മൃതികൾ**
എഴുമാവിൽ രവീന്ദ്രനാഥ്

31
**ആദ്യ മലയാളനാടകം ശാകുന്തളമല്ല**
ഡോ. രാജാവാര്യർ

34
**ആരായിരുന്നു എം.പി. ശങ്കുണ്ണിനായർ**
ഡോ.എ.എം. ഉണ്ണികൃഷ്ണൻ

36
**അനുസ്മരണം**

38
**ബേക്കൽകോട്ട : ചരിത്രത്തിന്റെ നിശബ്ദസാക്ഷി**
കെ.എൻ. മനോജ്കുമാർ



40 പദപാഠം
41 പുസ്തകപരിചയം
42 ജില്ലകളിലൂടെ
49 പെൺജീവിതം
51 ഉത്തരവുകൾ
52 കാലത്തിനൊപ്പം




# കേരളം വർത്തമാനവും ഭാവിയും

ജനപഥം ജനുവരി ലക്കത്തിൽ 'കേരളം വർത്തമാനവും ഭാവിയു'മെന്ന മുഖ്യമന്ത്രിയുടെയും 'ധനകമ്മിഷൻ കേരളം എന്തു നേടും' എന്നുള്ള ഡോ. മേരി ജോർജിന്റെയും ലേഖനങ്ങൾ ചിന്തയ്ക്കു വകനൽകുന്നതായിരുന്നു. മുഖ്യമന്ത്രിയുടെ ലേഖനത്തിൽ കേരളം കൈവരിച്ച വർത്തമാനകാല നേട്ടങ്ങളെയും ഭാവി കേരളം നേരിടാൻ പോകുന്ന പ്രതിസന്ധികളെയും ആവശ്യകതകളെയും എടുത്തു പറയുന്നത് ശ്രദ്ധേയമായി. പ്രത്യേകിച്ചും മുഖ്യമന്ത്രി ചൂണ്ടിക്കാണിക്കുന്നതുപോലെ 'അംഗപരിമിതരുടെയും വൃദ്ധരുടെയും പ്രശ്നങ്ങൾ - സമീപകാലത്ത് അത് ഗണ്യമായി ഉയർന്നിരിക്കുന്നു - നാം അഭിസംബോധന ചെയ്യേണ്ടതുണ്ട്. ആരോഗ്യരംഗത്തിന് സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. അംഗപരിമിതർക്കുൾപ്പെടെ പ്രയോജനകരമായ നിരവധി പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്. ധനകമ്മിഷൻ കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് നിവേദനത്തിൽ ഞങ്ങൾ പരാമർശിച്ചിരിക്കുന്നതുപോലെ ആരോഗ്യരക്ഷയിലെ അടുത്ത ചുവടുകളായ വൃദ്ധരുടെയും ഭിന്നശേഷിയുള്ളവരുടെയും പരിചരണത്തിന്റെ മേഖലയിൽ മതിയായ വിഭവങ്ങൾ നൽകേണ്ടത് പ്രധാനമാണ്'. തീർച്ചയായും പ്രസക്തമായ കാര്യം തന്നെയാണ് അദ്ദേഹം ഉന്നയിക്കുന്നത്.

50 വർഷത്തിനപ്പുറത്തെ കേരളത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ഭാവി വികസന -ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. പ്രത്യേകിച്ചും കേരളത്തിലെ ആയുർദൈർഘ്യം ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ. ഡോ. മേരി ജോർജും മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് സൂചിപ്പിക്കുന്നുണ്ട്. കേരളം ആരോഗ്യമേഖലയിൽ കൈവരിച്ചിരിക്കുന്ന ലോകനിലവാരം നഷ്ടപ്പെടാതെ നിലനിർത്തണമെങ്കിൽ ആസൂത്രണമികവും കാഴ്ചപ്പാടും കൂടിയേതീരൂ.

**എൻ.വി. നാരായണൻ, കോട്ടയം**

# ലോകജനതയുടെ സൂര്യതേജസ്സ്

കറുത്തവരുടെ വിമോചനേതിഹാസം മാത്രമല്ല ഇന്ന് ചരിത്രത്തിനുമുന്നിൽ നെൽസൺ മണ്ടേല. ലോകജനതയുടെയാകെ സൂര്യതേജസായി അദ്ദേഹം പ്രകാശം ചൊരിയുന്നു. സാധാരണ ഒരു മനുഷ്യന് ആലോചിക്കാൻ കഴിയാത്ത ത്യാഗത്തിന്റെയും സഹനത്തിന്റെയും പോരാട്ടവഴികളായിരുന്നു മണ്ടേലയുടേത്. 27 വർഷത്തെ ജയിൽ ജീവിതവും അദ്ദേഹത്തെ സ്വാതന്ത്ര്യേച്ഛയെ തളർത്തിയില്ല. അതിന്റെ ഫലമായാണ് വെള്ളക്കാരുടെ ദുർഭരണം അവസാനിപ്പിച്ച് തദ്ദേശീയരായ ജനങ്ങൾക്ക് ഭരണവും സ്വാതന്ത്ര്യവും ലഭിക്കുവാൻ സാഹചര്യമൊരുങ്ങിയത്. നെൽസൺ മണ്ടേല എന്ന വ്യക്തിയുടെ ത്യാഗോജ്ജ്വലമായ ജീവിതം എല്ലാ സ്വാതന്ത്ര്യപോരാട്ടങ്ങൾക്കും വഴിവിളക്കാണ്.

**രശ്മി വി.എസ്., തിരുവനന്തപുരം**

# സി.എൻ. കരുണാകരനെ ഓർക്കുമ്പോൾ

കവിതപോലെ ഭാവസൗന്ദര്യം നിറയുന്ന നൂറുകണക്കിന് ചിത്രങ്ങളിലൂടെ മലയാള ചിത്രകലാ രംഗത്ത് അനശ്വരമായ ഇടം നേടിയ പ്രമുഖ ചിത്രകാരൻ സി.എൻ. കരുണാകരനെ അനുസ്മരിച്ചത് ഉചിതമായി. ഭാരതീയമൂല്യങ്ങളെയും പാരമ്പര്യത്തെയും ചിത്രകലയിൽ കൃത്യമായി ഉപയോഗപ്പെടുത്തുമ്പോൾത്തന്നെ ആശയാവിഷ്കാരത്തിൽ അദ്ദേഹം ആധുനികമായ സംവേദനവും ചിന്തയും ആ വരകളിൽ നിറഞ്ഞു. മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ നിന്ന് പുറത്തിറങ്ങിയ ഒരു കൂട്ടം ചിത്രകാരന്മാരിൽ തീർത്തും വേറിട്ട വഴിയാണ് സി.എൻ. സ്വീകരിച്ചത്. വരയുടെ ജൈവസംസ്കൃതിയാണ് അദ്ദേഹം ചിത്രങ്ങളിൽ തിരഞ്ഞത്. ആ പുതുമയുള്ള ചിത്രരചനാ രീതി ഉപരിപ്ലവമായ കൊണ്ടാടലുകൾക്കപ്പുറം കേരളം തിരിച്ചറിഞ്ഞുവോയെന്ന് സംശയമാണ്.

**കെ. രമേഷ്, കണ്ണൂർ**

## തിരുത്ത്

ജനുവരി ലക്കം ജനപഥത്തിൽ പേജ് ആറിൽ അടിക്കുറിപ്പിൽ ആസൂത്രണകമ്മിഷൻ എന്നത് ധനകമ്മിഷൻ എന്ന് വായിക്കുവാനപേക്ഷ. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു

**എഡിറ്റർ**

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 1, 2014
പുസ്തകം 2 ലക്കം 12
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**




# ആയിരം ദിനങ്ങളുടെ സൗവർണദീപ്തി

സഫലമായ വികസനപ്രവർത്തനങ്ങളുടെയും ദുർബലവിഭാഗങ്ങൾക്ക് ആലംബമേകുന്ന ക്ഷേമപദ്ധതികളുടെയും മികവോടെ യു.ഡി.എഫ്. സർക്കാർ ആയിരം ദിനങ്ങൾ പൂർത്തിയാക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വികസനവും കരുതലുമെന്ന പ്രഖ്യാപിത മുദ്രാവാക്യത്തെ അന്വർഥമാക്കുന്നതാണ്. ഈ സർക്കാരിന് എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് ഭരണം നടത്തുവാൻ കഴിഞ്ഞു. സാധാരണക്കാരായ ജനങ്ങളുടെ ദുഃഖങ്ങൾക്കും ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകിക്കൊണ്ട് നടത്തിയ ജനസമ്പർക്കപരിപാടി ലോകശ്രദ്ധയാകർഷിച്ചു. യു.എന്നിന്റെ അംഗീകാരം നേടി. വിദേശരാഷ്ട്ര തലവന്മാരുടെ പ്രശംസ നേടി.

വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നീ സ്വപ്ന പദ്ധതികൾ പാരിസ്ഥിതികാനുമതി നേടി അതിവേഗം നിർമാണം തുടങ്ങും. കൊച്ചി മെട്രോയുടെയും സ്മാർട്ട് സിറ്റിയുടെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ഉറച്ച താങ്ങായി മാറാൻപോകുന്ന കൊച്ചി എൽ.എൻ.ജി. ടെർമിനൽ യാഥാർഥ്യമായി. അതേസമയം നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖലയ്ക്കും ഈ സർക്കാർ ഏറെ പ്രാധാന്യം നൽകുന്നു. അതിന് തെളിവാണ് കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്തിനിടയിൽ കൃഷിക്ക് ഏറെ പ്രാധാന്യം കൊടുത്ത പുതിയ ബജറ്റ്. 964 കോടിയാണ് കർഷകർക്ക് ആശ്വാസമേകുന്ന ഒട്ടേറെ പുതിയ പദ്ധതികൾ പ്രഖ്യാപിച്ച് നീക്കിവെച്ചിരിക്കുന്നത്. ബജറ്റിന്റെ ഊന്നൽ കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവേകും. ഭൂമിയുടെയും കൃഷിയുടെയും പ്രാധാന്യം ലോകത്തെ ബോധ്യപ്പെടുത്തുന്നതിനാണ് യു.എൻ. ഈ വർഷം കുടുംബകാർഷിക വർഷമായി ആചരിക്കുന്നത്. ഭൂമിയുടെ ജൈവികത നിലനിർത്തിക്കൊണ്ടുമാത്രമേ മനുഷ്യവംശത്തിന് നിലനിൽപ്പുള്ളു. എല്ലാം കച്ചവടത്തിനാണെന്ന ചിന്ത മാറ്റിവെച്ചുകൊണ്ടുമാത്രമേ കൃഷിയെ സമീപിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ ബജറ്റ് കാർഷികമേഖലയുടെ സമഗ്രമായ വളർച്ച മുന്നിൽകണ്ടുകൊണ്ട് അവതരിപ്പിക്കപ്പെട്ടതാണ്.

ദീർഘവീക്ഷണത്തോടെയുള്ള വികസനപദ്ധതികളും സങ്കൽപ്പങ്ങളുമാണ് ഒരു നാടിനെ ജീവിതയോഗ്യമാക്കിമാറ്റുന്നത്. ഈ ബജറ്റിലൂടെയും ആയിരം ദിനങ്ങളുടെ പൂർത്തീകരണത്തിലൂടെയും ലക്ഷ്യമിടുന്ന നാടിന്റെ സമഗ്രമായ വികസനം സാധ്യമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മിനി ആന്റണി**
ചീഫ് എഡിറ്റർ


കവർസ്റ്റോറി

ഡോ. ബി.എ. പ്രകാശ്

# കാർഷിക കേരളത്തിന് സുരക്ഷാവലയം

**ഉത്പാദനമേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ഊന്നൽ നൽകുന്ന ബജറ്റിൽ കൃഷിയെ ലാഭകരമാക്കാനും കർഷകരെ കൃഷിയിൽ നിലനിർത്തുന്നതിനും ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്**

സംസ്ഥാന സർക്കാർ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം മോശമായ ധനസ്ഥിതിയാണ്. ഇതിന് പല കാരണങ്ങളുമുണ്ട്. കഴിഞ്ഞ രണ്ടു ദശാബ്ദകാലത്ത് ധനസ്ഥിതിയിൽ ചില ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ ധനസ്ഥിതി കാര്യമായി മെച്ചപ്പെട്ടിട്ടില്ല. 2001 ലെയും 2011 ലെയും ധവളപത്രങ്ങൾ സംസ്ഥാനത്തു നിലനിന്നിരുന്ന മോശമായ ധനസ്ഥിതിയെക്കുറിച്ച് വ്യക്തമായ ചിത്രം നൽകുന്നു. നടപ്പു സാമ്പത്തികവർഷം സാമ്പത്തിക മേഖലകളിൽ അനുഭവപ്പെട്ട മാന്ദ്യം സംസ്ഥാന നികുതിവരുമാനത്തിൽ ഗണ്യമായി കുറവു വരുത്താൻ ഇടയാക്കിയിട്ടുണ്ട്. വില്പന നികുതി, വാറ്റ്, എക്സൈസ്, രജിസ്ട്രേഷൻ, മോട്ടോർ വാഹനം തുടങ്ങിയ ഇനങ്ങളിലെ നികുതികളും നികുതിഇതര വരുമാനത്തിലും കുറവുണ്ടായി. മദ്യവില്പനയിൽ നിന്നുള്ള വരുമാനം 12 ശതമാനമായി കുറഞ്ഞു. അതേസമയം ശമ്പളം, പെൻഷൻ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിങ് ഗ്രാന്റ്, പലിശ, സബ്സി



മന്ത്രി കെ.എം. മാണി
ബജറ്റിനുള്ള തയാറെടുപ്പിൽ



ഡികൾ, ഭരണ ചെലവ് എന്നിവയിൽ ഗണ്യമായ വർധനവുണ്ടായി. കെ.എസ്.ആർ.ടി.സിക്ക് പെൻഷൻ നൽകാനുള്ള ധനസഹായവും റേഷനും കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യസാധനങ്ങളും വിതരണം ചെയ്യാനുള്ള സബ്സിഡികളിലും ഗണ്യമായ വർധനവുണ്ടായി. രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 16,000 തസ്തികകളിൽ നിയമനം നടത്തിയത് ചെറുപ്പക്കാർക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭ്യമാക്കിയെങ്കിലും സർക്കാരിന്റെ വാർഷിക ധനബാധ്യത 600 കോടി രൂപയായി വർധിച്ചു. കേന്ദ്രസർക്കാർ നടപ്പിലാക്കിയ 10 ശതമാനം ക്ഷാമബത്ത വർധന സംസ്ഥാന ജീവനക്കാർക്കും നൽകാൻ തീരുമാനിച്ചത് പ്രതിവർഷം 1600 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിച്ചു. നടപ്പുവർഷം സർക്കാരിന്റെ റവന്യൂ വരുമാനവളർച്ച 11 ശതമാനമായിരുന്നപ്പോൾ ചെലവ് 20 ശതമാനത്തോളം വർധിച്ചു. മാത്രമല്ല ശമ്പളവും പെൻഷനും നൽകാൻ സർക്കാർ ഗ്രാന്റിനെ പ്രധാനമായും ആശ്രയിക്കുന്ന സംസ്ഥാനത്തെ സർവകലാശാലകൾ, കെ.എസ്.ആർ.ടി.സി എന്നിവയുടെ ധനസ്ഥിതിയും മോശമായിരുന്നു. ഈ സാഹചര്യത്തിലാണ് ധനമന്ത്രി കെ.എം. മാണി 2014-15 ലെ ബജറ്റ് അവതരിപ്പിച്ചത്. ഈ ബജറ്റ് ഉത്പാദനമേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ധനസ്ഥിതി മെച്ചമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

## യു.ഡി.എഫ്. സർക്കാരിന്റെ വികസന നയങ്ങൾ

കഴിഞ്ഞ രണ്ടു ബജറ്റുകളിൽ ധനമന്ത്രി യു.ഡി.എഫ്. സർക്കാരിന്റെ വികസന നയങ്ങളും തന്ത്രങ്ങളും വിശദീകരിക്കുകയുണ്ടായി. വികസനവും കരുതലുമാണ്

**സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും സാമൂഹിക ക്ഷേമത്തിനും ഊന്നൽ നൽകുന്ന നയസമീപനങ്ങളാണ് കഴിഞ്ഞ രണ്ടു ബജറ്റുകളിൽ ധനമന്ത്രി അവതരിപ്പിച്ച വികസന കാഴ്ചപ്പാട്. ഈ നയസമീപനത്തിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് 2014-15 ലെ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റിൽ ഉത്പാദന മേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ധനസ്ഥിതി മെച്ചമാക്കുന്നതിനുമുള്ള ധാരാളം നിർദേശങ്ങളുണ്ട്**

യു.ഡി.എഫ്. സർക്കാരിന്റെ വികസനമുദ്രാവാക്യങ്ങൾ. 2012-13 ലെ ബജറ്റിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് സപ്തതന്ത്രങ്ങളാണ് പ്രഖ്യാപിച്ചത്. സമസ്തമേഖലകളുടെയും നിലവാരവർധന, അടിസ്ഥാന സൗകര്യവികസനം, തൊഴിൽ വൈദഗ്ധ്യവികസനം, തൊഴിൽ സംരംഭകത്വ വികസനം, നൂതന സാങ്കേതികവിദ്യയുടെ സ്വാംശീകരണം, മൂലധനനിക്ഷേപ വർധന, പൊതു സ്വകാര്യപങ്കാളിത്തം എന്നിവയാണ് അവ. 2013-14 ലെ ബജറ്റിൽ എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും ആരോഗ്യം എല്ലാവർക്കും ജീവിതഭദ്രത എന്നിവ കൈവരിക്കാനുതകുന്ന സംസ്ഥാന പതാകനൗക പരിപാടികൾ അദ്ദേഹം മുന്നോട്ടുവെച്ചു. പദ്ധതി നിർവഹണകാര്യക്ഷമതയും വേഗവും വർധിപ്പിക്കൽ, കർഷകരക്ഷാ പരിപാടികൾ, തൃപ്തി ന്യായവില ഭക്ഷണശാലകൾ, സുസ്ഥിര തൊഴിൽ വികസന പദ്ധതി, അടിസ്ഥാന സൗകര്യവികസനം, സൗരോർജ ഉത്പാദനം, മഴവെള്ള സംഭരണം, സാമൂഹികക്ഷേമ പരിപാടികൾ, സ്ത്രീ ശാക്തീകരണവും ക്ഷേമവും, വരൾച്ച പ്രതിരോധ പദ്ധതി, സമഗ്ര ആരോഗ്യപദ്ധതി, മറ്റു സവിശേഷ പദ്ധതികൾ എന്നിവ ഉൾപ്പെട്ടതാണ്. ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും സാമൂഹികക്ഷേമത്തിനും ഊന്നൽ നൽകുന്ന നയസമീപനങ്ങളാണ് കഴിഞ്ഞ രണ്ടു ബജറ്റുകളിൽ ധനമന്ത്രി അവതരിപ്പിച്ച വികസന കാഴ്ചപ്പാട്. ഈ നയസമീപനത്തിന്റെ തുടർച്ചയെന്ന നില

യ്ക്കാണ് 2014-15 ലെ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റിൽ ഉത്പാദന മേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ധനസ്ഥിതി മെച്ചമാക്കുന്നതിനുമുള്ള നിർദേശങ്ങൾ പരിശോധിക്കാം.

## കാർഷികമേഖല

കാർഷികവികസനത്തിനുവേണ്ടിയുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണയ അവകാശവും ഉറപ്പുവരുത്തുന്ന ഇൻഷുറൻസ് പദ്ധതി. ഇതിനായി ഇൻഷുറൻസ് കമ്പനികൾ വഴി 25 പ്രധാനവിളകളെ ഇൻഷ്വർ ചെയ്യുന്നതാണ്. ഇൻഷുറൻസ് പ്രീമിയത്തിന്റെ 90 ശതമാനം സർക്കാരും 10 ശതമാനം ഗുണഭോക്താക്കളും വഹിക്കും.
2. രണ്ടു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്കു വേണ്ട ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. ഇതിന്റെ പ്രീമിയം തുകയുടെ 50 ശതമാനം സർക്കാർ വഹിക്കും.
3. കർഷകർക്കുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും എളുപ്പത്തിൽ ലഭ്യമാക്കാൻ വേണ്ടിയുള്ള അഗ്രികാർഡ് നൽകും. രജിസ്ട്രേഷൻ പൂർത്തീകരിച്ച 18.77 ലക്ഷം കർഷകർക്കും അഗ്രികാർഡ് നൽകും.
4. കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപപ്പെടുത്തുന്നതാണ്. ഇതിന് ഹൈടെക് കൃഷിരീതികളിൽ പരിശീലനം നൽകും. പരിശീലനം ലഭിക്കുന്ന കർഷകർക്ക് ഹൈടെക് കൃഷി ഏറ്റെടുക്കുന്നതിന് പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ അഞ്ചു ലക്ഷം രൂപ വരെ പലിശരഹിത വായ്പയും ധനകാര്യസ്ഥാപനങ്ങൾ വഴി നൽകും.
5. കാർഷികോത്പന്ന വിപണന സംഘങ്ങൾക്ക് അഞ്ചു ലക്ഷം രൂപവരെ പലിശരഹിതവായ്പ നൽകും.
6. ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു. ഇതിനായി സഹകരണബാങ്കുകളിൽ നിന്നോ, വാണിജ്യ ബാങ്കുകളിൽ നിന്നോ എടുത്തിട്ടുള്ള കാർഷിക കടബാധ്യതയുടെ (50,000 രൂപ വരെ) പകുതി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്നു.
7. ചെറുകിട ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുന്നു.
8. മഴവെള്ള സംഭരണത്തിന് പ്രത്യേകസഹായം അംഗീകരിക്കപ്പെട്ട മഴവെള്ള സംഭരണ പ്രോജക്ടുകൾക്ക് 50 ശതമാനം സാമ്പത്തികസഹായം നൽകുന്നു.
9. കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നൂതന ആശയങ്ങൾ സംഭാവന ചെയ്യുന്ന വ്യവസായ സംരംഭകർക്ക് അവാർഡുകൾ.
10. കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിങ് ഗ്രാന്റ്
11. അത്യുത്പാദന ശേഷിയുള്ള വിത്ത്/ തൈ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും.
12. കൃഷിയും മൃഗസംരക്ഷണവും ഫിഷറീസും സംയോജിപ്പിച്ച് ഒരു സെന്റ് കൃഷി ഭൂമിയിൽ നിന്ന് രണ്ടു ലക്ഷം രൂപ വരെ വാർഷിക ലാഭം നേടാവുന്ന വെർട്ടിക്കൽ ഫാമിങ്ങിന് സബ്സിഡി നൽകുന്നതാണ്.
13. ന്യായവില നൽകി കാർഷിക ഉത്പന്നങ്ങൾ സംഭരിക്കാൻ സംവിധാനം സൃഷ്ടിക്കും.
14. വന്യമൃഗശല്യ ദൂരീകരണത്തിന് വനം വകുപ്പിന്റെയും പഞ്ചായത്തിലെയും കർമസമിതികളുടെ സംയുക്താഭിമുഖ്യത്തിൽ പദ്ധതികൾ നടപ്പിലാക്കും.

കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്ക് 964 കോടിയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ബജറ്റുകളുടെ ചരിത്രത്തിൽ കൃഷിക്ക് ഇത്രയധികം പ്രാധാന്യം നൽകുന്ന മറ്റൊരു ബജറ്റ് ഉണ്ടോയെന്ന് സംശയമാണ്. ഈ ബജറ്റ് നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞാൽ കാർഷിക മേഖലയിലെ ഉത്പാദനത്തിൽ വൻ വർധനയുണ്ടാക്കാൻ ഇടയാകും.

കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്ക് 964 കോടിയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ബജറ്റുകളുടെ ചരിത്രത്തിൽ കൃഷിക്ക് ഇത്രയധികം പ്രാധാന്യം നൽകുന്ന മറ്റൊരു ബജറ്റ് ഉണ്ടോയെന്ന് സംശയമാണ്. ഈ ബജറ്റ് നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞാൽ കാർഷിക മേഖലയിലെ ഉത്പാദനത്തിൽ വൻ വർധനയുണ്ടാക്കാൻ ഇടയാകും.



## ശുദ്ധജലം, ഊർജം

ശുദ്ധജലവിതരണത്തിനും മാലിന്യനിവാരണത്തിനുമായി 774 കോടി രൂപ ഈ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. പുതുതായി തുടങ്ങുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് 60 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്തെയും കൊച്ചിയിലെയും ജലവിതരണം മെച്ചപ്പെടുത്തുന്നതിന് നാലു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളവിതരണത്തിനും തുക നീക്കിവെച്ചിട്ടുണ്ട്.

ഊർജമേഖലയിൽ അടുത്ത സാമ്പത്തികവർഷം 1370 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ജലവൈദ്യുത പദ്ധതികൾക്ക് 215 കോടിയും സൗരോർജ പദ്ധതി

കൾക്ക് 10 കോടിയും വാതകാധിഷ്ഠിത പദ്ധതികൾക്ക് രണ്ടു കോടിയും കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ അഞ്ചു കോടിയും അനുവദിച്ചിട്ടുണ്ട്. 22 പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും പൂർത്തിയാക്കാൻ 240 കോടിരൂപയും മറ്റു വിതരണ പ്രവർത്തനങ്ങൾക്ക് 317 കോടിയും നീക്കിവെച്ചിട്ടുണ്ട്.



## വ്യവസായം, വിവരസാങ്കേതികവിദ്യ

പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ, ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായമേഖലയ്ക്ക് ബജറ്റിൽ 639 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഗ്രാമീണ ചെറുകിടവ്യവസായങ്ങൾ, പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും വികസനവും പ്രധാന ലക്ഷ്യമാണ്. പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ പ്രാരംഭസഹായമായി ഒരു പ്രോജക്ടിന് പരമാവധി അഞ്ചു ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മറ്റു സഹായങ്ങൾ ലഭിക്കാത്ത വ്യവസായ യൂണിറ്റുകൾക്ക് ഒരു തൊഴിൽ സ്ലോട്ടിന് 10,000 രൂപ വീതം സബ്സിഡി നൽകുന്നതാണ്. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കും. സ്പിന്നിങ് മില്ലുകളിൽ ആധുനികവത്കരണം നടത്തും. കശുവണ്ടിമേഖലയിൽ കൂടുതൽ തൊഴിൽ സൃഷ്ടിക്കാൻ കശുവണ്ടി വികസന കോർപറേഷന് 28 കോടി ധനസഹായം നൽകും. കിൻഫ്ര ഏറ്റെടുത്തു നടത്തുന്ന വിവിധ പ്രോജക്ടുകൾക്ക് 149 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കയർ വ്യവസായമേഖലയുടെ സമഗ്ര വികസനത്തിന് 117 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.



വിവരസാങ്കേതിക മേഖലയുടെ വികസനത്തിന് 313 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2014-15 ൽ 40 വകുപ്പുകളിൽ 600 ലേറെ സേവനങ്ങൾ ഇ-ഗവേണൻസ് വഴി നടപ്പാക്കും. ടെക്നോപാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലമേറ്റെടുക്കലിനും 134 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധ സേവനങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർ, അധ്യാപകർ, കർഷകർ, വിദ്യാർഥികൾ, തൊഴിലാളികൾ എന്നിവർക്കുള്ള വിവിധ സേവനങ്ങൾ ഓൺലൈൻ ആയി നൽകാൻ നടപടികൾ സ്വീകരിക്കും. യുവജനങ്ങളിൽ സംരംഭകത്വം വളർത്താനായി 'സംരംഭകത്വവികസന ക്യാമ്പുകൾ', ട്രെയ്നിങ് ക്യാമ്പുകൾ, അവധിക്കാല നേതൃപാടവ പരിശീലന ക്യാംപുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്.



## സാമൂഹികക്ഷേമം

സംസ്ഥാനത്ത് നിലവിലുള്ള എല്ലാ സാമൂഹിക സുരക്ഷാ പെൻഷനുകളും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും വർധിപ്പിച്ചു. കർഷകത്തൊഴിലാളി, ചെറുകിട നാമമാത്ര കർഷകർ, വൃദ്ധർ എന്നീ വിഭാഗങ്ങൾക്കുള്ള പ്രതിമാസ പെൻഷൻ 500 രൂപയിൽ നിന്നും 600 രൂപയായി വർധിപ്പിച്ചു. അഗതി, വികലാംഗ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 700 രൂപയിൽ നിന്ന് 800 രൂപയായി വർധിപ്പിച്ചു. 80 ശതമാനത്തിനുമേൽ വൈകല്യമുള്ളവരുടെ പ്രതിമാസ പെൻഷൻ 1000 രൂപയിൽ നിന്ന് 1100 രൂപയായും 80 വയസ്സുകഴിഞ്ഞവർക്കുള്ള വാർധക്യകാല പെൻഷൻ 1100

രൂപയിൽ നിന്ന് 1200 രൂപയായും വർധിപ്പിച്ചു. ഇതിനുപുറമെ ക്ഷയ രോഗികൾ, കുഷ്ഠരോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള പ്രതിമാസ ധനസഹായം 800 രൂപയിൽ നിന്ന് 1000 രൂപയായി വർധിപ്പിച്ചു. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് 700 ൽ നിന്നും 800 ആക്കി വർധിപ്പിച്ചു. നിയമസഭയിൽ ബജറ്റ് ചർച്ചയ്ക്ക് മറുപടിപറയുമ്പോൾ ധനമന്ത്രി കെ.എം. മാണി എല്ലാ പ്രതിമാസ ക്ഷേമപെൻഷനുകളുടെ തുക 100 രൂപ കൂടി വർധിപ്പിച്ചു. ഈ പെൻഷൻ വർധനയുടെ ഗുണഫലം സംസ്ഥാനത്തെ ഏതാണ്ട് 12 ലക്ഷത്തിൽ അധികം ഗുണഭോക്താക്കൾക്ക് ലഭിക്കും.

### അധിക വിഭവസമാഹരണം

സർക്കാരിന്റെ ഭരണ ചെലവ്, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, 10 ശതമാനം ക്ഷാമബത്ത വർധന തുടങ്ങിയവമൂലം ഉണ്ടായ അധിക ചെലവിനുവേണ്ടി വിഭവസമാഹരണത്തിന് നിർദേശങ്ങൾ ബജറ്റിലുണ്ട്. പ്രധാന നികുതി നിർദേശങ്ങൾ താഴെപ്പറയുന്നവയാണ്. ചെറിയ കെട്ടിടങ്ങളെ ഒഴിവാക്കി പുതിയ കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി ഇരട്ടിയാക്കി. ഭൂമിയുടെ ന്യായവില കൂട്ടാൻ തീരുമാനിച്ചു. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി ആറു ശതമാനമാക്കി. വിദേശമദ്യത്തിന്റെ നികുതി 10 ശതമാനമാക്കി. വിവിധയിനം മോട്ടോർ വാഹനങ്ങളുടെ വാങ്ങൽ വിലയുടെ ഏഴു ശതമാനം മുതൽ 33 ശതമാനം വരെ ഒറ്റത്തവണ നികുതി ഏർപ്പെടുത്തി. ഒരു ലക്ഷത്തിനു താഴെ വിലയുള്ള മോട്ടോർ സൈക്കിളിന്റെ വാങ്ങൽ വിലയുടെ ഏഴു ശതമാനവും ഇറക്കുമതി ചെയ്തതിന് 13 ശതമാനവും നികുതിയും ഏർപ്പെടുത്തി. അഞ്ചു ലക്ഷം രൂപ വരെ വിലയുള്ള കാറുകൾക്ക് ഏഴുശതമാനവും ഇറക്കുമതി ചെയ്തതിന് 13 ശതമാനവുമാക്കി. ഇറക്കുമതി ചെയ്ത 15 ലക്ഷത്തിനു മുകളിലുള്ള കാറുകൾക്ക് 33 ശതമാനമാണ് പുതിയ നികുതി. മറ്റു പ്രധാന നികുതികൾ താഴെപ്പറയുന്നവയാണ്: ഒരു കോടി രൂപയിലേറെ വിറ്റുവരവുള്ള തുണിക്കടയിലെ തുണിത്തരങ്ങൾക്ക് രണ്ടു ശതമാനം വിറ്റുവരവ് നികുതി ഏർപ്പെടുത്തി. സഹകരണ ബാങ്കുകളിലെ പ്രതിമാസ നിക്ഷേപത്തിന്റെ ഭാഗമായ എല്ലാ ഉടമ്പടികൾക്കും ആൾ ഒന്നിന് 100 രൂപ മുദ്രപത്രം ബാധകമാക്കി. വെളിച്ചെണ്ണയും തവിടെണ്ണയും ഒഴികെ എല്ലാ ഭക്ഷ്യ എണ്ണകൾക്കും നികുതി ഒരു ശതമാനത്തിൽ നിന്ന് അഞ്ചാക്കി. സർവീസ് അപ്പാർട്ടുമെന്റുകൾക്ക് 12.5 ശതമാനം നികുതി ഏർപ്പെടുത്തി. മെറ്റൽ, മണൽ എന്നിവ ഉത്പാദിപ്പിക്കുന്ന കർഷകരുടെ നികുതിനിരക്ക് അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ വർധിപ്പിച്ചു. പാറപ്പൊടിക്കും നികുതി ഏർപ്പെടുത്തി.

**പലനിലയ്ക്കും ശ്രദ്ധേയമായ ബജറ്റാണിത്. ഉത്പാദനമേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ധനസ്ഥിതി മെച്ചമാക്കുന്നതിനും ഊന്നൽ നൽകുന്ന ഒരു ബജറ്റാണ്. കൃഷിയെ ആധുനികവത്കരിച്ചുകൊണ്ട് കാർഷികവികസനം നേടാനുള്ള നിർദേശങ്ങളാണ് ബജറ്റിലുള്ളത്. കൃഷി ലാഭകരമാക്കാനും കർഷകരെ കൃഷിയിൽ നിലനിർത്തുന്നതിനും സഹായകരമായ ഒട്ടേറെ നിർദേശങ്ങൾ ബജറ്റിലുണ്ട്.**



എല്ലാത്തരം യു.പി.എസ്സുകളുടെയും ഇൻവർട്ടറുകളുടെയും നികുതി 14.5 ശതമാനമാക്കി. എന്നാൽ പാചകവാതകം, മൈദ, ഗോതമ്പ്, ഉഴുന്നുപൊടി, പേപ്പർ കവറുകൾ, റബർ, സ്പ്രേ ഓയിൽ, ഹോട്ടലുകളിലെ ഓഫ് സീസൺ ബിസിനസ്, വെളിച്ചെണ്ണയിലുണ്ടാക്കിയ സോപ്പുകൾ, എൽ.ഇ.ഡി. ലാമ്പ്, മധുര പലഹാരങ്ങൾ എന്നിവയുടെ നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്.

ഈ നികുതി നിർദേശങ്ങളും മറ്റും വഴി 1156 കോടി രൂപയുടെ അധിക വിഭവസമാഹരണമാണ് ബജറ്റ് ലക്ഷ്യമിടുന്നത്. എന്നാൽ ഈ തുക സർക്കാർ അടുത്തകാലത്ത് പ്രഖ്യാപിച്ച 10 ശതമാനം ക്ഷാമബത്ത വർധനവുമൂലമുണ്ടാക്കുന്ന അധിക ചെലവ് നിറവേറ്റാൻ മാത്രമേ തികയുകയുള്ളൂ. സർക്കാർ പ്രഖ്യാപിച്ച 10 ശതമാനം ക്ഷാമബത്ത വർധനയുടെ പ്രതിവർഷ സാമ്പത്തികബാധ്യത 1600 കോടി രൂപയാണ്.

പലനിലയ്ക്കും ശ്രദ്ധേയമായ ബജറ്റാണിത്. ഉത്പാദനമേഖലകളുടെ വികസനത്തിനും സാമൂഹികക്ഷേമത്തിനും ധനസ്ഥിതി മെച്ചമാക്കുന്നതിനും ഊന്നൽ നൽകുന്ന ഒരു ബജറ്റാണ്. കൃഷിയെ ആധുനികവത്കരിച്ചുകൊണ്ട് കാർഷികവികസനം നേടാനുള്ള നിർദേശങ്ങളാണ് ബജറ്റിലുള്ളത്. കൃഷി ലാഭകരമാക്കാനും കർഷകരെ കൃഷിയിൽ നിലനിർത്തുന്നതിനും സഹായകരമായ ഒട്ടേറെ നിർദേശങ്ങൾ ബജറ്റിലുണ്ട്. കഴിഞ്ഞ രണ്ടു ദശാബ്ദകാലത്ത് സംസ്ഥാനത്ത് അവതരിപ്പിച്ച ബജറ്റുകളിൽ കൃഷിക്ക് ഇത്രയും പ്രാധാന്യം നൽകിയ ബജറ്റ് വേറെയില്ല. അടിസ്ഥാന ഘടകങ്ങളായ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ വികസനത്തിനും വേണ്ട പരിഗണന ബജറ്റ് നൽകിയിട്ടുണ്ട്. വ്യവസായ വികസനത്തിന് പ്രത്യേകിച്ച് ചെറുകിട വ്യവസായത്തിനും വിവരസാങ്കേതികവിദ്യയ്ക്കും ഈ ബജറ്റ് പ്രാധാന്യം നൽകുന്നു. ഐടി മേഖലയുടെ ദ്രുതഗതിയിലുള്ള വികസനത്തിന് സഹായകരമായ പല നിർദേശങ്ങളുമുണ്ട്. സാമൂഹിക പെൻഷനുകൾ ഏതാണ്ട് 200 രൂപ വർധിപ്പിച്ചിട്ടുണ്ട്. ദരിദ്രജനവിഭാഗങ്ങൾക്ക് ഗണ്യമായ ആശ്വാസം നൽകുന്ന ഒരു നടപടിയാണിത്. നികുതി ചുമത്താൻ കൂടുതൽ സാധ്യതയുള്ള മേഖലകളിലാണ് പുതിയ നികുതികൾ നിർദേശിച്ചിട്ടുള്ളത്. നികുതി നിക്ഷേപത്തിലൂടെയുള്ള അധികവരുമാനം സർക്കാരിന്റെ ധനസ്ഥിതി ഒരു പരിധി വരെ മെച്ചമാക്കാൻ സഹായിക്കും. എന്നാൽ പ്രധാന ചെലവിനങ്ങളായ ശമ്പളം, പെൻഷൻ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിങ് ഗ്രാന്റ്, പലിശ, സബ്സിഡികൾ, മറ്റു ഭരണ ചെലവുകൾ എന്നിവ കുറയ്ക്കാനുള്ള നിർദേശങ്ങൾ ഇല്ലാത്തത് ഈ ബജറ്റിന്റെ പ്രധാന ന്യൂനതയാണ്. ■

*(കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ അധ്യക്ഷനാണ് ലേഖകൻ)*

■ **എ.പി. അനിൽകുമാർ**
പട്ടികജാതി വികസനമന്ത്രി

# സാമൂഹിക മുന്നേറ്റത്തിന് സ്വപ്ന പദ്ധതികൾ

പട്ടികജാതിവികസന വകുപ്പുവഴി നടപ്പാക്കുന്ന ക്ഷേമ-വികസന പദ്ധതികൾ എന്നെ സംബന്ധിച്ചടത്തോളം സാമൂഹിക പരിവർത്തനപ്രവർത്തനങ്ങളുടെ ഭാഗം തന്നെയാണ്. അതുകൊണ്ടുതന്നെ, വകുപ്പു നടപ്പാക്കുന്ന പദ്ധതികൾ പരമാവധി പ്രായോഗിക സമീപനത്തിലൂന്നിയതും ലഭ്യവിഭാഗങ്ങൾക്ക് ലക്ഷ്യമാക്കുന്ന നേട്ടം കൈവരിക്കാൻ സഹായകമാകുന്നതുമാകണമെന്ന നിർബന്ധമുണ്ട്. കഴിഞ്ഞ നാലുപതിറ്റാണ്ടിലധികമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒട്ടേറെ പദ്ധതികൾ പട്ടികവിഭാഗങ്ങൾക്കായി നടപ്പാക്കുകയും കോടിക്കണക്കിന് രൂപ അതിലേക്ക് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പലപ്പോഴും ഇതിന്റെ നേട്ടങ്ങൾ പൂർണമായും ലക്ഷ്യവിഭാഗങ്ങളിലെത്തുന്നില്ലെന്ന പരാതി വ്യാപകമാണ്. ഈ അവസ്ഥയ്ക്ക് തെല്ലെങ്കിലും മാറ്റമുണ്ടാക്കാനായാൽ അത് വലിയ നേട്ടം തന്നെയാണ്. അതുകൊണ്ടുതന്നെ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളെ, കർശന നിബന്ധനകളുടെ നൂലാമാലകളിൽ കുരുക്കാതെ പരമാവധി പ്രായോഗിക സമീപനം സ്വീകരിക്കുന്നതിന് മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകിവരുന്നത്. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ പട്ടികജാതിവികസന വകുപ്പിനു കീഴിൽ തിളക്കമാർന്ന ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാനായത് ഈ സമീപനം കൊണ്ടുമാത്രമാണ്. അവയിൽ ചിലവ മാത്രമാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

സംസ്ഥാന പട്ടികജാതിവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഇക്കഴിഞ്ഞ ജനുവരി 14 ന് പാലക്കാട്ട് അതിന്റെ ശിലാസ്ഥാപനം നടത്തിക്കഴിഞ്ഞു. ഇവിടെ, രാജ്യ ചരിത്രത്തിൽ ഒരു നൂതന അധ്യായത്തിനുകൂടിയാണ് തുടക്കം കുറിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ, പട്ടികജാതി വികസനവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഇത്തരത്തിൽ ഒരു സ്വപ്നം മനസ്സിൽ കടന്നുകൂടിയത്. ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹികനീതി പട്ടികജാതി-പിന്നാക്ക സമുദായങ്ങൾക്ക് അനുഭവവേദ്യമാകുന്നതിന്, ഈ വിഭാഗങ്ങൾക്ക് സമൂഹത്തിൽ മാന്യമായ പദവികൾ കരഗതമാകേണ്ടതുണ്ട്. ആ ദിശയിലുള്ള പ്രയാണത്തിന് ഊർജം പകരുന്നത് തീർച്ചയായും വിദ്യഭ്യാസം തന്നെയാണ്. നൂറ്റാണ്ടുകളോളം തിരസ്കൃത സമൂഹങ്ങളായി കഴിഞ്ഞിരുന്ന പട്ടികജാതി പിന്നാക്ക സമുദായങ്ങളുടെ മോചനമന്ത്രമാണ് വിദ്യാഭ്യാസം. മെച്ചപ്പെട്ട വിദ്യാഭ്യാസം സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിന് സഹായകമാകും. ഈ കാഴ്ചപ്പാടാണ് പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളും അവസരങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിലേക്ക് ഈ സർക്കാരിനെ നയിച്ചത്. അതിന്റെ മഹത്തായ സാക്ഷാത്കാരങ്ങളിലൊന്നാകും നിർദിഷ്ട





**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ്-സ്കോളർഷിപ്പ് വിതരണം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു**

മെഡിക്കൽ കോളേജ് എന്ന് വിശ്വസിക്കുന്നു.

ഏറെ പ്രതികൂല സാഹചര്യങ്ങളുമായി പൊരുതിയാണ് പട്ടികവിഭാഗം വിദ്യാർഥികൾ പലപ്പോഴും പ്രവേശന പരീക്ഷയെന്ന കടമ്പ കടന്ന് പ്രൊഫഷണൽ കോഴ്സുകൾക്ക്, പ്രത്യേകിച്ച് മെഡിക്കൽ പ്രവേശനത്തിന് അർഹത നേടുന്നത്. ഈ നിലയിൽ അർഹത തെളിയിച്ചു കഴിഞ്ഞാലും അർഹരായവരിൽ 25 ശതമാനത്തിനു പോലും പ്രവേശനം ലഭിക്കാറില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലെ സംവരണ സീറ്റുകളിലും സ്വാശ്രയ കോളേജുകളിലെ നാമമാത്ര സീറ്റുകളാണ് പട്ടികവിഭാഗത്തിന് ലഭിച്ചുവരുന്നത്. സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾ പട്ടികവിഭാഗം വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ബാലികേറാമലകളാണ്. പട്ടികവിഭാഗത്തിന്റെ ഉടമസ്ഥതയിൽ ഒരു സ്വാശ്രയ മെഡിക്കൽകോളേജ് എന്നത് വിദൂര സ്വപ്നത്തിൽ പോലുമില്ലാത്ത യാഥാർഥ്യവും. ഇവിടെയാണ് പട്ടികജാതി വകുപ്പിനു കീഴിൽ ഒരു മെഡിക്കൽ കോളേജ് എന്ന ആശയത്തിന് പ്രസക്തി കൈവരുന്നത്. പ്രവേശനത്തിന് പട്ടികജാതി വിഭാഗങ്ങൾക്ക് മുൻതൂക്കം, പിന്നാക്ക സംവരണേതര സമുദായങ്ങൾക്കും അർഹമായ പരിഗണന. ഇത്തരമൊരു ചിന്തയിൽ നിന്നുദയം ചെയ്ത ആശയത്തിനാണ് ഇപ്പോൾ പട്ടികജാതിക്കാർ ഏറെയുള്ള പാലക്കാട് സാക്ഷാത്ക്കാരത്തിന് തുടക്കം കുറിച്ചത്. പാലക്കാട്ടെ, പാവപ്പെട്ട രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാനുള്ള അവസരം കൂടിയാണ് ഇവിടെ പ്രാവർത്തികമാകുന്നത്.

2014 ൽ പ്രാഥമിക ഘട്ടം പൂർത്തിയാക്കി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുകയാണ് ലക്ഷ്യം. തുടക്കത്തിൽ ജില്ലാ ആശുപത്രി മെഡിക്കൽ കോളേജിന്റെ ആശുപത്രി വിഭാഗമായി പ്രയോജനപ്പെടുത്താനാണ് തീരുമാനം. ഘട്ടം ഘട്ടമായി വിദഗ്ധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടെ മികച്ച ആശുപത്രിയും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും മറ്റ് അനുബന്ധ സൗകര്യങ്ങളുമേർപ്പെടുത്തും. ഇതിലേക്ക് ആവശ്യമായ ഫണ്ടിന്റെ വിഹിതം കേന്ദ്രത്തിൽ നിന്നും മറ്റും കണ്ടെത്തുവാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. അനുകൂലമായ പ്രതികരണങ്ങളാണ് എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്നത് പ്രചോദനമാവുന്നു.

പട്ടികജാതി വികസനവകുപ്പിന്റെ ചുമതല രണ്ടാമതും ഏറ്റെടുക്കേണ്ടിവന്നപ്പോൾ, വിദ്യാർഥികൾക്കും യുവാക്കൾക്കും കഴിയുന്നിടത്തോളം സഹായകമായ പദ്ധതികൾക്ക് രൂപം നൽകുന്നതിനായിരുന്നു പ്രഥമ പരിഗണന. സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി എന്നിവയിൽ 120 ശതമാനം വരെ വർധന വരുത്തി. പത്താംതരത്തിൽ ബി പ്ലസ്സിനും അതിനുമേലും ഗ്രേഡു വാങ്ങി വിജയിച്ച പട്ടികജാതി വിദ്യാർഥികൾക്കായി സൗജന്യ ലാപ്ടോപ് വിതരണ പദ്ധതിക്ക് രൂപം നൽകി. ഹോസ്റ്റലുകളിൽ ലൈബ്രറി, കളർ ടെലിവിഷൻ, കംപ്യൂട്ടർ പരിശീലനം തുടങ്ങിയവ ഏർപ്പെടുത്തി. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്കായുള്ള ഹോസ്റ്റൽ ഫീസ് 1300 രൂപയിൽ നിന്ന് 2000 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വിദ്യാർഥികൾക്ക് 1500ൽ നിന്ന് 2300 രൂപയായും ഉയർത്തി. ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 1.22 കോടി രൂപ അധികമായി വകയിരുത്തി. ഒൻപത്, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കായി കേന്ദ്രസഹായത്തോടെ പ്രത്യേക, പ്രതിമാസ സ്കോളർഷിപ്പും, വാർഷിക പുസ്തക ഗ്രാന്റും അനുവദിച്ചു. ഹോസ്റ്റൽ വിദ്യാർഥികൾക്ക് പ്രതിമാസം 350 രൂപ നിരക്കിലും മറ്റു വിദ്യാർഥികൾക്ക് 150 രൂപ നിരക്കിലും ഇത് ലഭിക്കും. വാർഷിക പുസ്തക ഗ്രാന്റായി ഹോസ്റ്റൽ വിദ്യാർഥികൾക്ക് 1000 രൂപയും മറ്റുള്ളവർക്ക് 750 രൂപയും ഏർപ്പെടുത്തി. മൂന്നു വർഷത്തിലൊരിക്കലാണ് ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർധിപ്പിക്കാൻ വ്യവസ്ഥയുള്ളതെങ്കിലും കഴിഞ്ഞ വർഷം വരുത്തിയ വർധന അപര്യാപ്തമാണെന്ന ബോധ്യത്താൽ അത് പുനപരിശോധിച്ചുവരികയാണ്.

പ്രവേശനത്തിന് പട്ടികജാതി വിഭാഗങ്ങൾക്ക് മുൻതൂക്കം, പിന്നാക്ക സംവരണേതര സമുദായങ്ങൾക്കും അർഹമായ പരിഗണന. ഇത്തരമൊരു ചിന്തയിൽ നിന്നുദയം ചെയ്ത ആശയത്തിനാണ് ഇപ്പോൾ പട്ടികജാതിക്കാർ ഏറെയുള്ള പാലക്കാട് സാക്ഷാത്ക്കാരത്തിന് തുടക്കം കുറിച്ചത്. പാലക്കാട്ടെ, പാവപെട്ട രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാനുള്ള അവസരം കൂടിയാണ് ഇവിടെ പ്രാവർത്തികമാകുന്നത്

## വിദ്യാഭ്യാസ മുന്നേറ്റത്തിന് പദ്ധതികൾ

പട്ടികജാതി വിദ്യാർഥികൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ

ഒരു കമ്മ്യൂണിറ്റി കോളേജ് സ്ഥാപിച്ചതും വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച മറ്റൊരു നേട്ടമാണ്.

വിദ്യാർഥികൾക്കും യുവാക്കൾക്കുമായി പട്ടികജാതി ഗ്രാമങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തിയ വിജ്ഞാൻവാടി പദ്ധതി ഇപ്പോൾ വ്യാപകമാക്കിവരുന്നു. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കംപ്യൂട്ടർ, ലൈബ്രറി, വായനമുറി എന്നിവ ഉൾപ്പെടുന്ന പദ്ധതിയാണ് വിജ്ഞാൻവാടി. ആനുകാലിക വിജ്ഞാന സമ്പാദനത്തോടൊപ്പം തൊഴിലന്വേഷകർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനും വിജ്ഞാൻവാടി സഹായകമായിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഇത് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

## ഭൂമിയും വീടും ആദ്യപരിഗണന

വിദ്യാഭ്യാസം, പട്ടികവിഭാഗങ്ങളുടെ മുഖ്യധാരയിലേക്കുള്ള പ്രയാണത്തിന്റെ ഫലപ്രദമായ ഭാവി നിക്ഷേപമാണെങ്കിലും ഈ വിഭാഗങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കാണാതെയും അവ ഫലപ്രദമായി അഭിമുഖീകരിക്കാതെയും സർക്കാരിന് മുന്നോട്ടു പോകാനാകില്ല. പട്ടികവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് അതിൽ പ്രധാനം. ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകാനുള്ള പദ്ധതിയാണ്. ഇവിടെ പ്രഥമ പരിഗണന അർഹിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടുവെയ്ക്കുന്നതിനുള്ള ഭൂമി വാങ്ങാനായി വകുപ്പുതലത്തിൽ നൽകിവരുന്ന ധനസഹായം തികച്ചും അപര്യാപ്തമായിരുന്നു. പഞ്ചായത്ത് തലത്തിൽ 75000 രൂപയും മുനിസിപ്പാലിറ്റിയിൽ 90000 രൂപയും കോർപറേഷനുകളിൽ ഒരു ലക്ഷം രൂപയുമാണ് നൽകിവന്നിരുന്നത്. ഈ തുക ഉപയോഗിച്ച് കുറഞ്ഞത് മൂന്നു സെന്റ് ഭൂമി

> വീടുവെക്കാനുള്ള ധനസഹായം ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കി ഉയർത്തിക്കൊണ്ട് ഈ സർക്കാർ പ്രായോഗിക സമീപനം കൈക്കൊണ്ടു. ഗുണഭോക്താക്കളുടെ എണ്ണം ഉയർത്തിക്കാട്ടുന്നതിനല്ല, ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് നിർദിഷ്ട പ്രയോജനം ലഭ്യമാക്കുകയെന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകിയത്

വാങ്ങണമെന്നാണ് വ്യവസ്ഥ. കേരളത്തിലെ ജനസാന്ദ്രതയും ഭൂദൗർലഭ്യവും മൂലം ഭൂമി വിലയിലുണ്ടായ ക്രമാതീതമായ വർധന കാരണം ഈ തുക തികച്ചും അപര്യാപ്തമാണെന്നു പറയേണ്ടതില്ല. ഇത് ഗണ്യമായി വർധിപ്പിച്ചത് ഈ സാഹചര്യത്തിലാണ്. ഈ വർധനയിലൂടെ യഥാക്രമം 1.5 ലക്ഷം, രണ്ട് ലക്ഷം, മൂന്ന് ലക്ഷം എന്ന ക്രമത്തിൽ നൽകാൻ ഉത്തരവ് നൽകി. വീടുവെക്കാനുള്ള ധനസഹായം ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കി ഉയർത്തിക്കൊണ്ട് ഈ സർക്കാർ പ്രായോഗിക സമീപനം കൈക്കൊണ്ടു. ഗുണഭോക്താക്കളുടെ എണ്ണം ഉയർത്തിക്കാട്ടുന്നതിനല്ല, ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് നിർദിഷ്ട പ്രയോജനം ലഭ്യമാക്കുകയെന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകിയത്. ഭവന നിർമാണത്തിനുള്ള ധനസഹായത്തിൽ വരുത്തിയ 100 ശതമാനം വർധനയും അപര്യാപ്തമാണെന്ന വസ്തുത സർക്കാർ വീണ്ടും പരിഗണിച്ചുവരുന്നു.

പാവപ്പെട്ട പട്ടികജാതിക്കാർക്ക് നൽകിവരുന്ന ചികിത്സാധനസഹായം, വിവാഹധനസഹായം, മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം എന്നിവയിലും കാലോചിതമായ വർധനയും വ്യവസ്ഥകളിൽ മാറ്റവും വരുത്തുകയുണ്ടായി. ചികിത്സാധനസഹായവും പരമാവധി 25,000 രൂപ എന്നത് ഒരു ലക്ഷം രൂപയായും പാവപ്പെട്ട പട്ടികജാതി പെൺകുട്ടികൾക്കായുള്ള വിവാഹധനസഹായവും മിശ്രവിവാഹ ധനഹായവ 20,000 രൂപയിൽ നിന്ന് 50,000 രൂപയായും ഉയർത്തി. കൂടാതെ ഇവയ്ക്ക് അർഹരായുള്ളവരുടെ വരുമാന പരിധി 50,000 രൂപയാക്കി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. (മിശ്രവിവാഹിതർക്ക് 40,000 രൂപ). പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്നവരുടെ ആരോഗ്യപരിപാലനത്തിനായി തെരഞ്ഞെടുത്ത 29 സങ്കേതങ്ങളിൽ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിച്ചു. 25,000 പട്ടികജാതി കുടുംബങ്ങൾക്ക്, മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ടോയ്‌ലെറ്റുകൾ നിർമിക്കാൻ 25,000 രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിക്കും കഴിഞ്ഞ വർഷം തുടക്കം കുറിക്കാനായി.

പാവപ്പെട്ട പട്ടികജാതിക്കാരുടെ വീടുകൾ പുനരുദ്ധരിക്കുന്ന പദ്ധതിക്കും ഈ സാമ്പത്തികവർഷം തുടക്കം കുറിച്ചുകഴിഞ്ഞു. അയ്യൻകാളിയുടെ നാമധേയത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിപ്രകാരം 50,000 രൂപയാണ് ഗുണഭോക്താവിന് നൽകുക.

പട്ടികജാതി യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായ പദ്ധതിയുടെ പട്ടികയിൽ പശുവളർത്തൽ, നേഴ്സറി (ഗാർഡനിങ്), ഐസ്ക്രീം/ കോഫി വെൻഡിങ് എന്നിവ കൂടി ഉൾപ്പെടുത്തി. പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിനുള്ള വായ്പ മൂന്നു ലക്ഷം രൂപയായി ഉയർത്തി. പട്ടികജാതി എഴുത്തുകാരുടെ



പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനത്തിനെത്തിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയേയും മന്ത്രി എ.പി. അനിൽകുമാറിനെയും സ്വീകരിക്കുന്നു




**സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽനിന്ന്**

കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസഹായം പരമാവധി 20,000 എന്നത് 50,000 രൂപയാക്കി വർധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വികസന കോർപറേഷനുകളിൽ നിന്നുള്ള 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളാൻ നടപടിസ്വീകരിച്ചു. സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകളും എഴുതിത്തള്ളുന്നതിന് ഫണ്ട് കൈമാറി. 25,000ന് മേലുള്ള വായ്പകൾക്ക് പിഴപ്പലിശയും 50 ശതമാനം പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. നടപ്പു സാമ്പത്തിക വർഷം 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതിക്ക് രൂപം നൽകാനുള്ള പദ്ധതി പൂർത്തിയായിവരുന്നു.

പട്ടകജാതിക്കാർക്ക് വിവിധ ക്ഷേമവികസന പദ്ധതികളിലൂടെ നൽകിവരുന്ന ധനസഹായം അർഹരായവരുടെ കൈകളിലെത്തുന്നതിലേക്കായി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ഫലപ്രദമാക്കുന്നതിന് സഹായകമായ നിലയിൽ ഈ വർഷം ഒരു നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നറിയിക്കുന്നതിൽ എനിക്കതിയായ സന്തോഷമാണുള്ളത്.

### സ്വയംപര്യാപ്ത ഗ്രാമങ്ങൾ

കഴിഞ്ഞ വർഷം പുതുതായി തുടക്കമിട്ട പദ്ധതികളിൽ ഏറെ അഭിമാനപൂർവം മുന്നോട്ടുവെക്കുന്ന ഒന്നാണ് 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ'. 50 ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 പട്ടികജാതി സങ്കേതങ്ങൾ സംസ്ഥാനത്തുള്ളതായി കിലയുടെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. ഈ സങ്കേതങ്ങളിൽ ഘട്ടംഘട്ടമായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനവും വരുമാന സ്രോതസ്സുകളും സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പ്രഥമ ഘട്ടമായി കഴിഞ്ഞ വർഷം തിരഞ്ഞെടുത്ത 120 പട്ടികജാതി ഗ്രാമങ്ങളിൽ ഈ പദ്ധതി അനുവദിക്കുകയും അവയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഈ വർഷം പുതുതായി 100 ഗ്രാമങ്ങളിൽക്കൂടി സ്വയംപര്യാപ്ത ഗ്രാമപദ്ധതിക്ക് തുടക്കം കുറിക്കാൻ അനുമതി നൽകിക്കഴിഞ്ഞു. എം.എൽ.എമാരും എം.പിമാരും തങ്ങളുടെ മണ്ഡലത്തിലെ ഓരോ ഗ്രാമങ്ങൾ ഇതിലേക്ക് തിരഞ്ഞെടുത്തുകഴിഞ്ഞു. ഇങ്ങനെ തിരഞ്ഞെടുത്ത പട്ടികജാതി ഗ്രാമങ്ങൾ ഓരോന്നിലും ഒരു കോടി രൂപ വരെ ചെലവഴിച്ച് ഗതാഗതസൗകര്യം, ആവശ്യമെങ്കിൽ വീടുകളുടെ നവീകരണം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ സംവിധാനങ്ങൾ, സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ, ആരോഗ്യപരിപാലന സൗകര്യം, ഗർഭിണികളുടെയും ശിശുക്കളുടെയും പരിരക്ഷണം, വയോജന പരിപാലനം തുടങ്ങി സമഗ്രമായ പദ്ധതികളാണ് തിരഞ്ഞെടുക്കപ്പെട്ട 120 സങ്കേതങ്ങളിലും നടപ്പാക്കുക. നാലു ഘട്ടങ്ങളിലായി 436 പട്ടികജാതി ഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. തീർച്ചയായും ഇത് പട്ടികജാതിക്കാരുടെ ജീവിതനിലവാരവും സാമൂഹിക ഉന്നമനവും സാധ്യമാക്കുമെന്നുതന്നെയാണ് അടിയുറച്ചു വിശ്വസിക്കുന്നത്. എം.എൽ.എ./എം.പിമാരുടെ കൃത്യതയാർന്ന മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഗാന്ധിജയന്തിയോടനുബന്ധിച്ച് പട്ടികജാതി പട്ടികവർഗവികസന വകുപ്പ് സംഘടിപ്പിക്കുന്ന 'സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം', ആദിവാസി ഉത്പന്നങ്ങളുടെ പ്രദർശന വിപണനവും നമ്മുടെ പൈതൃക കലാരൂപങ്ങളും കോർത്തിണക്കി സംഘടിപ്പിക്കുന്ന 'പൈതൃകോത്സവം', പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എഴുത്തുകാർക്കായി സംഘടിപ്പിക്കുന്ന സാഹിത്യ ശിൽപ്പശാല എന്നിവയിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രദ്ധിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്നവർക്കുകൂടി 5,000 രൂപ പ്രോത്സാഹന സമ്മാനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു പ്രവേശന പരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടുന്നവർക്ക് സ്വർണമെഡലുകളും വകുപ്പു നൽകിവരുന്നുണ്ട്.

പട്ടികവിഭാഗങ്ങളെ സംബന്ധിച്ചുള്ള മികച്ച വാർത്തകൾക്കും ഫീച്ചറുകൾക്കും പട്ടികജാതിവികസന വകുപ്പ് നൽകിവരുന്ന അംബേദ്കർ മാധ്യമ അവാർഡ് സംസ്ഥാനത്തെ മാധ്യമ അവാർഡുകളിൽ ശ്രദ്ധേയമായ ഒന്നാണ്. അച്ചടി, ടെലിവിഷൻ, റേഡിയോ മാധ്യമങ്ങൾക്ക് വെവ്വേറെ അവാർഡുകൾ നൽകിവരുന്നു.

പട്ടികവിഭാഗങ്ങളുടെ സാമൂഹിക

കഴിഞ്ഞ വർഷം പുതുതായി തുടക്കമിട്ട പദ്ധതികളിൽ ഏറെ അഭിമാനപൂർവം മുന്നോട്ടുവെക്കുന്ന ഒന്നാണ് 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ'. 50 ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 പട്ടികജാതി സങ്കേതങ്ങൾ സംസ്ഥാനത്തുള്ളതായി കിലയുടെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. ഈ സങ്കേതങ്ങളിൽ ഘട്ടംഘട്ടമായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനവും വരുമാന സ്രോതസ്സുകളും സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

മുന്നേറ്റത്തിന് വിദ്യാഭ്യാസത്തിലൂടെയും ജീവിത സാഹചര്യങ്ങളുടെ ഉന്നമനത്തിലൂടെയും ലക്ഷ്യബോധത്തോടുകൂടിയ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്. ഇതുകൊണ്ട് എല്ലാമായി എന്നവകാശപ്പെടുകയല്ല. ഇനിയും പുതിയ സമീപനങ്ങളും പദ്ധതികളും അനിവാര്യമായി വന്നേക്കാം. സംവരണാനുകൂല്യം കൂടാതെ മെഡിക്കൽ, എൻജിനീയറിങ് തുടങ്ങിയുള്ള ഉന്നത വിദ്യാഭ്യാസത്തിന് പട്ടികജാതി വിദ്യാർഥികളിൽ നിന്ന് കുറച്ചുപേരെയെങ്കിലും സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ഹ്രസ്വകാല ലക്ഷ്യമെങ്കിൽ, പടിപടിയായി മുഖ്യധാരാ സമുദായങ്ങളുമായി മത്സരിച്ച് മുന്നേറാൻ പ്രാപ്തിയുള്ള പട്ടികജാതി സമൂഹത്തെ സൃഷ്ടിക്കലാണ് ദീർഘകാല ലക്ഷ്യം. അതിലേക്കുള്ള തുടക്കമായി ഈ മെഡിക്കൽ കോളേജും സ്വയം പര്യാപ്ത അധിവാസകേന്ദ്രപദ്ധതിയും അംഗീകരിക്കപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. ■

## പട്ടികജാതി വകുപ്പിന്റെ സ്ഥാപനങ്ങൾ

### മോഡൽ റസിഡൻഷ്യൽ സ്കൂൾ

സൗജന്യ വിദ്യാഭ്യാസം, താമസസൗകര്യത്തോടെ നൽകാനായി നാലാം ക്ലാസ് വിദ്യാർഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുവാൻ പട്ടികജാതി വകുപ്പ് ആവിഷ്കരിച്ച സ്ഥാപനമാണ് മോഡൽ റസിഡൻഷ്യൽ സ്കൂൾ. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതുസംബന്ധിച്ച അറിയിപ്പു നൽകും. ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിക്കുക.

രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000 രൂപ. മെസ് ചാർജിനത്തിൽ പ്രീമെട്രിക് വിദ്യാർഥികൾക്ക് പ്രതിമാസം 2000 രൂപ വീതവും പോസ്റ്റ് മെട്രിക് വിദ്യാർഥികൾക്ക് 2300 രൂപയും ചെലവഴിക്കുന്നു.

### ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായികമേഖലയിൽ മികവുപുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി അഞ്ചാം ക്ലാസ് മുതൽ പരിശീലനം നൽകുന്ന സ്ഥാപനമാണിത്. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. ഒരു ക്ലാസ്സിൽ 30 വിദ്യാർഥികൾക്ക് പ്രവേശനം. 12 ാം ക്ലാസുവരെ സി.ബി.എസ്.ഇ. സിലബസിൽ പഠനം. ഓരോ കുട്ടിക്കും പ്രതിദിനം 130 രൂപ മെസ് ചാർജിനത്തിൽ ചെലവഴിക്കുന്നു.

### പ്രീമെട്രിക് ഹോസ്റ്റലുകൾ

ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷൻ എന്നിവയ്ക്ക് കൈമാറിയ 89 ഹോസ്റ്റലുകൾ, രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 100 രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. അഞ്ചാം ക്ലാസ് മുതൽ അഡ്മിഷൻ. തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപറേഷൻ സെക്രട്ടറിക്കോ പട്ടികജാതിവികസന ഓഫീസർക്കോ മേയ് മാസത്തിൽ അപേക്ഷ നൽകുക. ഭക്ഷണത്തിനായി ഒരു വിദ്യാർഥിക്ക് പ്രതിമാസം 2000 രൂപവീതം ചെലവഴിക്കുന്നു.

### പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് താമസിക്കാനായി 17 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. അന്തേവാസികൾക്ക് ഭക്ഷണം സൗജന്യമാണ്. പോക്കറ്റ്മണിയായി പ്രതിമാസം 150 രൂപ നൽകുന്നു. ഹോസ്റ്റലിൽ കായികവിനോദങ്ങൾക്കുള്ള സൗകര്യം ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർഥികൾക്കും ആനുകൂല്യം നൽകുന്നു. മെസ്സ് ചാർജായി ഒരു വിദ്യാർഥിക്ക് പ്രതിമാസം 2300 രൂപ ചെലവഴിക്കുന്നു.

### പ്രീ - എക്സാമിനേഷൻ ട്രെയിനിങ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതിവിഭാഗം ഉദ്യോഗാർഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ/എൻജിനീയറിങ് പ്രവേശന പരീക്ഷാപരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഈ കേന്ദ്രങ്ങളുള്ളത്.

### ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (I-CETS), തിരുവനന്തപുരം

സിവിൽ സർവീസ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനം. സംസ്ഥാനതലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്നവർക്ക് പ്രവേശനം. പുസ്തക അലവൻസ് 3000 രൂപ, പ്രതിമാസ ഭക്ഷണത്തിന് 1500 രൂപ, പോക്കറ്റ്മണി 250 രൂപ. പട്ടികജാതി പട്ടികവർഗക്കാർക്ക് സൗജന്യ താമസസൗകര്യം. മികച്ച ലൈബ്രറി സംവിധാനം. അപേക്ഷ മെയ്/ജൂൺ മാസത്തിൽ.

### മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്

പട്ടികജാതി വിഭാഗത്തിൽ നിന്ന് സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം. മുപ്പത് കുട്ടികൾക്ക് പ്രവേശനം.

### കമ്യൂണിറ്റി കോളേജ്, പാലക്കാട്

ആധുനിക ഹൈടെക് കോഴ്സായ CPPM പരിശീലനം നൽകുന്നതിനായി 2012 ൽ പ്രവർത്തനമാരംഭിച്ചു. രണ്ടു വർഷത്തെ കോഴ്സുകൾക്ക് 20 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി. പാസ്സായവർക്ക് പ്രവേശനം നൽകുന്നു. തൊഴിലധിഷ്ഠിത കോഴ്സ് ആണ്. കോഴ്സിന്റെ ഭാഗമായി വ്യവസായപരിശീലനത്തിനുള്ള സൗകര്യം മൾട്ടിനാഷണൽ കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

### അംബേദ്കർ ഭവൻ

ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പിയായ ഡോ. ബി.ആർ. അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠന ഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിതമായി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ എന്നിവ ഇതിൽ പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർ ഭവൻ വകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന് വഴികാട്ടിയാകുന്ന നിലയിൽ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ■

ക്ഷേമപഥം

■ **പി.കെ. ജയലക്ഷ്മി**
പട്ടികവർഗ-യുവജനക്ഷേമ മന്ത്രി

# ഭൂമിയുടെ അവകാശികൾ

**ഗോത്രജനതയ്ക്കായി ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്**

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന ഒട്ടേറെ ജനകീയ തീരുമാനങ്ങൾ നടപ്പാക്കാനും ജനക്ഷേമ നടപടികൾ സ്വീകരിക്കാനും കഴിഞ്ഞ 30 മാസങ്ങൾക്കുള്ളിൽ സാധിച്ചതിന്റെ ചാരിതാർഥ്യത്തിലാണ് സംസ്ഥാന സർക്കാർ. നമ്മുടെ അഭിമാന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. സംസ്ഥാനത്തെ ഓരോ പട്ടിക വർഗ കുടുംബത്തിനും സ്വന്തം സ്ഥലവും താമസിക്കാനൊരു വീടും എന്നതാണ് എന്റെ സ്വപ്നം. പട്ടികവർഗ വികസന വകുപ്പിന്റെ പ്രവർത്തനത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ വളർച്ച കൈവരിച്ച വർഷമാണ് കടന്നു പോയത്. ബജറ്റിൽ അനുവദിച്ച തുക നൂറു ശതമാനവും ചിലവഴിക്കാൻ കഴിഞ്ഞത് സമാനതകളില്ലാത്ത നേട്ടമാണ്. ഭൂരഹിതരായ പട്ടിക വർഗ കുടുംബങ്ങളുടേയും ഗോത്ര ജനതയുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതു വരെ വിശ്രമമില്ല. ഭൂമിയുടെ അവകാശികളായ ഗോത്ര സമൂഹം സ്വന്തം മണ്ണിലേക്ക് മടങ്ങുന്നതിന് അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഭൂവിതരണത്തിനായി പുതിയ പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് ഓരോ കുടുംബത്തിനും 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങാൻ 10 ലക്ഷം രൂപ വീതം നൽകും. സ്ഥലം വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷ വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും സ്വീകരിച്ചു തുടങ്ങി.

കേരളത്തിലെ പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനു വേണ്ടി അനവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിനും അവയുടെ ഗുണഫലങ്ങൾ പൂർണമായും ഈ വിഭാഗത്തിന് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.



ഗോത്രായനത്തിന്റെ ഭാഗമായി ഊരുമൂപ്പന്മാരുമായുള്ള ആശയവിനിമയം



ഇടമലക്കുടി സന്ദർശിച്ചപ്പോൾ

ഭവനനിർമാണ സഹായധനം ഇരട്ടിയായി വർധിപ്പിച്ചതും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർധിപ്പിച്ചതും, ചികിത്സാ ധന സഹായ നിരക്ക് ഉയർത്തിയതും, ഹോസ്റ്റൽ, എം.ആർ.എസ്. അന്തേവാസികളുടെ ഭക്ഷണ ചെലവ് വർധപ്പിച്ചതും ഇതിന്റെ അടിസ്ഥാനത്തിലാണ്.



## ജനനി ജന്മരക്ഷ

പോഷകാഹാരക്കുറവാണ് പട്ടികവർഗ വിഭാഗക്കാരുടെ പ്രധാന പ്രശ്നങ്ങളിലൊന്ന്. ഇത് പരിഹരിക്കാനായി ആവിഷ്കരിച്ച ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണികളായ സ്ത്രീകൾക്ക് ഗർഭ കാലത്ത് മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതു വരെ പ്രതിമാസം 1000 രൂപ വീതം നൽകി വരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് ഇത് നടപ്പിലാക്കി തുടങ്ങിയത്.

## ഗോത്ര സാരഥി

മുഴുവൻ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുക യെന്നതാണ് വകുപ്പിന്റെ ലക്ഷ്യം. സ്കൂളിലെത്താൻ ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്ന ദുർഘട പ്രദേശങ്ങളിലെ കുട്ടികളെ വാഹനങ്ങളിൽ സ്കൂളിലെത്തിച്ച് തിരിച്ചു വീട്ടിൽ കൊണ്ടു വരുന്ന പദ്ധതിയാണിത്. കൊഴിഞ്ഞുപോക്ക് തടയുന്നതിനും മുഴുവൻ കുട്ടികളേയും സ്കൂളിലെത്തിക്കാനും ഗോത്ര സാരഥി പദ്ധതിയിലൂടെ സാധിച്ചു.

15 നും 30 നും മദ്ധ്യേ പ്രായമുള്ള വിദ്യാസമ്പന്നർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടാൻ സഹായിക്കുന്ന നൈപുണ്യ പരിശീലന പരിപാടിയായ ഗോത്ര ജ്യോതി, എം.ആർ.എസുകളിലും ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്ന വിദ്യോദയം, വിദ്യാർഥികൾക്ക് ഫർണിച്ചറുകൾ, പ്രൊഫഷണൽ വിദ്യാർഥികൾക്ക് ലാപ്ടോപ്, എം.ആർ.എസുകൾക്ക് പുതിയ കെട്ടിടങ്ങൾ, എം.ആർ.എസ്. സ്കൂളുകളിൽ നാഷണൽ സർവീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അധിക തൊഴിൽ നൈപുണ്യ പദ്ധതി, എൻജിനീയറിങ് പ്രവേശനം ലഭിച്ചവർക്ക് പ്രീ എൻജിനീയറിങ് പ്രവേശനം എന്നിവയും നടപ്പാക്കി വരുന്നു.

വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ സമഗ്ര ആരോഗ്യ സർവേ, എം.ആർ.എസ്. വിദ്യാർഥികൾക്കായി സ്റ്റുഡന്റ് ഹെൽത്ത് ആക്ടിവിറ്റി പരിശീലനം, അരിവാൾ രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ സമാശ്വാസ ധനസഹായം, 30 സർക്കാർ ആശുപത്രികളിൽ സമഗ്ര ആരോഗ്യ പദ്ധതി, പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരുടെ ആരോഗ്യ സുരക്ഷയ്ക്ക് പ്രത്യേക പദ്ധതി തുടങ്ങിയവ ആരോഗ്യ മേഖലയിലും നടപ്പാക്കുന്നു.

ഗോത്ര ജനതയുടെ സർവതോമുഖമായ വികസനത്തിനായി പല കാര്യങ്ങളും ഊർജിതമായി പ്രബല്യത്തിൽ വരുത്തിയിട്ടുണ്ട്. കോളനി വികസന പദ്ധതി അനുസരിച്ച് റോഡുകൾ, കുടിവെള്ളം, വൈദ്യുതി, മണ്ണ് സംരക്ഷണ പദ്ധതികൾ, വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഒരു ലക്ഷം രൂപ ധനസഹായം, തൊഴിൽ രഹിതരായ പട്ടിക വർഗ യുവതികൾക്ക് സൗജന്യ ഓട്ടോറിക്ഷ വിതരണം, തിരഞ്ഞെടുത്ത കോളനികളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിക്ക് ഒരു കോടി രൂപ വീതം, പട്ടികവർഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് എന്നിവയും നൽകി വരുന്നു.

പോഷകാഹാരക്കുറവാണ് പട്ടികവർഗ വിഭാഗക്കാരുടെ പ്രധാന പ്രശ്നങ്ങളിലൊന്ന്. ഇത് പരിഹരിക്കാനായി ആവിഷ്കരിച്ച ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണികളായ സ്ത്രീകൾക്ക് ഗർഭകാലത്ത് മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതു വരെ പ്രതിമാസം 1000 രൂപ വീതം നൽകി വരുന്നു.

വനാവകാശനിയമം ഫലപ്രദമായി നടപ്പാക്കൽ, പട്ടിക വർഗ സങ്കേതങ്ങളിൽ സേവനത്തിനായി പ്രതിജ്ഞാബദ്ധരായ സോഷ്യൽ വർക്കർമാർ എന്നിവ ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നവയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ നൂറു ശതമാനം തുകയും ചിലവഴിച്ച പട്ടികവർഗ വികസന വകുപ്പ്, 2013ൽ വകയിരുത്തിയ 265.55 കോടി രൂപ പൂർണമായും ഫലപ്രദമായും ഗുണകരമായും വിനിയോഗിച്ച് ചരിത്ര നേട്ടങ്ങളിലേക്ക് കുതിക്കുകയാണ്. ■

# നാഴികക്കല്ലുകളായ ക്ഷേമപദ്ധതികൾ

- പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗർഭിണിയായ ഓരോ സ്ത്രീക്കും മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സു വരെ ജനനി ജന്മരക്ഷ പദ്ധയിൽ ഉൾപ്പെടുത്തി ഓരോ മാസവും 1000 രൂപ വീതം ആകെ 1800 രൂപ സഹായ ധനം നൽകിവരുന്നു.
- ഗോത്രസാരഥി: ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് സ്കൂളിലെത്താൻ വാഹനസൗകര്യം ഏർപ്പെടുത്തി
- തൊഴിൽരഹിതരായ പട്ടികവർഗ സ്ത്രീകൾക്ക് സ്വയം തൊഴിലിനായി സംസ്ഥാനത്ത് 500 ഓട്ടോറിക്ഷകളുടെ വിതരണം നടത്തുന്നു. ഭൂരഹിതരായ ഓരോ പട്ടികവർഗ കുടുംബത്തിനും 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങാൻ 10ലക്ഷം രൂപവീതം നൽകുന്നു.
- ആറളം പുനരധിവാസപദ്ധതിയിൽ 3097 കുടുംബങ്ങൾക്ക് കൈവശരേഖ



മന്ത്രിസഭയുടെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് മന്ത്രി പി.കെ. ജയലക്ഷ്മി നടത്തിയ വാർത്താ സമ്മേളനം




**കോറോം ഗവ. എൽ.പി.സ്കൂൾ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം**

- അനാഥരായ കുട്ടികൾക്ക് പ്രതിമാസം 1000 രൂപയുടെ ധന സഹായം നൽകുന്ന കൈത്താങ് പദ്ധതി ആവിഷ്കരിച്ചു.
- മുമ്പ് അനുവദിക്കപ്പെട്ട പദ്ധതിയിൽ വീട് നിർമാണം നില ച്ചുപോയവർക്ക് ജോലി പൂർത്തിയാക്കാൻ ഒരു ലക്ഷം രൂപ വീതം നൽകുന്നു.
- ഭവനനിർമാണ ധനസഹായം ഇരട്ടിയാക്കി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർധിപ്പിച്ചു.
- പട്ടികവർഗക്ഷേമ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വ്യക്തി അപകടമരണത്തിന് 50,000 രൂപയായും മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി നൽകുന്ന സഹായം 1,00,000 രൂപയായും വർധിപ്പിച്ചു. ചികിത്സാധനസഹായ ത്തിനുള്ള വാർഷിക വരുമാനപരിധി 50,000 രൂപയാക്കി ഉയർത്തി.
- ഹോസ്റ്റൽ, എം.ആർ.എസ്. അന്തേവാസികളുടെ ഭക്ഷണ ച്ചെലവ് വർധിപ്പിച്ചു.
- സംസ്ഥാനത്തെ 20 പട്ടികവർഗ സങ്കേതങ്ങളിൽ അടിസ്ഥാ നസൗകര്യം ഒരുക്കുന്നതിന് ഓരോ കോടി രൂപ വീതം നൽകുന്ന ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി തുടങ്ങി.
- അട്ടപ്പാടിയിലെ കുറുമ്പർ, കാസർകോട് കൊറഗർ, വയ നാട്ടിലെ കാട്ടുനായ്ക്കർ, പാലക്കാടും തൃശൂരുമുള്ള കാടർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്കർ എന്നീ പ്രാക്തന ഗോത്രവർഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി 148 കോടി രൂപയുടെ പ്രത്യേക പാക്കേജ്.
- പട്ടികവർഗ വിഭാഗക്കാർക്ക് തിരിച്ചറിയൽ രേഖയായി ഉപ യോഗിക്കാവുന്ന ഏകീകൃത തിരിച്ചറിയൽ കാർഡ്.
- കൊല്ലം കുരിയോട്ടുമല, പത്തനംതിട്ട ചാലക്കയം, വയ നാട് വൈത്തിരി താലൂക്കിലെ കാരാപ്പുഴ (പരൂർക്കുന്ന്), സുൽത്താൻബത്തേരി താലൂക്കിലെ വാകേരി, മാനന്തവാടി താലൂക്കിലെ കുഞ്ഞോം എന്നീ സ്ഥലങ്ങളിൽ അഞ്ച് മാതൃകാ കോളനികൾ.
- മെഡിക്കൽ, എൻജിനീയറിങ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലനം.
- രണ്ടാം വർഷ എം.ബി.ബി.എസ്., ബി.ടെക് എന്നീ പ്രൊഫ ഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് 2011-12 സാമ്പത്തികവർഷം മുതൽ സൗജന്യമായി ലാപ്ടോപ്പ് നൽകുന്ന പദ്ധതി. 2012-13 സാമ്പത്തികവർഷത്തിൽ ഈ പദ്ധതി എൻട്രൻസ് കമ്മിഷണർ മുഖാന്തിരം പ്രൊഫഷ ണൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ എല്ലാ വിദ്യാർഥികൾക്കും ബാധകമാക്കിയിട്ടുണ്ട്.
- പട്ടികവർഗ വിദ്യാർഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 3634 വിദ്യാർഥിനികൾ ഗുണഭോക്താക്കളായി.
- ആദിവാസികൾക്കിടയിൽ കണ്ടുവരുന്ന ജനിതകരോഗമായ അരിവാൾകോശരോഗികൾക്ക് മരുന്നുവാങ്ങുന്നതിന് പ്രതി മാസം 1000 രൂപ വീതം നൽകിവരുന്നു.
- അവിവാഹിതരായ 421 ആദിവാസി അമ്മമാർക്ക് വീടുകൾ നിർമിച്ച് നൽകി. പുനരധിവാസത്തിന്റെ ഭാഗമായി 1,50,08,000 രൂപ ഉപജീവനമാർഗം കണ്ടെത്തുന്നതിലേ ക്കായും ചെലവഴിച്ചു.
- ഇടുക്കിയിൽ ഇടമലക്കുടി ട്രൈബൽ പഞ്ചായത്തിന്റെ സമ ഗ്രവികസനത്തിന് 10.35 കോടി രൂപയുടെ പദ്ധതിയാരം ഭിച്ചു.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ അവബോധത്തിനും അവർക്കുള്ള ആത്മവിശ്വാസം വർധി പ്പിക്കുന്നതിനുമായി എ.എസ്.എ.പി. (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), എൻ.എസ്.എസ്. (നാ ഷണൽ സർവീസ് സ്കീം), വേനൽക്കാല ക്യാമ്പ്, എസ്.പി.സി. (സ്റ്റുഡൻസ് പൊലീസ് കേഡറ്റ്), സ്റ്റുഡന്റ്സ് ഡോക്ടർ എന്നീ പദ്ധതികളാരംഭിച്ചു.
- പട്ടികവർഗ സമഗ്ര ആരോഗ്യരക്ഷാപദ്ധതി പ്രകാരം എല്ലാ സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും പരിയാരം, കൊച്ചി സഹകരണ മെഡി ക്കൽ കോളേജുകളിലും മലബാർകാൻസർ സെന്റർ, ശ്രീചിത്രാ മെഡിക്കൽ സയൻസ്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലും സൗജന്യ ചികിത്സാ സൗകര്യം ഒരുക്കി. ■

■ നിരുപമ




# കേരളത്തിന്റെ വ്യാപാരോത്സവം

## ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ വളർച്ചയുടെ പാതയിൽ

കേരളം കാലാന്തരങ്ങളായി ലോകം മുഴുവനുള്ള വിനോദ സഞ്ചാരികൾക്ക് പ്രിയപ്പെട്ടതാണ്. എന്നും ഏവരെയും സ്വാഗതം ചെയ്യാൻ തയാറുള്ള ഈ നാട് ആരെയും വെറുംകയ്യോടെ തിരിച്ചയക്കാറില്ല. ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ (ജി.കെ.എസ്.എഫ്) എന്ന കേരളത്തിന്റെ വ്യാപാരോത്സവം ഇതിന് ഉദാഹരണമാണ്. വ്യത്യസ്തമായ ഈ വ്യാപാരോത്സവം ഷോപ്പിങ്ങിന്റെ സങ്കൽപ്പങ്ങളെ തന്നെ ഉടച്ചുവാർക്കുന്നു.

വികസനപ്രവർത്തനങ്ങൾക്ക് എന്നും പ്രഥമസ്ഥാനം നൽകുന്ന കേരള സർക്കാർ 2007 ൽ കേരളത്തെ നമ്മുടെ രാജ്യത്തിന്റെ വ്യാപാര-വിനോദസഞ്ചാര തലസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവലിന് തുടക്കമിട്ടത്.

ഉന്നത ജീവിതനിലവാരവും ഗുണമേന്മയും കാംക്ഷിക്കുന്ന കേരളത്തിലെ ഉപഭോക്താക്കൾക്കുവേണ്ടിയാണ് 2007 ൽ ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ ആരംഭിച്ചത്. രാജ്യത്തിന്റെ മൊത്തം ഉപഭോഗത്തിന്റെ 12 ശതമാനം വ്യാപാരമേഖലയിൽ ചെലവഴിക്കുന്ന കേരളത്തെ വലിയൊരു ഷോപ്പിങ് മാൾ ആക്കാനുള്ള ഈ സംരംഭം വൻ വിജയമായിത്തീർന്നു. ഇത് വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുകയും കേരളത്തെ വ്യാപാരത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും കേന്ദ്രമാക്കുകയും

ചെയ്യുന്നു. ഇതിലൂടെ ലഭിക്കുന്ന വരുമാനവും നികുതിയും കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്നു.

ഈ വ്യാപാരോത്സവത്തിന്റെ മുഖ്യചുമതല സംസ്ഥാന വിനോദസഞ്ചാര വകുപ്പിനാണ്. ടൂറിസം ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്സിന്റെ പൂർണപിന്തുണ ഈ വ്യാപാരമേളയെ മികവുറ്റതാക്കുന്നു. ഡിസംബർ-ജനുവരി മാസങ്ങളിൽ നടക്കുന്ന ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവലിൽ ബാങ്കുകൾ, ടെക്സ്റ്റൈൽസ്, സൂപ്പർമാർക്കറ്റുകൾ, ഓട്ടോമൊബൈൽസ്, ഇലക്ട്രോണിക്സ്, ഫർണീച്ചർ, എഫ്.എം. സി.ജി., ജുവലറികൾ, സ്പാകൾ, ഹോട്ടലുകൾ തുടങ്ങി എല്ലാ പ്രധാന വ്യാപാര മേഖലകളിലുമുള്ളവർ പങ്കാളികളാകുന്നു. പങ്കെടുക്കുന്ന വ്യാപാര കേന്ദ്രങ്ങൾക്ക് വമ്പിച്ച മാധ്യമശ്രദ്ധയും സർക്കാർ സംരംഭങ്ങളിൽ പങ്കാളികളാകാനുള്ള സുവർണാവസരവും ലഭിക്കും. വമ്പിച്ച ഇളവുകൾ, സ്വർണ സമ്മാനങ്ങൾ, ക്യാഷ് പ്രൈസുകൾ എന്നിവ ഈ ഉത്സവത്തിലുണ്ട്. ആഴ്ച തോറുമുള്ള നറുക്കെടുപ്പുകളിലൂടെ നിരവധി സമ്മാനങ്ങളും കരസ്ഥമാക്കാം.

## ലക്ഷ്യങ്ങൾ

- കേരളത്തെ അന്താരാഷ്ട്ര വ്യാപാരകേന്ദ്രമാക്കി മാറ്റുക.
- വ്യാപാര വാണിജ്യരംഗത്ത് പുരോഗതി കൈവരിക്കുക.
- കേരളത്തിന്റെ തനത് ഉത്പന്നങ്ങളും സാംസ്കാരിക പാരമ്പര്യവും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുക.
- ഉത്പന്നങ്ങളുടെ വാണിജ്യമുദ്രണത്തിലൂടെയും നിർമാണമേഖലയിൽ കൊണ്ടുവരുന്ന അവസരങ്ങളിലൂടെയും വിനോദസഞ്ചാരം വർധിപ്പിക്കുക.

> ഡിസംബർ–ജനുവരി മാസങ്ങളിൽ നടക്കുന്ന ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവലിൽ ബാങ്കുകൾ, ടെക്സ്റ്റൈൽസ്, സൂപ്പർമാർക്കറ്റുകൾ, ഓട്ടോ മൊബൈൽസ്, ഇലക്ട്രോണിക്സ്, ഫർണീച്ചർ, എഫ്.എം. സി.ജി., ജുവലറികൾ, സ്പാകൾ, ഹോട്ടലുകൾ തുടങ്ങി എല്ലാ പ്രധാന വ്യാപാരമേഖലകളിലുമുള്ളവർ പങ്കാളികളാകുന്നു. പങ്കെടുക്കുന്ന വ്യാപാര കേന്ദ്രങ്ങൾക്ക് വമ്പിച്ച മാധ്യമശ്രദ്ധയും സർക്കാർ സംരംഭങ്ങളിൽ പങ്കാളികളാകാനുള്ള സുവർണാവസരവും ലഭിക്കും.

- കേരളത്തെ രാജ്യത്തിന്റെ വ്യാപാരവിനോദസഞ്ചാര തലസ്ഥാനമാക്കുക.
- പരമാവധി വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുക

## ഗുണപരമായ മാറ്റങ്ങൾ

ഡിസംബർ 22 ന് ആരംഭിച്ച ഫെസ്റ്റിവൽ ജനകീയമാക്കാൻവേണ്ട എല്ലാ മുന്നൊരുക്കങ്ങളോടും കൂടിയാണ് സീസൺ ഏഴിന് ടൂറിസം മന്ത്രി എ.പി. അനിൽകുമാറിന്റെ നേതൃത്വത്തിൽ സർക്കാർ തുടക്കം കുറിച്ചത്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും ആർജവവും ഈ സീസണിന് പുതിയ മാനങ്ങളും പുത്തൻ ഉണർവും നൽകിയിരിക്കുന്നു.

സമ്മാനഘടനയിലും നറുക്കെടുപ്പിലും ഇത്തവണ ഗുണപരായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യാപാരമേഖലകൾക്ക് സൗജന്യ രജിസ്ട്രേഷനാണ് ഇത്തവണത്തെ പ്രധാന പ്രത്യേകത. വ്യാപരിവ്യവസായി ഏകോപനസമിതിയുടെ നേതൃത്വത്തിലാണ് ലോജിസ്റ്റിക്സ് പ്രവർത്തനങ്ങൾ. രജിസ്ട്രേഷനുകൾക്ക് അക്ഷയ കേന്ദ്രങ്ങളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

## സമ്മാന ഘടന

സ്വർണസമ്മാനങ്ങൾക്കൊപ്പം ക്യാഷ് പ്രൈസുകൾ ഉൾപ്പെടുത്തി ജി.കെ.എസ്.എഫ്. സമ്മാനഘടന പുനക്രമീകരിച്ചിട്ടുണ്ട്. 11 കോടി രൂപയുടെ സ്വർണസമ്മാനങ്ങൾക്കൊപ്പം നാലു കോടിയുടെ ക്യാഷ് പ്രൈസുകളുമാണുള്ളത്. മെഗാ സമ്മാനങ്ങൾ ക്യാഷ് പ്രൈസുകളായി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഒരു കോടി രൂപയാണ് ബംബർ സമ്മാനം, രണ്ടാം സമ്മാനമായി 10 ലക്ഷം രൂപ വീതം 15 പേർക്കും, മൂന്നാം സമ്മാനമായി അഞ്ചു ലക്ഷം രൂപ വീതം 15 പേർക്കും മൂന്നാം സമ്മാനമായി അഞ്ചു ലക്ഷം രൂപ വീതം 20 പേർക്കും ഇതിനുപുറമെ ഒരു ലക്ഷം രൂപ വീതം 50 പേർക്കും സമ്മാനമായി നൽകുന്നുണ്ട്.

ഏഴായിരത്തോളം സ്വർണസമ്മാനങ്ങൾ ഒരു ഗ്രാം, രണ്ടു ഗ്രാം, എട്ടു ഗ്രാം എന്നിങ്ങനെ 14 ജില്ലകളിൽ ആറ് ആഴ്ചകളിലായി 84 പ്രതിവാര നറുക്കെടുപ്പുകളിലൂടെ വിതരണം ചെയ്യുന്നു. മെഗാ സമ്മാന കൂപ്പൺ വിതരണം ചെയ്യുന്ന വ്യാപാരസ്ഥാപനത്തിനും സമ്മാനം പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാപാരികൾ ഇത്തവണത്തെ ഫെസ്റ്റിവൽ



**ജി.കെ.എസ്.എഫ്. പ്രതിവാര നറുക്കെടുപ്പിന്റെ ഉദ്ഘാടനം മന്ത്രി എ.പി. അനിൽകുമാർ നിർവഹിക്കുന്നു**



**ജി.കെ.എസ്.എഫിന്റെ ഒരുക്കങ്ങൾ ചർച്ചചെയ്യുവാൻ വ്യാപാരസംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ച**

ഒരു ഉത്സവമാക്കി മാറ്റിയിട്ടുണ്ട്. ഇതിനോടകം രജിസ്റ്റർ ചെയ്ത കടകളുടെ എണ്ണം എൺപതിനായിരത്തിനു മുകളിലായി. കൂപ്പൺ വിതരണം ഒന്നരക്കോടി കവിഞ്ഞു. ദൈനംദിന ജീവിതത്തിൽ ഉപഭോക്താക്കൾ വാങ്ങുന്ന സാധനങ്ങൾക്ക് ലഭ്യമാകുന്ന കൂപ്പണുകളിലൂടെ സമൂഹത്തിലെ നാനാ തുറകളിൽപ്പെട്ടവർക്ക് സുവർണ്ണ സമ്മാനങ്ങൾ ലഭിക്കുന്നു. കേക്ക്, ലോട്ടറി ടിക്കറ്റ്, പ്ലാസ്റ്റിക് ചരട്, ആയുർവേദ മരുന്നുകൾ, സിമന്റ്, സൈക്കിൾ, സർബത്ത്, കണ്ണട തുടങ്ങിയ സാധനങ്ങൾ വാങ്ങിയ ധാരാളം പേർ സമ്മാനാർഹരായി.

ഉന്നത ഗുണനിലവാരമുള്ള ഉത്പന്നങ്ങളുടെ ക്രോഡീകരണവും വിനോദസഞ്ചാര മൂല്യവും കേരളത്തിന്റെ മനുഷ്യവിഭവശേഷിയും വ്യാപാരമേഖലയുടെ വളർച്ചയ്ക്ക് പ്രതീക്ഷ നൽകുന്നു. കേരളത്തെ രാജ്യത്തിന്റെ മുഖ്യവ്യാപാരകേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം സർക്കാരിന്റെ സഹായത്തോടെ അതിന്റെ ഉദ്ദേശ്യലക്ഷ്യത്തോട് കൂടുതൽ അടുത്തിരിക്കുന്നു എന്നത് അഭിമാനാർഹമാണ്. ഇത്തരമൊരു സമീപനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വൈവിധ്യമാർന്ന ഫലമുണ്ടാകും.

സംസ്ഥാനത്തെ ഒരു വാണിജ്യകേന്ദ്രമാക്കി മാറ്റാൻ ഇത് സഹായകമാകുമെന്നാണ് പ്രതീക്ഷ. വിനോദസഞ്ചാരികൾക്ക് നിർമാണകേന്ദ്രങ്ങളിൽ നിന്ന് കയർ, കശുവണ്ടി, സമുദ്രവിഭവങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കൈത്തറി, കരകൗശല വസ്തുക്കൾ തുടങ്ങിയവ വാങ്ങാൻ കഴിയും.

വരും വർഷങ്ങളിൽ അന്തർദേശീയതലത്തിൽ വിവിധതരത്തിലുള്ള പ്രോത്സാഹനപ്രവർത്തനങ്ങളിലൂടെ തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികളെ പരമാവധി കേരളത്തിലേക്ക് ആകർഷിക്കാനും ഉദ്ദേശിക്കുന്നു.

വ്യാപാരമേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനവും വിശാലമായ പരിപ്രേക്ഷ്യവും നൽകി ഈ വർഷം മേളയ്ക്ക് പുതിയൊരു മുഖം നൽകാൻ വകുപ്പിന് കഴിഞ്ഞു. ■



■ സുരേഷ് മുതുകുളം



2014 യു.എൻ. കുടുംബകൃഷി വർഷം

# കുടുംബകൃഷി ഭക്ഷ്യസുരക്ഷയിലേക്കുള്ള വാതായനം

**വീടും കൃഷിയിടവുമായുള്ള നഷ്ടപ്പെട്ട പാരസ്പര്യം വീണ്ടെടുക്കാനും ഭക്ഷ്യസ്വാശ്രയത്വം ഉറപ്പുവരുത്താനും കുടുംബകൃഷിക്ക് കഴിയും**

വീടും അതിനോടു ചേർന്നുള്ള കൃഷിയിടവും – ഇതാണ് മലയാളകാർഷിക പൈതൃകത്തിന്റെ മുഖമുദ്ര. വീട്ടാവശ്യത്തിനുള്ള ഏതാണ്ട് എല്ലാ ഭക്ഷ്യവിഭവങ്ങളുടെയും ഒരു അക്ഷയപാത്രമായിരിക്കും ഈ വീട്ടു കൃഷിയിടം. പരസ്പരപൂരകമായ സഹവർത്തിത്വം. നമ്മുടെ പുരാതന കൃഷിസമ്പ്രദായത്തിൽ വീടും കൃഷിയിടവും ഒന്നിക്കുന്ന ഈ സവിശേഷ സംവിധാനത്തിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. വീട്, കൃഷിയിടം എന്നീ രണ്ടു സക്രിയവും പരസ്പരപൂരകവുമായ ഘടകങ്ങളുടെ പരസ്പരസഹകരണവും സഹവർത്തിത്വവും അയൽക്കൂട്ടങ്ങൾതമ്മിലും മനുഷ്യബന്ധങ്ങളിലും സ്വാശ്രയത്വത്തിന്റെ പുതിയ പാഠങ്ങൾ രചിച്ചു. എന്നാൽ പിൽക്കാലത്ത് സമൂഹത്തിൽ അരങ്ങേറിയ വ്യതിയാനങ്ങൾ വീടും കൃഷിയിടവും തമ്മിലുള്ള ദൃഢതരമായ ഈ ബന്ധത്തിൽ അയവുവരുത്തുകയും വിള്ളലുകൾ വീഴ്ത്തുകയും ചെയ്തു. ഒരു കുടുംബത്തിന് നിത്യവൃത്തികഴിക്കാനുള്ള ഭക്ഷ്യപദാർഥങ്ങൾ വാസസ്ഥലത്തിനടുത്തുള്ള കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുകയും അധികമുള്ള ഉത്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തിരുന്ന സജീവമായ ഒരു ക്രയവിക്രയ സമ്പ്രദായം ദുർബലമായത് വർത്തമാനകാലയാഥാർഥ്യം.

ഇന്ത്യൻ കാർഷികമേഖല ഏറെക്കാലവും ചെറു








കിട-നാമമാത്ര കർഷകരുടെ താവളമാണ്. ഏതാണ്ട് 80 ശതമാനം പേരും ഈ വിഭാഗത്തിൽപ്പെടുന്നു. ഇതുകൊണ്ടുതന്നെ സുസ്ഥിര കാർഷികപുരോഗതിയുടെ ഭാവിയും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയും ഈ കർഷകരുടെ കൃഷിയിടത്തിലെ വിജയത്തെ ആശ്രയിച്ച് നിലകൊള്ളുന്നു. കാർഷികോത്പാദന വർധനയുടെ കാര്യത്തിലായാലും ദാരിദ്ര്യനിർമാർജനത്തിന്റെ കാര്യത്തിലായാലും ചെറുകിട കൃഷിയിടങ്ങളുടെ പങ്ക് വളരെ നിർണായകമാണ്. കേരളത്തിലും ഇതുതന്നെയാണവസ്ഥ. കേരളത്തിലെ ശരാശരി കൃഷിയിട വിസ്തൃതി 0.24 ഹെക്ടർ മാത്രമാണ്. 50 ശതമാനത്തോളം കർഷകരും ഒരു ഹെക്ടറിനു താഴെ മാത്രം കൈവശഭൂമിയുള്ള നാമമാത്ര കർഷകരാണുതാനും. ഇതിൽത്തന്നെ നല്ലൊരു ശതമാനം പേരും വെറും 10-20 സെന്റ് സ്ഥലം മാത്രമുള്ളവരും. കേരളത്തിലെ കാർഷികമേഖലയെ ഇതര ഭൂവിഭാഗങ്ങളിൽനിന്ന് വേറിട്ടു നിർത്തുന്നതും ഇതുതന്നെ. ആകെയുള്ള ചെറുകിട കൃഷിയിടങ്ങളുടെ 90.4 ശതമാനവും ഇത്തരത്തിൽപ്പെട്ടതാണ്. ശരാശരി വിസ്തൃതി കുറഞ്ഞ ഈ സൂക്ഷ്മകൃഷിയിടങ്ങളിൽനിന്ന് കാർഷികവൃത്തികൊണ്ടു മാത്രം ഉപജീവനം നടത്താനാവില്ലെന്ന തിരിച്ചറിവാണ് നാമമാത്ര കർഷകരെ കാലിവളർത്തൽ




പോലുള്ള ഉപതൊഴിലുകൾ ചെയ്തു മുന്നേറാൻ പ്രേരിപ്പിക്കുന്നത്. ലഭ്യമായ സ്ഥലത്ത് കൃഷിയും മൃഗപരിപാലനവും സംയോജിപ്പിച്ചുള്ള പ്രവർത്തന ശൈലിയാണ് ഇതിന്റെ അടിസ്ഥാനം.

## കുടുംബകൃഷിയുടെ പ്രാധാന്യം

പുതിയ ജീവിതസാഹചര്യങ്ങളുടെ വേലിയേറ്റത്തിൽപ്പെട്ട് നമുക്ക് കൈമോശം വന്ന വീട്ടുകൃഷി അഥവാ കുടുംബകൃഷി പുനരുജ്ജീവിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒരു വശത്ത് ഭക്ഷ്യസുരക്ഷയെന്ന ആശയസാക്ഷാത്കാരത്തിനുവേണ്ടി മുറവിളികൂട്ടുന്ന നാം മറുവശത്ത് സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കു തന്നെ കരുത്തുപകരേണ്ട കുടുംബകൃഷിയുടെ പ്രാധാന്യം അവഗണിച്ചിരിക്കുന്നു എന്നതാണ് വാസ്തവം. ഈ യാഥാർഥ്യം ബോധ്യപ്പെട്ടതിനാലാണ് സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തെ



സ്വാശ്രയത്വത്തിലേക്ക് നയിക്കുകയെന്ന ഉത്തമബോധ്യത്തോടെ പുതുവർഷത്തിൽ പ്രഖ്യാപിതമായിരിക്കുന്ന 'അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം'. യു.എൻ. പൊതുസഭയാണ് 2014 കുടുംബകൃഷി വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. മുഖ്യ ധാരയിൽ നിന്ന് സ്ഥാനഭ്രംശം സംഭവിച്ചു പോയ വീട്ടുകൃഷി അഥവാ കുടുംബകൃഷിയെ കാർഷിക, പാരിസ്ഥിതിക, സാമൂഹിക പരിപാടികളുടെ കേന്ദ്രബിന്ദുവായി പുനഃപ്രതിഷ്ഠിക്കുകയെന്നതാണ് വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം.

ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക എന്നീ രാജ്യങ്ങളിലെ കുടുംബകർഷക സംഘടനകളുടെ പ്രധാന പ്രാദേശിക ശൃംഖലകളുമായി സഹകരിച്ചാണ് 'അന്താരാഷ്ട്ര കുടുംബകൃഷി വർഷം' എന്ന ആശയം പ്രോത്സാഹിപ്പിക്കാൻ യു.എൻ. തയാറെടുക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ ലോകഭക്ഷ്യകാർഷിക സംഘടന (എഫ്.എ.ഒ.) ആണ് വിവിധ സർക്കാരുകളുടെയും അന്തർദേശീയ ഏജൻസികളുടെയും ആഗോള, പ്രാദേശിക, ദേശീയ, കർഷക സംഘടനകളുമായും ഇതിന്റെ നടത്തിപ്പിനുവേണ്ട ആശയവിനിമയം നടത്തുന്നത്. സമൂഹത്തിൽ നിന്ന് വിശപ്പും ദാരിദ്ര്യവും നിർമാർജനം ചെയ്യുന്നതിൽ കുടുംബകൃഷിയുടെയും ചെറുകിട കൃഷിയിടങ്ങളുടെയും മഹത്തായ പങ്ക് ആഗോളതലത്തിൽ ശ്രദ്ധാകേന്ദ്രമാക്കാനും ഇതുവഴി സാധിക്കും. പ്രകൃതിവിഭവങ്ങളുടെ പരിപാലനം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിരവികസനം എന്നീ ഉപഘടകങ്ങളും വർഷാചരണത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽപ്പെടുന്നു.

ഐടി, വ്യാവസായിക, ശാസ്ത്രമേഖലകളിൽ കുതിച്ചുചാട്ടം നടത്താനൊരുങ്ങി നിൽക്കുന്ന വർത്തമാനകാല സമൂഹം എന്തിന് കുടുംബകൃഷിയുടെ വേരുകളും മഹത്വവും തേടി ഒരു മടക്കയാത്രയ്ക്കൊരുങ്ങുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്. കുടുംബാംഗങ്ങൾ ഒത്തുചേർന്ന് കൃഷിപ്പണികൾ നടത്തുന്ന ഏതാണ്ട് 500 ദശലക്ഷത്തിലേറെ കുടുംബകൃഷിയിടങ്ങൾ (ഫാമിലി ഫാംസ്) ആഗോളതലത്തിൽ നിലവിലുണ്ടെന്നാണ് ഐക്യരാഷ്ട്രസംഘടന കണക്കാക്കിയിരിക്കുന്നത്. ചെറുകിട കർഷകർ മുതൽ ഇടത്തരം കർഷകർ വരെ പങ്കാളികളാണ്. കർഷകർ, പ്രാദേശിക ജനവിഭാഗങ്ങൾ, പരമ്പരാഗത സമൂഹങ്ങൾ, മത്സ്യത്തൊഴിലാളികൾ, കാലിവളർത്തുന്നവർ തുടങ്ങി സമൂഹത്തിന്റെ വിവിധതലങ്ങളിലുള്ളവർ ഇതിൽപ്പെടുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള വിവിധ വികസ്വരരാജ്യങ്ങളിൽ കൃഷിസ്ഥലത്തിന്റെ 80 ശതമാനവും ഇത്തരം കുടുംബകൃഷിയിടങ്ങളാണെന്നും കണ്ടെത്തിയിട്ടുണ്ട്. ദശലക്ഷക്കണക്കിനാളുകളെ ഊട്ടാനുള്ള ആഹാരം ഉത്പാദിപ്പിച്ചുവരുന്നത് ഈ കുടുംബകൃഷിയിടങ്ങളിൽ നിന്നാണ്.





### മട്ടുപ്പാവിലെ അനന്തസാധ്യതകൾ

ഭക്ഷ്യകാർഷിക സംഘടന കുടുംബകൃഷിയുടെ പ്രോത്സാഹനാർഥം വർഷാചരണം തന്നെ നടത്തുന്ന ഈ സന്ദർഭത്തിൽ ഒരുപക്ഷെ ഇതിന്റെ മുന്നോടിയെന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒരുപിടി പ്രവർത്തനങ്ങൾക്ക് ഇതിനോടകം കേരളത്തിൽ തുടക്കമായിക്കഴിഞ്ഞു എന്നു പറയാം. ഇതിൽ ഏറ്റവും പ്രധാനമാണ് സംസ്ഥാനസർക്കാർ ഇദംപ്രഥമമായി കൃഷിവകുപ്പു മുഖേന നടപ്പാക്കിയ 'സമഗ്ര പച്ചക്കറികൃഷിവികസന പദ്ധതി'. ആദ്യമായി സംസ്ഥാനത്തെ 60 ലക്ഷത്തോളം വിദ്യാർഥികൾക്ക് അഞ്ചിനം പച്ചക്കറിവിത്തുകൾ സൗജന്യമായി നൽകി എല്ലാ വിദ്യാലയങ്ങളിലും വീട്ടുമുറ്റങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ യാഥാർഥ്യമാക്കിയ ബൃഹദ് പദ്ധതിയാണിത്. വിദ്യാലയകൃഷി പ്രോത്സാഹിപ്പിച്ചതുവഴി കുട്ടികളെ വീട്ടുകൃഷിയെന്ന ലക്ഷ്യത്തിലേക്കെത്തിക്കാൻ സാധിച്ചു. വിദ്യലയങ്ങളിലെ പച്ചക്കറിവിളവെടുപ്പ് പലപ്പോഴും കലാമത്സരങ്ങൾ പോലെയോ കായികമേളകൾ പോലെയോ വിദ്യാർഥികളും അധ്യാപകരും രക്ഷകർത്താക്കളും ഒത്തുചേർന്ന് കൃഷിയുടെ യുവജനോത്സവങ്ങളായി മാറിയെന്നതും യാഥാർഥ്യം.

നഗരമധ്യത്തിൽ സ്ഥലപരിമിതിമൂലം പൊറുതിമുട്ടുന്ന നഗരവാസികൾക്കും കുടുംബകൃഷിയിൽ പങ്കാളികളാകാം എന്നതിനും കേരളം അനുകരണീയമായ മാതൃക എഴുതിച്ചേർത്തു. കേരളത്തിൽ ഏകദേശം 60 ലക്ഷം വീടുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ ആറു ലക്ഷം വീടുകൾക്കും മട്ടുപ്പാവുണ്ട്. ഓരോ മട്ടുപ്പാവിനും 500 ചതുരശ്ര അടി വീതം വിസ്തൃതിയുണ്ടെന്നു കണക്കാക്കിയാൽ ആകെ ലഭ്യമാകുന്ന സ്ഥലം എത്രയാണെന്ന് ആലോചിച്ചുനോക്കിയിട്ടുണ്ടോ? 6000 ഏക്കർ. ഇതാണ് മട്ടുപ്പാവുകൾ നമുക്കു മുന്നിൽ തുറന്നിടുന്ന അനന്തസാധ്യതകളുടെ പ്രവർത്തന മേഖല. വൃഥാ ഒഴിച്ചിടുന്ന ഇത്തരം മട്ടുപ്പാവുകളിൽ വിവിധ വിളകൾ വളർത്തിയും കുടുംബകൃഷി എന്ന

**അനുപമ ജി.കെ.**

# ഒരു കൊച്ചു കുടുംബം; സന്തുഷ്ട കർഷകഭവനം

ബാലരാമപുരം മന്നോട്ടുകോണം എസ്.ജെ. നിവാസിൽ ജിനിയുടെ ഏക മകളാണ് അപർണ. ഈ അമ്മയും മകളും ഒരു ഗ്രാമത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കായി പാലും മുട്ടയും പച്ചക്കറിയുമൊക്കെ ഉത്പാദിപ്പിക്കുന്നതിൽ മാതൃക കാട്ടുന്നു.

ഒഴിവു സമയം പാഴാക്കാതിരിക്കുന്നതിനുള്ള ഒരു മാർഗമായി പരീക്ഷണാർഥം 2011 ൽ പശുവിനെ വാങ്ങി വളർത്തി. തുടക്കത്തിൽ വീട്ടാവശ്യത്തിനുള്ള പാൽ, പിന്നെ കൃഷിയിടത്തിലേക്കുള്ള ജൈവവളം ഇത്രയുമാണ് ഈ വീട്ടമ്മ ആഗ്രഹിച്ചിരുന്നത്. ഒരു മാസം കഴിഞ്ഞപ്പോൾ വരവുചെലവുനോക്കി. ദിനംപ്രതി 100 രൂപ



ആശയത്തോട് നമുക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാം. ഇതിനൊരു ചെറിയ ദൃഷ്ടാന്തം മാത്രം ഇവിടെ സൂചിപ്പിക്കാം.

വിഷലിപ്തമായ പച്ചക്കറികൾ നിത്യഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടിവരുന്നതിൽ ആശങ്കാഭരിതരായ തിരുവനന്തപുരം ജില്ലയിലെ 35,000 കുടുംബങ്ങളാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കിയ മട്ടുപ്പാവുകൃഷിയിലേക്ക് സ്വമനസ്സാലെ എത്തിയത്. തങ്ങളുടെ ടെറസ്സുകളിൽ ഒഴിച്ചിട്ടിരുന്ന സ്ഥലത്ത് ഗ്രോബാഗുകളിൽ വിവിധ പച്ചക്കറികൾ വളർത്തിക്കൊണ്ടായിരുന്നു ഇവർ കുടുംബകൃഷിയിൽ പങ്കാളികളായത്. ഓരോ വീട്ടുകാർക്കും 25 ഗ്രോബാഗുകൾ, പോട്ടിങ് മിശ്രിതം എന്നിവയ്ക്കു പുറമെ തക്കാളി, മുളക്, ചീര, അമരപ്പയർ, വഴുതന, കാബേജ്, കോളിഫ്ളവർ തുടങ്ങി വിവിധ പച്ചക്കറികളുടെ 15 ലക്ഷത്തിലധികം തൈകളും ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയ മിഷൻ, ഇതിൽ പങ്കാളികളായ ഓരോ കുടുംബവും രണ്ടുദിവസം കൂടുമ്പോൾ 500 ഗ്രാം മുതൽ ഒരു കിലോ വരെ പച്ചക്കറികൾ വിളവെടുത്തുവെന്ന് കണ്ടെത്തി.

ഈ ദൃഷ്ടാന്തങ്ങൾക്കിടയിൽ നമുക്ക് കുടുംബകൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ ശ്രമിക്കാം. ഗൃഹപരിസരം ചുറ്റിപ്പറ്റി വളരുകയും വികാസം പ്രാപിക്കുകയും ചെയ്തിരുന്ന ഹരിത ആവാസവ്യവസ്ഥയ്ക്ക് നവജീവൻ നൽകാം.

'ഒരുമിച്ചു പ്രാർഥിക്കുന്ന കുടുംബം ഒരുമിച്ചു താമസിക്കുന്നു' എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ഇതിനെ നമുക്ക് ഇങ്ങനെ തിരുത്തിക്കുറിക്കാം.

'ഒരുമിച്ചു കൃഷിചെയ്യുന്ന കുടുംബം ഒരുമിച്ചു വസിക്കുന്നു'

*' The family that farms together stays together'* ■

മിച്ചംപിടിക്കാനാകുമെന്നു കണ്ടു. പിന്നെ പശുക്കളുടെ എണ്ണം കൂട്ടി. 20–25 ലിറ്റർ പാൽ ലഭിക്കുന്ന പശുക്കളെ വളർത്തിയാൽ മാത്രമേ പശു വളർത്തൽ ലാഭകരമാകൂ എന്നാണ് ജിനിയുടെ അനുഭവം.

പശുക്കളുടെ തീറ്റയുടെ കാര്യത്തിൽ ജിനി സ്വയംപര്യാപ്തത നേടി. വീടിനുസമീപത്തെ പുരയിടത്തിൽ പുല്ല്, മരച്ചീനി, വാഴ എന്നിവ കൃഷി ചെയ്യുന്നു. പശുക്കൾക്ക് ദിവസം 10 കിലോ കാലിത്തീറ്റയും അഞ്ചു കിലോ പരുത്തിപ്പിണ്ണാക്കും രണ്ടു നേരമായി നൽകും. ഉച്ചയ്ക്ക് കറവ കഴിഞ്ഞാൽ ഒരു കിലോ പുളിയരിപ്പൊടി വേവിച്ച്, അതിൽ രണ്ടു കിലോ പിണ്ണാക്കും ചേർത്ത് ചെറു ചൂടോടെ നൽകും. കറവപ്പശുക്കൾക്ക് ഓരോന്നിനും ദിവസം 25 കിലോ പുല്ലും രാത്രി മൂന്നു കിലോ വൈക്കോലും നൽകുന്നു. നാല് മണിക്കൂർ ഇടവിട്ട് ശുദ്ധജലം നൽകാറുണ്ട്.

പുലർച്ചെ നാലു മണിയോടെ ജിനിയുടെ ഒരു ദിവസം ആരംഭിക്കും. പശുക്കളെ കുളിപ്പിക്കലാണ് ആദ്യ ജോലി. പിന്നെ തൊഴുത്ത് വൃത്തിയാക്കുന്ന സമയം മകൾ അപർണയും കൂടും. പിന്നെ ജിനി ഒറ്റയ്ക്ക് കറവ തുടങ്ങും. അഞ്ചു മണിയോടുകൂടി പാൽ പാത്രങ്ങളിലാക്കിയശേഷം അടുക്കളപ്പണി തുടങ്ങും. 38 ലിറ്റർ പാൽ തരുന്ന നന്ദിനി എന്ന പശുവിനെ കറക്കാൻ 14 മിനിട്ട് സമയമെടുക്കും. രണ്ടു നേരവുംകൂടി ശരാശരി 165 ലിറ്റർ പാൽ വിൽക്കാനായി കിട്ടും. അയൽക്കാരും ഹോട്ടലുകാരും വാങ്ങിയശേഷം മിച്ചം വന്നാൽ പയറ്റുവിള ക്ഷീരസഹകരണസംഘത്തിൽ നൽകാറാണ് പതിവ്.

ഏഴാം തരത്തിൽ പഠിക്കുന്ന അപർണയുടെ കൂട്ടുകാർ പശുക്കളും കോഴികളുമാണ്. കഴിഞ്ഞ മധ്യവേനലവധിക്ക് അപർണ രണ്ടു കോഴികളിലായി 26 മുട്ട അടയിരുത്തി. 24 മുട്ടകൾ വിരിഞ്ഞുകിട്ടി. അവ ഇപ്പോൾ മുട്ട തന്നുകൊണ്ടിരിക്കുന്നു. "നാടൻ കോഴികളായതിനാൽ വലിയ പരിചരണം വേണ്ടി വന്നില്ല" അമ്മ ജിനി പറഞ്ഞു. വീട്ടാവശ്യത്തിനുള്ള പച്ചക്കറി സ്വന്തം പുരയിടത്തിൽ തന്നെയാണ് ഉത്പാദിപ്പിക്കുന്നത്.

പച്ചക്കറികൾക്ക് വളപ്രയോഗം, ജൈവകീടനാശിനി പ്രയോഗം, ജലസേചനം എന്നിവ നൽകുന്നതും വിളവെടുക്കുന്നതും സ്കൂൾ വിട്ടുവന്നശേഷം അപർണ തന്നെ. ഒപ്പം കലർപ്പില്ലാത്ത പാലും മായമില്ലാത്ത പച്ചക്കറികളും ഉത്പാദിപ്പിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയിൽ ഒരു പങ്കാളിയായതിലുള്ള അഭിമാനത്തിലാണ് അമ്മയും മകളും. ■



**നെയ്യാറ്റിൻകരയിലെ ആറാം ക്ലാസ് വിദ്യാർത്ഥി ഡിനിൽ തന്റെ മട്ടുപ്പാവ് കൃഷിയിലെ ഉത്പന്നങ്ങളുമായി പിതാവിനൊപ്പം**







# ആയിരം ദിനങ്ങളുടെ പൂർണിമയിൽ





ഭാവികേരളത്തെ മുന്നിൽകണ്ടുകൊണ്ടുള്ള വികസനസമീപനം, സർക്കാരിന്റെ കരുതലും ഇടപെടലും ആവശ്യമായ ജനതയ്ക്കു വേണ്ടിയുള്ള ക്ഷേമപരിപാടികൾ...മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ ആയിരം ദിനങ്ങൾ തികയ്ക്കുകയാണ്. കേരളത്തിന്റെ സമഗ്ര വളർച്ചയിലേക്കുള്ള ശോഭനപാതയിൽ നീങ്ങിയ ഈ ദിനങ്ങൾ അടയാളപ്പെടുത്തുന്ന നിരവധി നാഴികക്കല്ലുകളുണ്ട്. പ്രവർത്തനം അതിദ്രുതം പുരോഗമിക്കുന്ന കൊച്ചി മെട്രോയും സ്മാർട്ട് സിറ്റിയും മാത്രമല്ല സഫലവാഗ്ദാനങ്ങളായി മാറാൻ പോകുന്നത്. വിഴിഞ്ഞം തുറമുഖപദ്ധതി, കണ്ണൂർ വിമാനത്താവളം, കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ തുടങ്ങിയവയും തടസ്സങ്ങൾ മറികടന്ന് മുന്നേറുകയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, സമഗ്രപൊതുജനാരോഗ്യം ലക്ഷ്യമിടുന്ന ആരോഗ്യകിരണം പദ്ധതി, വിദ്യാർഥി സംരംഭക പദ്ധതി, കാരുണ്യ ചികിത്സാ സഹായനിധി, പുതിയ എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി, മലയാള സർവകലാശാല എന്നിങ്ങനെ സാമൂഹിക ക്ഷേമ രംഗത്തുണ്ടാക്കിയ നേട്ടങ്ങൾ അനവധിയാണ്. ■








ആരോഗ്യ മേഖലയിൽ
ആശ്വാസകിരണമായി
UDF സർക്കാരിന്റെ
സ്വപ്ന പദ്ധതികൾ !


കൊച്ചി മെട്രോയുടെ
നിർമ്മാണോദ്ഘാടനം
KOCHI
METRO

■ എഴുമാവിൽ രവീന്ദ്രനാഥ്



ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപത്തിന്റെ ചരിത്രവഴികളിലൂടെ

# മുറജപസ്മൃതികൾ

ഒരു മുറജപം കൂടി കഴിഞ്ഞു. രാജ്യത്തിന്റെ അഭിവൃദ്ധിക്കും പ്രജകളുടെ ക്ഷേമത്തിനും ആധ്യാത്മിക വഴികളിലൂടെ മുറപ്രകാരമുള്ള ഒരു യാത്ര കൂടിയേതീരു എന്ന വൈദികവിധിയുടെ ചുവടുപിടിച്ച് മാർത്താണ്ഡവർമ മഹാരാജാവ് കൊല്ലവർഷം 919 മിഥുനമാസം 23 ന് (1744 ജൂലൈ അഞ്ച്) തുടങ്ങിവെച്ച മഹായജ്ഞമാണ് മുറകളൊന്നും തന്നെ തെറ്റിക്കാതെ ലക്ഷദീപ പ്രഭയിൽ പുതുതലമുറ അതിഗംഭീരമായിത്തന്നെ ആഘോഷിച്ചത്. ചരിത്രകുതുകികളും ഗവേഷണ വിദ്യാർഥികളും മാധ്യമപ്രവർത്തകരും ഏറെ കൗതുകത്തോടുകൂടിയാണ് ഈയൊരു ആഘോഷത്തെ വരവേറ്റത്. ഒരു ക്ഷേത്രം കേന്ദ്രീകരിച്ചു നടത്തുന്നതുകൊണ്ടും ഒരു മതത്തിലെ പ്രാമാണിക ഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയതുകൊണ്ടും മുറജപം ഒരു മതപരിപാടിയായി മാറുന്നില്ല. ചരിത്രവഴികളിലൂടെ സഞ്ചരിച്ചാൽ മാത്രമേ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സുവ്യക്തമാവുകയുള്ളു.

'ചെറുകിട രാജാക്കന്മാരെയും പ്രധാനികളെയും മാടമ്പിമാരെയും എട്ടുവീട്ടിൽ പിള്ളമാരെയും ഒതുക്കിയ ശേഷം യുദ്ധം, വധം എന്നീ പാപത്തിന്റെ പ്രായശ്ചിത്തമായും രാജ്യത്തിന്റെ ഐശ്വര്യത്തിനായും ചില വൈദികകർമങ്ങൾ അനുഷ്ഠിക്കാൻ മഹാരാജാവ് തീരുമാനിച്ചു. ഇതിനായി മധുര, തിരുനൽവേലി, മലബാർ എന്നീ പ്രദേശങ്ങളിലെ വൈദിക ബ്രാഹ്മണരെ അദ്ദേഹം വിളിച്ചുവരുത്തുകയും നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും തിരഞ്ഞ് പ്രായശ്ചിത്തവിധികൾ



ഏവയെന്നു കണ്ടുപിടിക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. കഴിഞ്ഞകാലത്തെ ഒരു ക്ഷത്രിയ രാജാവായ കാർത്തവീര്യാർജുനൻ ഇത്തരം സന്ദർഭത്തിൽ അനുഷ്ഠിച്ചതും വേദവിധിപ്രകാരം ചെയ്യേണ്ടതുമായ മുഖ്യ പ്രതിവിധികൾ മുറജപവും ഭദ്രദീപവും ആണെന്ന് ബ്രാഹ്മണർ ഐകകണ്ഠമായി അഭിപ്രായപ്പെട്ടു. ഇതനുസരിച്ച് മകരം ഒന്നു മുതൽ ഏഴു ദിവസത്തെ ജപ യജ്ഞത്തിനും ദാനങ്ങൾക്കും ശേഷം ഭദ്രദീപം കത്തിക്കണം. ഇത് കർക്കിടകം ഒന്നാം തീയതി മുതൽ വീണ്ടും ഏഴുദിവസത്തേക്കു ചെയ്യണം. ഇങ്ങനെ അഞ്ചു കൊല്ലം തുടർച്ചയായി നിർവഹിച്ച ശേഷം ആറാം വർഷം മുറജപം എന്ന ചടങ്ങുകൊണ്ടാടണമെന്നും നിശ്ചയിച്ചു". തിരുവിതാംകൂർ ദിവാൻ പേഷ്കാർ ആയിരുന്ന പി. ശങ്കുണ്ണിമേനോൻ രചിച്ച ഹിസ്റ്ററി ഓഫ് ട്രാവൻകൂർ ഫ്രം ദി ഏർലിയസ്റ്റ് ടൈംസ് എന്ന ഗ്രന്ഥത്തിൽ മുറജപത്തിന്റെ തുടക്കത്തെക്കുറിച്ച് ഇങ്ങനെയാണ് വിവരിച്ചിട്ടുള്ളത്.

## വൈദിക കൂട്ടായ്മ

മുറജപം എന്നതിന് മുറ തെറ്റാതെയുള്ള ജപം എന്നാണർഥം. വേദപാരായണമെന്നും ഇതിന് അർഥം കൽപ്പിക്കപ്പെട്ടിരിക്കുന്നു (മുറ-വേദം). ഒരുമിച്ച് ഒരേസ്വരത്തിൽ വേദമന്ത്രോച്ചാരണങ്ങളും ദേവപൂജയുമാണ് ഇക്കാലത്ത് നടത്തുക. ഋഗ്വേദം, സാമവേദം, യജുർവേദം എന്നിവയാണ് മുറജപത്തിൽ ഉരുവിടുന്നത്. 56 ദിവസം നീണ്ടുനിൽക്കുന്ന ഈ യജ്ഞത്തെ ഏഴായി വിഭജിച്ചിരിക്കുന്നു. എട്ടുനാൾ ഒരു മുറയെന്നാണ് കണക്ക്. വൃശ്ചികമാസം ആദ്യവാരത്തിൽ തുടങ്ങി മകരസംക്രമത്തിൽ പൂർത്തീകരിക്കുംവിധമാണ് ഇത് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഉത്തരായനസംക്രമണ ദിനം ലക്ഷദീപപ്രഭയിലാവും ഈ ആഘോഷത്തിന് തിരശ്ശീല വീഴുന്നത്.

വളരെയേറെ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്ന മുറജപത്തോടു കിടപിടിക്കുന്ന ആധ്യാത്മികയജ്ഞം കേരള ചരിത്രത്തിൽ നടന്നിട്ടുള്ളതായി കാണുന്നില്ല. തിരുവട്ടാർ, പത്മനാഭപുരത്തിനടുത്തുള്ള വളവച്ചുഗോപുരം, ആറ്റിങ്ങൽ, ശുചീന്ദ്രം, കൽക്കുളം തുടങ്ങിയ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽ വൈദികക്കൂട്ടായ്മകൾ ഉത്സവത്തോടനുബന്ധിച്ചു ചേർന്നിട്ടുള്ളതായി പരാമർശങ്ങളുണ്ട്. അനിഴം തിരുനാൾ മാർത്താണ്ഡവർമയ്ക്ക് മുറജപം കെങ്കേമമായി നടത്തുന്നതിന് ഈ കൂട്ടായ്മകൾ പ്രചോദനമായിരുന്നിരിക്കണം.

വളരെ ശാസ്ത്രീയമായിട്ടായിരുന്നു മുറജപത്തിന്റെ ഒരുക്കങ്ങൾ നടത്തിയിരുന്നത്. ഇതിലേക്കായി ഭരണതലത്തിൽ മുറജപ പേഷ്കാരെത്തന്നെ നിയമിക്കുകയുണ്ടായി. ഒപ്പം പ്രവൃത്തികാരന്മാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു പട തന്നെ കോട്ടയ്ക്കകത്ത് വിന്യസിച്ചിരുന്നു. ഏതാണ്ട് മൂവായിരം ബ്രാഹ്മണ പണ്ഡിതരെയാണ് ഈ യജ്ഞത്തിൽ പങ്കെടുപ്പിച്ചിരുന്നത്. ഇവരുടെ താമസം, ഭക്ഷണം, ആരോഗ്യപാലനം, വിനോദം തുടങ്ങിയവയ്ക്കുള്ള സംവിധാനങ്ങളെ പേഷ്കാർ നേരിട്ടു വിലയിരുത്തി ദിവാൻ പേഷ്കാർക്കു നിത്യവും റിപ്പോർട്ട് നൽകണം. ഓരോ വിഭവങ്ങളിലും വിദഗ്ധരായ തമിഴ് ബ്രാഹ്മണരും നായന്മാരുമടങ്ങിയ പാചകക്കാരെയാണ് ഊട്ടുപുരയിലേക്ക് നിയോഗിച്ചിട്ടുള്ളത്. വിവിധ നാടുകളിലെ രീതിക്കും രുചിക്കും അനുസരിച്ച വിഭവങ്ങളാണ് ഓരോ ദിവസവും വിളമ്പുക.

**വളരെ ശാസ്ത്രീയമായിട്ടായിരുന്നു മുറജപത്തിന്റെ ഒരുക്കങ്ങൾ നടത്തിയിരുന്നത്. ഇതിലേക്കായി ഭരണതലത്തിൽ മുറജപ പേഷ്കാരെത്തന്നെ നിയമിക്കുകയുണ്ടായി. ഒപ്പം പ്രവൃത്തികാരന്മാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു പട തന്നെ കോട്ടയ്ക്കകത്ത് വിന്യസിച്ചിരുന്നു. ഏതാണ്ട് മൂവായിരം ബ്രാഹ്മണ പണ്ഡിതരെയാണ് ഈ യജ്ഞത്തിൽ പങ്കെടുപ്പിച്ചിരുന്നത്.**



ക്ഷേത്രം 1900ത്തിലെ ചിത്രം

ചിരട്ടമൺ മൂസ്സിന്റെ നേതൃത്വത്തിലുള്ള വൈദ്യസംഘം നെയ്തശ്ശേരി മഠത്തിൽ മാസങ്ങൾക്കുമുമ്പേയെത്തും. വിധിപ്രകാരമുള്ള എണ്ണ, കുഴമ്പ്, ചൂർണങ്ങൾ, അരിഷ്ടാസവങ്ങൾ, ഗുളികകൾ ഇവയെല്ലാം അവിടെത്തന്നെ തയാറാക്കും.

## അപേക്ഷകർക്ക് അഭിമുഖവും

ജപയജ്ഞത്തിൽ പങ്കാളികളാകാനുള്ള അപേക്ഷകരുമായി അഭിമുഖം നടത്തി യോഗ്യരായവരെ തിരഞ്ഞെടുക്കാനുള്ള ദൗത്യം തിരുനാവായ, തൃശൂർ വാധ്യാന്മാർക്കായിരുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ കുറിമാനങ്ങളിൽ 'തുല്യംചാർത്തുന്നത്' തരണനല്ലൂർ തന്ത്രികളായിരിക്കും. ആക്ഷേപമോ, അഭിപ്രായവ്യത്യാസങ്ങളോ ഉണ്ടായാൽ അന്തിമതീർപ്പ് ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടേതായിരിക്കും. ഒരു രാജകീയ ഇടപെടലും ഇതിൽ ഉണ്ടാവാറില്ല. തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഗുരുസ്ഥാനീയരായ തമ്പ്രാക്കൾ പരിവാരസമേതം മിത്രാനന്ദപുരം ബ്രഹ്മസ്വം മഠത്തിലായിരിക്കും ഇക്കാലയളവിൽ താമസിക്കുന്നത്. മലപ്പുറത്തെ വളാഞ്ചേരിക്കടുത്തുള്ള ആതവനാട് ഗ്രാമമാണ് തമ്പ്രാക്കളുടെ ആസ്ഥാനം. ഇവിടെപ്പോയിട്ടാണ് രാജപ്രതിനിധികൾ മുറജപത്തിനുള്ള അനുവാദം കാലേക്കൂട്ടി വാങ്ങുന്നത്. മുറജപത്തിന് തുടക്കമിട്ട് പന്ത്രണ്ടുമാസങ്ങൾക്ക് മുമ്പുതന്നെ മുറജപസഹസ്രനാമം നടത്തും. എല്ലാ വർഷവും മകരം ഒന്നിനും കർക്കടകം ഒന്നിനും ഭദ്രദീപം കൊളുത്തുകയും ഒന്നാം വർഷം മകരം ഒന്നിന് ലക്ഷദീപത്താൽ ശ്രീപത്മനാഭനെ ചൈതന്യപൂർണമാക്കുകയും ചെയ്യുന്നതിലൂടെ രാജ്യം അഭിവൃദ്ധിയിലേക്കുയരുമെന്നായിരുന്നു വിശ്വാസം. മകരദീപത്തെ മാർകഴിഭദ്രദീപമെന്നും, കർക്കിടക ദീപത്തെ ആടിഭദ്രദീപമെന്നുമാണ് വിളിച്ചിരുന്നത്.

> ത്രിസന്ധ്യയ്ക്കുശേഷമാണ് ജലജപം തുടങ്ങുക. പത്മതീർഥക്കുളത്തിൽ മുട്ടോളം വെള്ളത്തിൽ നിന്നാണ് ഈ ചടങ്ങ് നടത്തുക. ആയിരത്തോളം നമ്പൂതിരിമാർ ഒരേസമയം ജലജപത്തിൽ ഏർപ്പെടുമ്പോൾ മഹാരാജാവ് ഇവരെ വലംവെച്ചു നീങ്ങും



വേദജപം, ജലജപം, മന്ത്രജപം, സഹസ്രനാമജപം എന്നിങ്ങനെ ചതുർവിധജപങ്ങളാണ് ഭക്തിപൂർവം നടത്തിയിരുന്നത്. ഒരു വാക്കോ വരിയോ വിടാതെയുള്ള മന്ത്രപ്രവാഹം ഉറപ്പുവരുത്തുന്നതിനുവേണ്ടിയായിരുന്നു യോഗ്യതയുള്ളവരെ കണ്ടെത്താൻ വാധ്യാന്മാർ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിരുന്നത്.

ത്രിസന്ധ്യയ്ക്കുശേഷമാണ് ജലജപം തുടങ്ങുക. പത്മതീർഥക്കുളത്തിൽ മുട്ടോളം വെള്ളത്തിൽ നിന്നാണ് ഈ ചടങ്ങ് നടത്തുക. ആയിരത്തോളം നമ്പൂതിരിമാർ ഒരേ സമയം ജലജപത്തിൽ ഏർപ്പെടുമ്പോൾ മഹാരാജാവ് ഇവരെ വലംവെച്ചു നീങ്ങും. ബലിക്കൽപ്പുരയിൽ മൂന്നു വരിയായിരുന്നാണ് സഹസ്രനാമയജ്ഞം നടത്തിയിരുന്നത്. രാജകുടുംബാംഗങ്ങൾ ഈ ചടങ്ങിന് സാക്ഷ്യം വഹിക്കാനെത്തിയിരുന്നു. ശീവേലിപ്പുരയായിരുന്നു മന്ത്രജപങ്ങൾക്കുള്ള വേദിയായിരുന്നത്.

താമസം, ഭക്ഷണം, ആരോഗ്യരക്ഷ എന്നിവയ്ക്കു പുറമെ കനത്ത ദക്ഷിണയും കിട്ടുമെന്നതിനാൽ മുറജപത്തിൽ പങ്കെടുക്കുവാൻ ബ്രാഹ്മണർ വളരെയേറെ താത്പര്യം കാണിച്ചിരുന്നു. ഓരോ ബ്രാഹ്മണനും പ്രതിദിനം മൂന്നരപ്പണവും വാധ്യാർക്ക് നൂറ്റൊന്നു പണവും തമ്പ്രാക്കൾക്ക് ആയിരത്തൊന്നു പണവുമാണ് ദക്ഷിണയായി നൽകിയിരുന്നത്. ആദ്യമുറജപത്തിന് രണ്ടു ലക്ഷം രൂപ ചെലവുവന്നതായാണ് ദിവാൻ പേഷ്കാരുടെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത്. (14,49,959 പണം) ഇതിനെ രാജകീയ ധൂർത്തെന്നു വിമർശിച്ചവർ ധാരാളമുണ്ട്. തിരുവിതാംകൂറിന്റെ സാംസ്കാരിക, ആധ്യാത്മികോത്സവമായ മുറജപത്തെ പൂർണമായും ന്യായീകരിക്കുകയും ബ്രിട്ടീഷ് ഭരണകൂടത്തിന്റെ തുൾപ്പെടെയുള്ള വിമർശന ശരങ്ങളെ പരോക്ഷമായി പ്രതിരോധിക്കുകയും ചെയ്തുകൊണ്ടുള്ള ശങ്കുണ്ണിനായരുടെ കുറിപ്പുകൾ ഇങ്ങനെ പോകുന്നു. 'ആധുനിക പാശ്ചാത്യലോകത്തിന് ഇതിൽ അത്ഭുതമോ പരിഹാസമോ തോന്നാം. പക്ഷെ, യാഥാർഥ്യം മനസ്സിലാക്കിയാൽ ഇത് പ്രശംസനീയമായ ഒരു സത്കർമമാണെന്നു ബോധ്യമാകും. ഈശ്വരപ്രീതി നേടുന്ന ഈ പ്രവൃത്തിയിൽ തന്റെ മതവിശ്വാസത്തിനും ഭക്തിക്കും പ്രകടമായ തെളിവായി മഹാരാജാവിന് ഇതിനെ ന്യായീകരിക്കാനും സാധിക്കുന്നതാണ്. ദേവസ്തുതിയും പ്രാർഥനകളും നടത്തി പാപമോചനവും പ്രായശ്ചിത്തവും ചെയ്യുന്നത് ഹീബ്രുവിലായാലും ഗ്രീക്കിലായാലും സിറിയക്കിലോ, ഇംഗ്ലീഷിലോ, ലത്തീൻ ഭാഷയിലോ, സംസ്കൃതത്തിലോ ഏതിലായാലും ഒരേ ഉദ്ദേശ്യത്തോടുകൂടിയാണ് നടത്തുന്നത്. ബോധമുള്ള ഒരാളും ഇതിനെ അപഹസിക്കാൻ മുതിരുകയില്ല. (പേജ് 134, തിരുവിതാംകൂർ ചരിത്രം, നാലാം പതിപ്പ്)

ഡോ. രാജാ വാര്യർ

# ആദ്യ മലയാളനാടകം ശാകുന്തളമല്ല

**കല്ലൂർ ഉമ്മൻ പീലിപ്പോസിന്റെ 'ആൾമാറാട്ട' മാണ് പ്രഥമ മലയാളഭാഷാ നാടകം**

ആദ്യത്തെ മലയാള നാടകം ഏത് എന്നതിന് വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നു. മലയാള നാടകവേദിയെന്നും കേരളനാടകവേദിയെന്നുമുള്ളതിനെ വേറിട്ട് കാണേണ്ടതുണ്ട്. മലയാള ഭാഷയിലുണ്ടായ വരമൊഴിയിലുള്ള നാടകത്തെയാണ് കണക്കാക്കുന്നതെങ്കിൽ അതിനും ഇവിടെ ഭിന്നാഭിപ്രായങ്ങളാണുള്ളത്. എഴുതി പ്രസിദ്ധീകൃതമാകുന്നതിനും വളരെ മുമ്പുതന്നെ വ്യത്യസ്തമായ നാട്യവഴക്കങ്ങളാൽ സമ്പന്നമാണ് കേരളം. നമ്മുടെ ട്രൈബൽ-നാടോടി-ക്ലാസിക്കൽ തിയേറ്ററുകളെല്ലാം അവയ്ക്ക് ഉദാഹരണമായി ഇന്നും നിലനിൽക്കുന്നുമുണ്ട്.

കേരള നാടകവേദിക്ക് നൂറ്റാണ്ടുകളുടെ, അതിനുമപ്പുറം ആയിരക്കണക്കിന് വർഷങ്ങളുടെ പൈതൃകം അവകാശപ്പെടാൻ പാകത്തിലുള്ളതാണ് ഇപ്പറഞ്ഞ ട്രൈബൽ-നാടോടി-ക്ലാസിക്കൽ കലാരൂപങ്ങൾ, ഇന്ന് നിലനിൽക്കുന്നതിനുമപ്പുറമുള്ള നമ്മുടെ നാട്യവഴക്കങ്ങളുടെ രൂപം, ഭാവം, അവതരണ പ്രത്യേകതകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ നമുക്കുമുമ്പിലില്ല. കൂട്ടായ്മയിലൂടെയുള്ള ആശയാവിഷ്കരണവും വികാരപ്രകടനവുമൊക്കെയാണ് നാട്യത്തിന്റെ തുടക്കമെന്ന് കരുതാവുന്നതാണ്. ലോകത്തെ ഏതൊരിടത്തെയുംപോലെ, വിളവെടുപ്പും പ്രകൃത്യാരാധനയും ദേവാരാധനയുമായൊക്കെ ബന്ധപ്പെട്ടാണ് നമ്മുടെ പ്രാക്തനകലാരൂപങ്ങളുടെയും തുടക്കം. ആട്ടവും പാട്ടും കൊട്ടുമൊക്കെ പിൽക്കാലത്ത് സ്വതന്ത്രകലാരൂപങ്ങളായി പരിണമിച്ചു.

വാമൊഴി പാരമ്പര്യത്തിലൂടെ തലമുറ തലമുറ കൈമാറിവന്ന നമ്മുടെ നാട്യാനുശീലനത്തിന് മാനവ സംസ്കാരചരിത്രത്തോളം പഴക്കമുണ്ട്. ഇത്തരത്തിൽ വാമൊഴി പാരമ്പര്യത്തിലൂടെ കൈമാറിവന്ന നാട്യപൈതൃകം ഉള്ളടങ്ങിയതാണ് കേരളനാടകപ്രസ്ഥാനം. സ്വതന്ത്രമലയാളനാടക പ്രസ്ഥാനത്തിന്റെ അഥവാ, വരമൊഴിയിലുള്ള നാടകസാഹിത്യത്തെ ഗണിച്ചുകൊണ്ട് കേരളനാടക ചരിത്രത്തിന്റെ തുടക്കത്തെ അന്വേഷിക്കുന്നവർ കേവലം നൂറ് നൂറ്റിനാല്പത് വർഷത്തെ പഴക്കമാണ് മലയാള നാടകത്തിനുള്ളതെന്ന് കണക്കാക്കപ്പെടുന്നു.

നാട്യത്തെക്കുറിച്ചും അഭിനയത്തെക്കുറിച്ചുമൊക്കെ മലയാളത്തിലുണ്ടായ ആദ്യധാരണകൾ സംസ്കൃതത്തിൽ നിന്നായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിലാണ് ഇന്ന് നാം കരുതുന്ന രീതിയിലുള്ള നാടകവേദിയും നാടകരചനകളുമൊക്കെ കേരളത്തിലുണ്ടാകുന്നത്. മലയാളത്തിൽ നാടകം രൂപപ്പെട്ടതെങ്ങനെയെന്നതിനെ സംബന്ധിച്ച് പരസ്പരവൈരുദ്ധ്യങ്ങളും വിയോജിപ്പുകളും ഇവിടെ നിലനിന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അന്യനാടുകളിൽനിന്നും പറിച്ചുനടപ്പെട്ട ഒരു കലാരൂപമെന്നാണ് നാടകത്തെപ്പറ്റി സി.ജെ. തോമസി



കേരളവർമ്മ വലിയകോയിത്തമ്പുരാൻ

നെപ്പോലുള്ളവർ കരുതിയിരുന്നത്. ഗോത്ര സംസ്കൃതിയുടെ അടിവേരുകളിൽ നിന്നും പൊട്ടിമുളച്ച് പടർന്നുപന്തലിച്ച നമ്മുടെ പ്രാക്നാട്യവഴക്കങ്ങളെ പരിഗണിക്കുമ്പോൾ സി.ജെ. യുടെ ഈ അഭിപ്രായത്തോട് ഒരിക്കലും യോജിക്കുകവയ്യ.

## സംസ്കൃത നാടക പരിഭാഷകൾ

പത്തൊമ്പതാം നൂറ്റാണ്ടിലാണ് ആംഗലേയ നാടകരീതികൾ കേരളത്തിന് പരിചിതമായത്. ആധുനിക രൂപഭാവങ്ങളാർജിച്ച് മലയാളഗദ്യഭാഷ പരിവർത്തനവിധേയമായ കാലമാണിത്. കേരള സാംസ്കാരികാന്തരീക്ഷത്തിലും ഇക്കാലയളവിൽ വ്യതിചലനങ്ങളുണ്ടായി. മലയാളനാടകവേദിയുടെയും നാടകസാഹിത്യത്തിന്റെയും വളർച്ചയുടെ സുപ്രധാനഘട്ടം ആരംഭിക്കുന്നത് സംസ്കൃതനാടക പരിഭാഷകളോടെയാണ്. കേരളവർമ വലിയകോയിത്തമ്പുരാന്റെ സാഹിത്യസംഭാവന മലയാള നാടകപ്രസ്ഥാനത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. 1881-ലാണ് വലിയകോയിത്തമ്പുരാൻ കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിന് കേരളീയ ഭാഷാശാകുന്തളം എന്ന പേരിൽ ഒരു പരിഭാഷയുണ്ടാക്കിയത്. 1056-ഇടവം മുതൽ 1057 മിഥുനം വരെയുള്ള വിദ്യാവിലാസിനി മാസികയുടെ പതിനാല് ലക്കങ്ങളിലായാണ് ഇത് ഖണ്ഡശഃ പ്രസിദ്ധീകരിച്ചത്. 1882-ജൂൺ പതിനൊന്നിനിറങ്ങിയ ലക്കത്തിലാണ് നാടകം പൂർത്തീകരിച്ചത്.

> മലയാളനാടകവേദിയുടെയും നാടകസാഹിത്യത്തിന്റെയും വളർച്ചയുടെ സുപ്രധാനഘട്ടം ആരംഭിക്കുന്നത് സംസ്കൃതനാടക പരിഭാഷകളോടെയാണ്. കേരളവർമ വലിയകോയിത്തമ്പുരാന്റെ സാഹിത്യസംഭാവന മലയാള നാടകപ്രസ്ഥാനത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. 1881 –ലാണ് വലിയകോയിത്തമ്പുരാൻ കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിന് കേരളീയ ഭാഷാശാകുന്തളം എന്ന പേരിൽ ഒരു പരിഭാഷയുണ്ടാക്കിയത്.

മഹാകവി കാളിദാസനോടുള്ള അതിയായ ആദരവും സംസ്കൃതഭാഷയുടെ മഹത്വം മലയാളികൾ മനസ്സിലാക്കട്ടെയെന്ന ആഗ്രഹവുമാണ് കേരളവർമ വലിയകോയിത്തമ്പുരാനെ ശാകുന്തള തർജമയ്ക്ക് പ്രേരിപ്പിച്ചത്. കാളിദാസന്റെ സംസ്കൃതത്തിലുള്ള അഭിജ്ഞാന ശാകുന്തളത്തിനു പുറമേ സർ മോണിയർ വില്യംസ് 1853-ൽ തയാറാക്കിയ അഭിജ്ഞാന ശാകുന്തളത്തിന്റെ ആംഗലേയ പരിഭാഷയെക്കൂടി ആശ്രയിച്ചുകൊണ്ടാണ് വലിയകോയിത്തമ്പുരാൻ കേരളീയ ഭാഷാശാകുന്തളം രചിച്ചത്.

ഇംഗ്ലീഷുകാരനായ സർ വില്യം ജോൺസ് 1789-ൽ തയാറാക്കിയ തർജമയിലൂടെയാണ് അഭിജ്ഞാന ശാകുന്തളം ഒരു പാശ്ചാത്യഭാഷയിലേക്ക് ആദ്യമായി കടന്നുചെല്ലുന്നത്. 1789-ലാണ് ജോർജ് ഫോസ്റ്റർ ഇംഗ്ലീഷിൽ നിന്നും ജർമൻ ഭാഷയിലേക്ക് ശാകുന്തളപരിഭാഷ ഒരുക്കിയത്. ഗെയ്ഥേ വായിച്ചത് ഈ കൃതിയായിരുന്നു. 1803-ൽ എ.ബ്രുഗ്യുരെ ഫ്രഞ്ചിലേക്കും 1815-ൽ എൽ.ഡോറിയ ഇറ്റാലിയനിലേക്കും ജോൺസിന്റെ കൃതി വിവർത്തനം ചെയ്തു. ഇതിനു ശേഷവും വിദേശഭാഷകളിലേക്ക് അനേകം പരിഭാഷകളുണ്ടായി. അവയിൽ ഏറ്റവും പ്രശസ്തി കൈവരിച്ചത് സർ മോണിയർ വില്യംസ് 1853-ൽ ഒരുക്കിയ പരിഭാഷയാണ്.

സംസ്കൃതപദങ്ങളുടെ ബാഹുല്യത്തെപ്പറ്റി ഏറെ ആക്ഷേപങ്ങളുണ്ടായതിനാൽ ചില തിരുത്തലുകളോടുകൂടി കേരളീയ ഭാഷാശാകുന്തളം പുനഃപ്രസിദ്ധീകരിക്കാൻ ഭാഗിനേയനായ എ. ആർ. രാജരാജവർമയെ ഏല്പിച്ചു. തന്റേതായ തിരുത്തലുകളോടുകൂടി 1908-ൽ എ.ആർ. വീണ്ടും പ്രസിദ്ധീകരിച്ചു. ഈ കൃതിക്കും ആക്ഷേപങ്ങളുണ്ടായതിനെത്തുടർന്നാണ് കേരളവർമതന്നെ വീണ്ടും പരിഷ്കരിച്ച് മണിപ്രവാള ശാകുന്തളം എന്ന പേരിൽ 1912-ൽ പ്രസിദ്ധീകരിച്ചത്.

കാളിദാസന്റെ ശാകുന്തളത്തിന്റെ പരിഭാഷകളെയും കേരളവർമ വലിയകോയിത്തമ്പുരാന്റെ തർജമകളെയും കുറിച്ച് ഇവിടെ സൂചിപ്പിച്ചത് എന്തെന്നാൽ, കേരളവർമ വലിയകോയിത്തമ്പുരാന്റെ ആദ്യ ശാകുന്തള പരിഭാഷയിലാണ് മലയാളനാടകത്തിന്റെ ചരിത്രാരംഭം പലരും കുറിക്കുന്നത് എന്നതിനാലാണ്. എന്നാൽ, ഇതിനുമുമ്പുതന്നെ കേരളത്തിൽ പരിഭാഷാനാടകമുണ്ടായിട്ടുണ്ട് എന്നതാണ് വാസ്തവം. പക്ഷേ, അത് സംസ്കൃതത്തിൽ നിന്നായിരുന്നില്ല. മറിച്ച്, ഇംഗ്ലീഷിൽ നിന്നായിരുന്നുവെന്നു മാത്രം.

വില്യം ഷേക്സ്പിയറുടെ ആദ്യകാലകൃതികളിലൊന്നാണ് കോമഡി ഓഫ് എറേഴ്സ് എന്ന കോമഡി നാടകം. ലാറ്റിൻ കോമഡി നാടകകൃത്തായിരുന്ന പ്ളോട്ടസിന്റെ മെനക്മസ് കപ്പിൾസ് എന്ന കൃതിയെ അടിസ്ഥാനമാക്കിയാണ് ഷേക്സ്പിയർ കോമഡി ഓഫ് എറേഴ്സിന്റെ രചന നിർവഹിച്ചത്. ലാറ്റിൻ നാടകത്തെ ആശ്രയിക്കുന്നുണ്ടെങ്കിൽത്തന്നെയും ഏറെ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും ഷേക്സ്പിയർ കോമഡി ഓഫ് എറേഴ്സിൽ വരുത്തിയിട്ടുണ്ട്. ഉന്നത നിലവാരത്തിലുള്ള ഒന്നായി ഈ കൃതിയെ നിരൂപകൻ വിലയിരുത്തുന്നില്ല.




## സാഹിത്യചരിത്രത്തിലെ അവഗണന

കോമഡി ഓഫ് എറേഴ്സിന് മലയാളത്തിൽ ആദ്യമായി ഒരു പരിഭാഷയുണ്ടായത് 1866-ലാണ്. കല്ലൂർ ഉമ്മൻ പീലിപ്പോസ് തയ്യാറാക്കിയ സ്വതന്ത്രവിവർത്തനത്തിന്റെ പേര് 'ആൾമാറാട്ടം' എന്നാണ്. കൊച്ചിയിലെ ഗ്രാന്റ് ഇൻ എയ്ഡ് സ്കൂളിൽ അധ്യാപകനായിരുന്ന കല്ലൂർ ഉമ്മൻ പീലിപ്പോസാശാൻ രചിച്ച ആൾമാറാട്ടം കൊച്ചിയിലെ 'വെസ്റ്റേൺ സ്റ്റാർ' അച്ചുകൂടത്തിൽ മുദ്രണം ചെയ്തത് 1866- നവംബർ മാസത്തിലായിരുന്നു. പത്രപ്രവർത്തകൻ എന്നനിലയിലും പേരെടുത്തിരുന്ന പീലിപ്പോസ് ആൾമാറാട്ടം എന്ന കൃതിയുടെ ലക്ഷ്യം ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. 'കേരളവാസികളായ നമ്മുടെ സ്വന്തം ഭാഷയ്ക്കു അലങ്കാരമായ കൃതികൾ ഗദ്യത്തിൽ അപൂർവമായിരിക്കകൊണ്ടു സ്വയമായിട്ടെങ്കിലും അന്യഭാഷയിൽ നിന്നെടുത്തിട്ടെങ്കിലും ആ കുറവു നികത്താൻ കഴിയുന്നത്ര യത്നങ്ങൾ ഒക്കെയും ചെയ്യുന്നതിലേക്കു ദൃഷ്ടിവെക്കുന്നതു നമ്മുടെ മുറയാകുന്നു എന്ന് ഏവരും സമ്മതിക്കുമല്ലൊ, എന്നാണ് പീലിപ്പോസ് ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

ഇപ്പറഞ്ഞ രണ്ടു കൃതികൾ മലയാളത്തിലേക്ക് കടന്നുവന്നത് പതിനാറ് വർഷത്തെ

കാലവ്യത്യാസങ്ങളിലാണ്. കല്ലൂർ ഉമ്മൻ പീലിപ്പോസിന്റെ 'ആൾമാറാട്ടം' പുറത്തുവന്ന പതിനാറ് വർഷത്തിനുശേഷമാണ് കേരളവർമ വലിയകോയിത്തമ്പുരാന്റെ കേരളീയ ഭാഷാശാകുന്തളം പുറത്തുവരുന്നത്. കാലപരിഗണനയിൽ ആൾമാറാട്ടമാണ് ആദ്യകൃതിയെന്നതിന് മറ്റൊരു തെളിവുവേണ്ട. എന്നാൽ, ഈ സത്യത്തെ വകവച്ചുകൊടുക്കുന്നതിൽ മലയാളത്തിലെ സാഹിത്യചരിത്രരചയിതാക്കളിൽ പലരും തയ്യാറായിട്ടില്ല എന്നതാണ് വാസ്തവം.

കൃതികളുടെ പരിപൂർണതയോ രചനാപരമായ സവിശേഷതയോ ഒന്നുമല്ല ഇവിടെ ശ്രദ്ധേയമാകേണ്ടത്. ഒന്നുരണ്ട് വസ്തുതകൾ ഇവിടെ നിരീക്ഷിക്കേണ്ടതുണ്ട്. ഇപ്പറഞ്ഞ രണ്ട് കൃതികളും ഒട്ടേറെ ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും വിധേയമായിട്ടുണ്ട് എന്നതാണൊന്ന്. പിന്നൊന്നുള്ളത്, ഇവരണ്ടും സ്വതന്ത്രരചനകളല്ലമറിച്ച്, പരിഭാഷകളാണെന്നതാണത്. ഒന്ന്, ഇംഗ്ലീഷിൽ നിന്നുള്ള സ്വതന്ത്രപരിഭാഷയാണെങ്കിൽ മറ്റേത്, സംസ്കൃത്തിൽ നിന്നുള്ള തർജമയാണെന്ന വ്യത്യാസം മാത്രമാണുള്ളത്.

ചുരുക്കത്തിൽ, വാമൊഴി പാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്തുവന്ന നമ്മുടെ ആദിയും തനതുമായ നാട്യകലാവഴക്കങ്ങളെ മാറ്റിനിർത്തി, ഭാഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ സ്വതന്ത്ര മലയാള നാടകപ്രസ്ഥാനത്തിലെ ആദ്യകൃതിയായി കല്ലൂർ ഉമ്മൻ പീലിപ്പോസിന്റെ 'ആൾമാറാട്ട'ത്തെ കണക്കാക്കേണ്ടതുണ്ടെന്നും അതിനെ പിൻതള്ളിക്കൊണ്ടുള്ള ഏതൊരു ചരിത്രനിർമിതിയും അപക്വവും അപൂർണവുമായി കണക്കാക്കപ്പെടുമെന്നും നിസ്സംശയം പറയാം. അതുകൊണ്ടുതന്നെ പറയട്ടെ, മലയാളത്തിൽ അച്ചടിച്ച ആദ്യ മലയാളഭാഷാനാടകം-ആൾമാറാട്ടം. നാടകരചന-കല്ലൂർ ഉമ്മൻ പീലിപ്പോസ്. ■


ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന

## 13-ാമത് ദേശീയ നാടകോത്സവം

2014 ഫെബ്രുവരി 13 - 18 കോട്ടയം

**ആസാം, ബംഗാൾ, മഹാരാഷ്ട്ര, രാജസ്ഥാൻ, കർണാടക ഉൾപ്പെടെ 11 നാടകങ്ങൾ**

**നാടക കലാകാരന്മാരെ ആദരിക്കൽ**

**സെമിനാറുകൾ, മുഖാമുഖം**

**നാടകങ്ങളെ സംബന്ധിച്ച സിനിമാ പ്രദർശനങ്ങൾ**

### നാടകോത്സവത്തിൽ അവതരിപ്പിക്കുന്ന നാടകങ്ങൾ

**2014 ഫെബ്രുവരി 13**
വൈകിട്ട് 6.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**ദലൻ (മറാത്തി) - നാടക് കമ്പനി, പൂന**

**2014 ഫെബ്രുവരി 14**
വൈകിട്ട് 5.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**ഊരുഭംഗം (ബംഗാളി) - കസ്ബ അർഖ്യ, കൊൽക്കത്ത**
7.30 ന് സി.എസ്.ഐ റിട്രീറ്റ് സെന്റർ
**പുനർജനി (മലയാളം) - നിരീക്ഷ, തിരുവനന്തപുരം**

**2014 ഫെബ്രുവരി 15**
വൈകിട്ട് 5.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**മൈ ഫാദർ മൈ മോം (നോൺ വെർബൽ) - പെരാഫിൻ, കോട്ട, രാജസ്ഥാൻ**
7.30 ന് സി.എസ്.ഐ. റിട്രീറ്റ് സെന്റർ
**സത്യം പറയുന്ന കള്ളൻ - ചരൺദാസ് ചോർ (മലയാളം) - അക്ഷരകല, തിരുവനന്തപുരം**

**2014 ഫെബ്രുവരി 16**
വൈകിട്ട് 5.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**മൃഗയ (ആസാമീസ്) - പർബരംഗ, ആസാം**
7.30 ന് സി.എസ്.ഐ. റിട്രീറ്റ് സെന്റർ
**കഥാപാത്രങ്ങളും പങ്കെടുത്തവരും (മലയാളം) - നാടകശാല, മുംബൈ**

**2014 ഫെബ്രുവരി 17**
വൈകിട്ട് 5.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**ശൂദ്ര തപസ്വി (കന്നട) - രംഗായണ, മൈസൂർ**
7.30 ന് സി.എസ്.ഐ. റിട്രീറ്റ് സെന്റർ
**ബീഗം പണിക്കർ (മലയാളം) - തിയേറ്റർ റിപ്പർട്ടറി, സംസ്കൃത സർവകലാശാല, കാലടി**

**2014 ഫെബ്രുവരി 18**
വൈകിട്ട് 5.30 ന് ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം
**മാധ്യമവ്യായോഗ (ഹിന്ദി) - നാട്യകുലം, ജെയ്പൂർ**
7.30 ന് സി.എസ്.ഐ. റിട്രീറ്റ് സെന്റർ
**മാക്ബത്ത് (മലയാളം) - കാളിദാസ കലാകേന്ദ്രം, കൊല്ലം**

സാഹിത്യം

■ ഡോ. എ.എം. ഉണ്ണികൃഷ്ണൻ

# ആരായിരുന്നു എം.പി. ശങ്കുണ്ണിനായർ

## സാഹിത്യലോകം മറക്കരുതാത്ത ഒരു വ്യക്തിത്വം

*യാ കേവലം സരസതാ തദപണ്ഡിതത്വം*
*വൈദുഷ്യരീതിരിതി ചേദ്വിരസത്വമേവ*
*യോഗസ്തയോഃ ഘുസൃണപങ്കകുരംഗനാഭി-*
*സമ്മേളവത് പരിമളം കമപി പ്രസൂതേ*



വെറും സരസത്വം അപാണ്ഡിത്യമാണ്. കേവലപാണ്ഡിത്യം വിരസവും. ഇവ രണ്ടുംകൂടിച്ചേർന്നാൽ കുങ്കുമവും കസ്തൂരിയും ചേർന്നാലെന്നതുപോലെ ഹൃദ്യസുഗന്ധമുണ്ടാകുന്നു.

സഹൃദയത്വത്തിനടിസ്ഥാനമായ ഗുണസംയോഗം വ്യക്തമാക്കാൻ എം.പി. ശങ്കുണ്ണിനായർ ഉദ്ധരിച്ചിട്ടുള്ള ശ്ലോകമാണിത്. യഥാർഥത്തിലിത് മലയാളം ദർശിച്ച അപൂർവ ധിഷണാശാലിയായ ആ നിരൂപകന്റെ തന്നെ പ്രതിഭയ്ക്കിണങ്ങുന്ന വിശേഷമാണ്.

പാലക്കാടു ജില്ലയിൽ തൃത്താലയ്ക്കടുത്തുള്ള മേഴത്തൂർ ഗ്രാമത്തിലെ മങ്ങാട്ടുപുത്തൻവീട്ടിലായിരുന്നു ശങ്കുണ്ണിനായരുടെ ജനനം. തൃത്താലയിലെ മിഷൻ സ്കൂൾ, പട്ടാമ്പി പെരുമുടിയൂരിലെ പുന്നശേരിനമ്പിയുടെ സാരസ്വതോദ്യോതിനീ സംസ്കൃതമഹാപാഠശാല, പട്ടാമ്പി കോളേജ്, തഞ്ചാവൂരിനു സമീപം തിരുവയ്യാറിലെ രാജാസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. ഡോ. സുബ്രഹ്മണ്യശാസ്ത്രികളുടെ കീഴിൽ കാളിദാസകവിതയെക്കുറിച്ചു നടത്തിയ ഗവേഷണം അത്യസാധാരണമായിരുന്നു.

ഷൊർണൂരിലെ ഒരു സ്കൂളിലും പാവർട്ടി വിദ്യാപീഠത്തിലും കുറച്ചുകാലം അധ്യാപകനായിരുന്നു ശങ്കുണ്ണിനായർ. എന്നാൽ ഉന്നത വിദ്യാഭ്യാസം നേടിയശേഷം മദിരാശിയിലെ പച്ചയ്യപ്പാസ് കോളേജിലാണ് ഏറെക്കാലം സേവനമനുഷ്ഠിച്ചത്.

ഭാരതീയസംസ്കൃതിയുടെ അടിവേരുകളായ കല, സാഹിത്യം, ശാസ്ത്രം എന്നിവയെ ആഴത്തിൽ തൊട്ടറിഞ്ഞ നിരൂപകനാണ് എം.പി. ശങ്കുണ്ണിനായർ. എന്നാൽ പൈതൃകലബ്ധമായ ആ അറിവിന്റെ പരിധിയിൽ മാത്രം ഒതുങ്ങിക്കൂടാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതിന്റെ ഫലമായി സാഹിതീയ-വൈജ്ഞാനികരംഗങ്ങളിലെ ഏതു പുതുചലനത്തെയും അത്യന്തം സൂക്ഷ്മതയോടെ ഉൾക്കൊള്ളാൻ പാകപ്പെട്ടിരുന്നു ശങ്കുണ്ണിനായരുടെ ഭാവുകത്വം. ഇപ്രകാരം പരിനിഷ്ഠിതമായ പാണ്ഡിത്യത്താലും ഉന്മിഷിത്തായ സഹൃദയത്വത്താലും അനുഗൃഹീതരായ നിരൂപകർ അധികമുണ്ടായിട്ടില്ല മലയാളത്തിൽ,

കാളിദാസനാടകവിമർശം (സംസ്കൃതം), വി.എ. കേശവൻ നായരോടൊപ്പം ചെയ്ത 'ഗുഡ് എർത്തി'ന്റെ തർജമ, കാവ്യവ്യുത്പത്തി (1974), കത്തുന്ന ചക്രം (1986), നാട്യമണ്ഡപ (1987), ഛത്രവും ചാമരവും (1988), അഭിനവപ്രതിഭ (1989), നാടകീയാനുഭവം എന്ന രസം (1989), Points of contact between Prakrit and Malayalam (1955) എന്നീ ഒൻപതെണ്ണമാണ് എം.പി. ശങ്കുണ്ണിനായരുടെ പ്രസിദ്ധീകൃത രചനകൾ.

### കാളിദാസ കൃതിയുടെ ധ്യാനമാനങ്ങൾ

മലയാളി ആസ്വാദകസമൂഹത്തിനുമുന്നിൽ കാളിദാസസാഹിത്യത്തെ പരിചയപ്പെടുത്തിയതു കുട്ടികൃഷ്ണമാരാരാണ്. എന്നാൽ മാരാരുടെ ഭാഷാശൈലിയെ മാതൃകയാക്കിയ ശങ്കുണ്ണിനായരാണ് ആ ഉദാത്തസാരസ്വതത്തിന്റെ അനശ്വരലോകത്തിലേക്ക് കേരളീയരെ കൈപിടിച്ചുയർത്തിയത്. ആ സത്കർമമാകട്ടെ മറ്റൊരു ഭാഷയിലും ഉണ്ടായിട്ടില്ലാത്തവിധം അനുപമ

വൈശിഷ്ട്യമാർന്നതായിരുന്നുതാനും. ചരിത്രം, സംസ്കാരം, ഭാഷാശാസ്ത്രം തുടങ്ങിയ അറിവുകളുടെ നിറസാന്നിധ്യം അനുഭവിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ മഹാകൃത്യം നിറവേറ്റിയത്. ഭാരതീയസംസ്കൃതിയുടെ ഛത്രചാമരങ്ങളെ പ്രതിനിധാനം ചെയ്യുന്ന കാളിദാസകവിതയെ ഈ വണ്ണം ധ്യാനമനനവിധേയമാക്കിയതിലൂടെ ഭാരതത്തിന്റെ ഹൃദയത്തെത്തന്നെയാണ് അദ്ദേഹം അനാവരണം ചെയ്തു കാട്ടിത്തന്നത്. വാത്സ്യായനന്റെ കാമശാസ്ത്രം, ബൗദ്ധപത്മശ്രീയുടെ നാഗരസർവസ്വം, ഹാലന്റെ സപ്തശതി, ദാമോദരഗുപ്തന്റെ കുട്ടനീമതം മുതലായ പ്രാചീനകൃതികളെ കാളിദാസകൃതികളുമായി സമന്വയിപ്പിച്ചുകൊണ്ടാണ് ശങ്കുണ്ണിനായർ തന്റെ കാഴ്ചശക്തിയെ ഉത്തേജിപ്പിച്ചത്. ആ പ്രയത്നം കാളിദാസന്റെ പാത്രചിത്രണത്തിൽ സന്നിഹിതമായിരിക്കുന്ന സമകാല നാഗരികജീവിതസ്വാധീനതയെന്ന വിശിഷ്ടഫലപ്രാപ്തി നേടുകയാണുണ്ടായത്. കാളിദാസകൃതികൾ പൂർവഭാരതത്തിന്റെ കണ്ണാടി പ്രതിഷ്ഠകളാണെന്ന ഭരതവാക്യമെഴുതാൻ ഈ പഠനത്തിലൂടെ അദ്ദേഹത്തിന് സാധിച്ചു.

ഒറ്റക്കവിതാപഠനം എത്രമാത്രം ഗഹനവും ആസ്വാദ്യവുമാക്കിത്തീർക്കാമെന്നതിന്റെ ഉത്തമോദാഹരണമാണ് ശങ്കുണ്ണിനായരുടെ 'കാവ്യവ്യുത്പത്തി' എന്ന പ്രഖ്യാതകൃതി. ശങ്കരക്കുറുപ്പിന്റെ 'വിശ്വദർശനം', വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാടം', കുഞ്ഞിരാമൻനായരുടെ 'കളിയച്ഛൻ', ഇടശ്ശേരിയുടെ 'പൂതപ്പാട്ട്', എൻ.വി. കൃഷ്ണവാര്യരുടെ 'തീവണ്ടിയിലെ പാട്ട്', അക്കിത്തത്തിന്റെ 'വാടാത്ത താമരയും കെടാത്ത സൂര്യനും' എന്നീ രചനകളെ അവലംബമാക്കിയ വിചിന്തനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ജിയുടെ ദ്വിവിധ കാവ്യാവിഷ്കാരമാർഗങ്ങളെ വിലയിരുത്തിയശേഷം കാവ്യഭാഷയെപ്പറ്റി ശങ്കുണ്ണിനായർ ഇപ്രകാരം പറയുന്നുണ്ട്: "ചോരയും കണ്ണീരും വിയർപ്പും കള്ളിൻമട്ടും ചേർന്ന് വളംവായ്ച്ച കുട്ടനാടൻ മണ്ണിൽ വളർന്നതുകൊണ്ടുള്ള മുരടുബലമല്ല കുറുപ്പിന്റെ പദങ്ങൾക്കുള്ളത്. അവയ്ക്കുള്ളത് ഒരുതരം പരിശുദ്ധിയാണ്. വൈയാകരണന്റെ പരിശുദ്ധി മാത്രമല്ല; ജാതിക്ക, ചന്ദനം, കരയാമ്പൂ, തമാലപത്രം മുതലായ വാസനദ്രവ്യങ്ങളുള്ള മലയാറ്റൂർമല വഴിയായിവരുന്ന പൊരുനയാറുണ്ടല്ലോ? അതിന്റെ കരകളിലെ കറുകനാമ്പിന്റെ പരിശുദ്ധിയും കൂടിയുണ്ട്. പ്രസന്നവിശുദ്ധമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ ആ പദങ്ങൾക്കു കെല്പുണ്ട്".

കണ്ണീർപ്പാടത്തെ ഉപജീവിച്ചുണ്ടായ ഏറ്റവും മികച്ച പഠനം ശങ്കുണ്ണിനായരുടേതു തന്നെ. പാശ്ചാത്യവും പൗരസ്ത്യവുമായ വിജ്ഞാനധാരകളെ ഒന്നുപോലെ സ്വാംശീകരിച്ചതുകൊണ്ടുണ്ടായ വലിയ നേട്ടമാണ് 'കാവ്യവ്യുത്പത്തി'യിലെ സകലരചനകളെയും വിലപ്പെട്ടതാക്കിത്തീർക്കുന്നത്. പിയുടെ 'കളിയച്ഛ'നിൽ തോംപ്സന്റെ Hound of the Heaven എന്ന കൃതിയുടെ അനുരണനം കണ്ടെത്താൻ നിരൂപകനെ തുണയ്ക്കുന്നതും ഇതേ ഉപലബ്ധിയുടെ ഫലം തന്നെ.

> ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ വൈജ്ഞാനിക ലോകത്തിലെ പഥദർശിയായ നിരൂപകനായിരുന്നു എം.പി. ശങ്കുണ്ണിനായർ എന്നു നിസ്സംശയം പറയാം. നാടോടിവിജ്ഞാനീയം, താരതമ്യനിരൂപണം, ശൈലിനിഷ്ഠനിരൂപണം, അന്തർവൈജ്ഞാനികനിരൂപണം എന്നീ വഴികളിലൂടെ സഞ്ചരിക്കുന്നവർ അദ്ദേഹത്തിന്റെ കാലടിപ്പാടുകൾ വ്യക്തമായിക്കാണുന്നുണ്ട്.

കവിതയുടെ പ്രതലത്തിലേക്ക് കഥയും നാടകവും കൂടി കടന്നുവരുന്ന 'പൂതപ്പാട്ടി'ലെ കൈശോരഭാവം, മാതൃഭാവം, പ്രാകൃതജീവിതം, പുരാവൃത്തം തുടങ്ങിയ അടരുകളെ വിടർത്തിക്കാട്ടിക്കഴിഞ്ഞ് ഇങ്ങനെയൊരു വിലയിരുത്തൽ കൂടി ശങ്കുണ്ണിനായർ നടത്തുന്നതുകാണാം. "ഭൂവുടമകളാണ് നമ്മുടെ സംസ്കാര സംവിധാനങ്ങളെ വളർത്തിയെടുത്തത്. അവരെ പാപ്പരാക്കിക്കഴിഞ്ഞു. നാം വ്യവസായയുഗത്തിലെത്തിയെന്നും തികച്ചും പറയാറായിട്ടില്ല. കള്ളക്കടത്ത്, കരിഞ്ചന്ത, പൊരുത്തുകച്ചവടം, ആടറവ്, തർജമ, രാഷ്ട്രീയോപജാപം മുതലായവയാൽ വളരുന്ന വാണിജ്യസമൂഹത്തിന്റെ കയ്യിൽപ്പെട്ടിരിക്കുകയാണ് സംസ്കാരലോകം. നമ്മുടെ സദസ്സുകളിൽ ഒന്നാംവരിയിൽ ആതുരനെ ശുശ്രൂഷിക്കാൻ വിലപേശുന്ന ഡോക്ടർമാരും പണത്തിനുവേണ്ടി അസത്യം സത്യമാക്കുന്ന വക്കീലന്മാരും മറ്റുമാണ്. ഇവിടെനിന്ന് കവി ആ പഴയലോകത്തിനുവേണ്ടി നെടുവീർപ്പിടുന്നു. കൈമോശം വന്ന ബാല്യത്തിന്റെ പ്രത്യാനയത്തിൽ ലോലുപനായിക്കഴിയുന്നു."

## പഥദർശിയായ നിരൂപകൻ

എൻ.വിയുടെ 'തീവണ്ടിയിലെ പാട്ട്' 'കാല്പനികതയുടെ അപനിർമാണം' എന്നു നിരീക്ഷിച്ച ശങ്കുണ്ണിനായർ അതിനെക്കുറിച്ചുള്ള തന്റെ പഠനത്തെ 'റൊമാന്റിക് ഭാവനയെപ്പറ്റിയുള്ള ഒരു വിചിന്തനം' ആയി സങ്കല്പിക്കുകയും ചെയ്തു. എന്നു മാത്രമല്ല, 'റൊമാന്റിക്കുകളെ തുരത്താൻ ഒന്നാന്തരമൊരു റൊമാന്റിക് കവിത' എന്നു കൂടിപ്പറഞ്ഞ് അതിന്റെ രചനാപ്രേരണയെ സ്പഷ്ടമാക്കുന്നുണ്ട്.

സാധാരണ പണ്ഡിതന്മാരുടെ നോട്ടമെത്താത്ത പ്രാചീനകൃതികളെ തേടിപ്പിടിച്ചു പഠിക്കുകയെന്നത് ശങ്കുണ്ണിനായരുടെ ശീലമായിരുന്നു. ആ ക്ലേശസഹനത്തിന്റെ ഫലമായി പിറവിയെടുത്തതാണ് 'കത്തുന്ന ചക്രം'. ബൗദ്ധകഥാസമാഹാരമായ 'അവദാനശതക'ത്തിൽപ്പെടുന്ന ഇതിലെ പ്രതിപാദ്യം അമ്മയുടെ വാക്കു ധിക്കാരിച്ചാലുള്ള ഭവിഷ്യത്തുകളാണ്. 'നാട്യശാസ്ത്ര'ത്തിന് വലിയ അംഗീകാരം കല്പിച്ചിട്ടുള്ള നാടാണല്ലോ കേരളം. അഭിനവഭാരതി, ഭാസനാടകങ്ങൾ എന്നിവ കണ്ടെത്തുന്ന കേരളത്തിലാണ് നാട്യശാസ്ത്രത്തിൽ വിവരിക്കുന്ന നാടകാഭിനയരീതി ഇന്നും നിലനിൽക്കുന്നതും. കൂടിയാട്ടത്തിലാണത്. ആ നാടകപാരമ്പര്യത്തെക്കുറിച്ചുള്ള സവിസ്തരപഠനമാണ് 'നാട്യമണ്ഡപം'. അതിലെ രസഭാഗത്തെ വിപുലീകരിച്ചതാണ് 'നാടകീയാനുഭവം എന്ന രസം' ഇവ രണ്ടും കൂടാതെ 'അഭിനയപ്രതിഭ' എന്ന ഒരെണ്ണംകൂടിയുണ്ട് ഇതേ ജനുസ്സിൽ. ഇവയെ 'നമ്മുടെ സാഹിത്യപാരമ്പര്യത്തിന്റെ അന്തർവൈജ്ഞാനികമായ പുനഃപാരായണങ്ങൾ' എന്നാണ് ഒരു നിരൂപകൻ വിശേഷിപ്പിച്ചിട്ടുള്ളത്.

ഇവയ്ക്കു പുറമെ 'ഇരുട്ടിന്റെ ആത്മാവ്' എന്ന എം.ടിക്കഥയെക്കുറിച്ചുൾപ്പെടെ സമാഹരിക്കാത്ത നിരവധി ലേഖനങ്ങളുണ്ട് ശങ്കുണ്ണിനായരുടേതായിട്ട്. ഭഗവദജ്ജുകീയം, പദ്മപ്രാഭൃതകം മുതലായ സംസ്കൃതരൂപകങ്ങളുടെ പരിഭാഷകളും കൂട്ടത്തിലുണ്ട്. തനി നാടൻ കൃഷീവലന്റെ മട്ടിൽ ജീവിതം നയിച്ച ഈ അവിവാഹിതന്റെ ഒരേയൊരു സാധന വായനയായിരുന്നു. പ്രകൃത്യുപാസനയിലും അഭിരമിച്ച ആ മനസ്സ് ധ്യാനമനനങ്ങളിലായിരുന്നിരിക്കണം ഏറെയും വ്യാപരിച്ചത്. സ്വാഭാവികമായും എണ്ണമറ്റ കുറിപ്പുകൾ അതിന്റെ അവശേഷിപ്പുകളായി കണ്ടേക്കാം. 'തുടരെത്തുടരെ ജീർണോദ്ധാരണം ചെയ്യേണ്ട ഒരു പുരാതനക്ഷേത്രമാണ് പ്രപഞ്ചം' (കാവ്യവ്യുത്പത്തി) എന്ന വെളിപാടുകിട്ടിയ ശങ്കുണ്ണിനായർ സദാ ജാഗരൂകനും കർമനിരതനുമായിരുന്നുവെന്നതാണ് ഈ വിശ്വാസത്തിനടിസ്ഥാനം.

ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ വൈജ്ഞാനികലോകത്തിലെ പഥദർശിയായ നിരൂപകനായിരുന്നു എം.പി. ശങ്കുണ്ണിനായർ എന്നു നിസ്സംശയം പറയാം. നാടോടിവിജ്ഞാനീയം, താരതമ്യനിരൂപണം, ശൈലിനിഷ്ഠനിരൂപണം, അന്തർവൈജ്ഞാനികനിരൂപണം എന്നീ വഴികളിലൂടെ സഞ്ചരിക്കുന്നവർ അദ്ദേഹത്തിന്റെ കാലടിപ്പാടുകൾ വ്യക്തമായിക്കാണുന്നുണ്ട്. 'കവിതാസ്വാദനപ്രക്രിയയെ ഒരു വൈജ്ഞാനികാന്വേഷണമായും സാംസ്കാരികാപഗ്രഥനമായും വളർത്തിക്കൊണ്ടുവരാൻ സാധിച്ചുവെന്നതാണ് നിരൂപകനെന്ന നിലയിൽ ശങ്കുണ്ണിനായർ കൈവരിച്ച ഏറ്റവും ശ്രദ്ധേയമായ നേട്ടം' എന്ന നിരൂപകമതത്തോട് (ഡോ. സി. രാജേന്ദ്രൻ, പുതുവായന) യോജിച്ചുകൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കട്ടെ. ■

അനുസ്മരണം

**ഹെർമൻ ഗുണ്ടർട്ട് ഇരുനൂറാം ജന്മശതാബ്ദി (1814 ഫെബ്രുവരി നാല് – 1893 ഏപ്രിൽ 25) ആചരിക്കുമ്പോൾ**

# ഭാഷാസ്നേഹത്തിന്റെ മായാമുദ്രകൾ



*എല്ലാ മനുഷ്യഭാഷകളും അദ്ദേഹത്തിന് വശമായിരുന്നു, മുപ്പതിലധികം. ഒരുപക്ഷെ ദൈവങ്ങളുടെപോലും, ഒരുപക്ഷെ നക്ഷത്രങ്ങളുടെപോലും ഭാഷകൾ. പാലിയും സംസ്കൃതവും അദ്ദേഹം എഴുതുകയും വായിക്കുകയും ചെയ്യുമായിരുന്നു. കാനറീസിലും ബംഗാളിയിലും ഹിന്ദുസ്ഥാനിയിലും സിംഹളീസിലും അദ്ദേഹത്തിന് പാട്ടുപാടാൻ കഴിയുമായിരുന്നു. ക്രിസ്ത്യാനിയായിരുന്നെങ്കിലും ത്രിത്വദൈവത്തിലാണ് വിശ്വസിച്ചിരുന്നതെങ്കിലും മുഹമ്മദരുടെയും ബുദ്ധമതക്കാരുടെയും പ്രാർഥനകൾ അദ്ദേഹത്തിന് അറിയാമായിരുന്നു. വർഷങ്ങളോളം, ദശകങ്ങളോളം അദ്ദേഹം ചൂടുനിറഞ്ഞ, അപകടകരമായ പൗരസ്ത്യ ദേശങ്ങളിൽ ചെലവഴിച്ചു. ബോട്ടിലും കാളവണ്ടിയിലും കുതിരപ്പുറത്തും കോവർകഴുതപ്പുറത്തും സഞ്ചരിച്ചു. നമ്മുടെ നാടും നഗരവും ഭൂമിയുടെ ചെറിയൊരു ഭാഗം മാത്രമാണെന്ന് പകരം വേറെ എത്രയോ സഹസ്രലക്ഷം ഭാഷകൾ, വ്യത്യസ്ത വിശ്വാസങ്ങൾ, വ്യത്യസ്ത ആചാരങ്ങൾ, ഭാഷകൾ, വ്യത്യസ്ത വർണങ്ങൾ, ദൈവങ്ങൾ, നന്മതിന്മകൾ ഉണ്ടെന്ന് അദ്ദേഹത്തെപ്പോലെ മനസ്സിലാക്കിയവർ കുറവായിരുന്നു.*




**തലശേരിയിലെ ഗുണ്ടർട്ട് പ്രതിമ**

സിദ്ധാർഥ എന്ന നോവലിലൂടെ വിശ്വവിഖ്യാതനായ ഹെർമൻ ഹെസ്സെ താൻ ജീവിതത്തിൽ ഏറ്റവുമധികം ആരാധിക്കുന്ന പിതാമഹനെക്കുറിച്ച് എഴുതിയ വാക്കുകളാണിവ. മലയാള ഭാഷയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത ഹെർമൻ ഗുണ്ടർട്ടായിരുന്നു അദ്ദേഹം ഭക്ത്യാദരവോടെ മാത്രം ഓർക്കുന്ന ആ മുത്തച്ഛൻ. ഇന്ന് ശ്രേഷ്ഠഭാഷാ പദവി കരസ്ഥമാക്കിയിരിക്കുന്ന മലയാള ഭാഷയുടെ ആധുനികതയിലേക്കുള്ള പ്രയാണത്തിൽ ഹെർമൻ ഗുണ്ടർട്ട് എന്ന ജർമൻ മിഷണറി വഹിച്ച പങ്കിനെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ നമുക്കും അദ്ഭുതാദരവുകൾ മാത്രമാണ് ഉണ്ടാവുക.  ഇരുപത്തിമൂന്ന് വർഷങ്ങളാണ് അദ്ദേഹം ഇന്ത്യയിൽ ജീവിച്ചത്. അതിൽ ഏറെക്കാലവും കേരളത്തിലായിരുന്നു. അതിൽത്തന്നെ സിംഹഭാഗവും അദ്ദേഹം സമർപ്പിച്ചത് പ്രാദേശിക ഭാഷയായ മലയാളത്തിന്റെയും മറ്റു ദ്രാവിഡഭാഷകളുടെയും ആഴമേറിയ പഠനത്തിനും മലനാടിന്റെ സംസ്കാരത്തെക്കുറിച്ചുള്ള  ഗവേഷണങ്ങൾക്കുമാണ്. അവയിൽനിന്ന് ലഭ്യമായ വിവരങ്ങൾ അദ്ദേഹം പുസ്തകരൂപത്തിലാക്കിയപ്പോൾ അത് ഇന്നും ഭാഷാസ്നേഹികൾക്കും പണ്ഡിതർക്കും അവഗണിക്കാനാകാത്തവയായി മാറി. മലയാള പത്രപ്രവർത്തന ചരിത്രത്തിൽ ഗുണ്ടർട്ട് തുടങ്ങിയ രാജ്യസമാചാരം എന്ന ആദ്യഭാഷാപത്രവും  മായാമുദ്ര പതിപ്പിച്ചിരിക്കുന്നു.

1814-ൽ ജർമനിയിലെ സ്റ്റുട്ട്ഗർട്ടിലാണ് ഗുണ്ടർട്ടിന്റെ ജനനം. ട്യൂബിങ്ഗൻ സർവകലാശാലയിൽ പ്രൊട്ടസ്റ്റന്റ് മതബോധനവും തത്ത്വശാസ്ത്രവും പഠിച്ച അദ്ദേഹം അവിടെനിന്ന് ഡോക്ടറേറ്റും നേടി. 1836-ൽ ജർമനിവിട്ട ഗുണ്ടർട്ട് ഇംഗ്ളണ്ട് വഴി ഇന്ത്യയിലെത്തി. അധ്യാപനമായിരുന്നു ലക്ഷ്യം. മദ്രാസിൽവന്നുചേർന്ന ഗുണ്ടർട്ട് ദക്ഷിണേന്ത്യൻ ഭാഷകളാൽ വശീകരിക്കപ്പെട്ടു. ഇതിനിടെ സ്വിറ്റ്സർലണ്ടുകാരി ജൂലി ഡുബോയിസിനെ വിവാഹം ചെയ്തിരുന്നു. 1838-ൽ ബാസൽ മിഷനിൽ ചേർന്ന അദ്ദേഹം തെക്കുപടിഞ്ഞാറൻ ഇന്ത്യയിൽ സുവിശേഷവേലയ്ക്ക് നിയുക്തനായി. ദക്ഷിണേന്ത്യ മുഴുവൻ സഞ്ചരിച്ച അദ്ദേഹം ഒടുവിൽ തലശ്ശേരിയിലെ ഇല്ലിക്കുന്ന് സ്ഥിരവാസകേന്ദ്രമാക്കി. ഇരുപതു വർഷം നീണ്ട തലശ്ശേരി വാസം. ഭാഷാപഠനങ്ങളും പത്രപ്രവർത്തനവുംകൊണ്ട് സമ്പന്നമായ ആണ്ടുകൾ. 1847-ലാണ് രാജ്യസമാചാരം തുടങ്ങിയത്. പിന്നീട്  സുവിശേഷപ്രവർത്തനത്തിനായി പശ്ചിമോദയം എന്ന മറ്റൊരു പത്രവും

വി.കെ.എൻ അന്തരിച്ചിട്ട് 10 വർഷം

# ചിരിയുടെ നാണ്വാര്



ആരായിരുന്നു മലയാളിക്ക് വി.കെ.എൻ.? ആധുനികതയുടെ ഉച്ചസ്ഥായിയിൽ പരിഹാസത്തിന്റെ നാട്ടുഭാഷയുമായി സാഹിത്യത്തറവാടിനെ ഉഴുതുമറിച്ച ‘ചാത്തൻ’. അസ്തിത്വ ദുഃഖങ്ങളും തകർന്ന തറവാടും ഏകാന്ത കാമുകന്മാരും അക്ഷരങ്ങളിൽ പുളഞ്ഞു തിമിർത്തപ്പോൾ ‘പയ്യനെ’ രംഗത്തിറക്കി ഭാഷയിൽ ചാത്തൻ സേവ നടത്തി വി.കെ.എൻ. അധികാര രാഷ്ട്രീയത്തിന്റെ കാണാവഴികളിൽ പയ്യനെ നടത്തിച്ച് ഫലശൂന്യതയുടെ മുഴക്കമുള്ള ചിരി സമ്മാനിക്കാൻ വി.കെ.എന്നിനു മാത്രമേ കഴിയിഞ്ഞിട്ടുള്ളു. അടിസ്ഥാനപരമായി എഴുത്തുകാരനും തൊഴിൽകൊണ്ട് പത്രപ്രവർത്തകനുമായ വടക്കേക്കൂട്ടാല നാരായണൻ നായർ എന്ന വി.കെ.എൻ. തന്റെ നിരീക്ഷണ പടുത്വം പരിഹാസത്തിന്റെ ശരത്തിൽ കുത്തി മലയാളി വായനക്കാരനെ എന്നും ഞെട്ടിച്ചു. യാഥാർഥ്യത്തിൽ സാഹിത്യത്തെ നവീകരിക്കുകയാണ് വി.കെ.എൻ. ചെയ്തത്. കാരണം അദ്ദേഹത്തിന്റെ കാലത്തെ മറ്റു സാഹിത്യകൃതികളിലൂടെ കടന്നുപോകുമ്പോൾ കാണുന്ന ആത്മവിലാപങ്ങൾ വി.കെ.എന്നിൽ കാണില്ല. മൂന്നാമനായി മാറിനിന്നുകൊണ്ട് ലോകത്തെ കാണുന്ന വി.കെ.എന്നിന് ഒന്നിനോടും മമതയില്ല; ഭാഷയോടുപോലും. അതുകൊണ്ടാണ് ഭാഷയെത്തന്നെ സ്വന്തം നിലയിൽ വ്യഖ്യാനിക്കാൻ കഴിയുന്നത്. വേണ്ട രീതിയിൽ വിലയിരുത്തപ്പെട്ടില്ലെന്ന, അംഗീകരിക്കപ്പെട്ടില്ലെന്ന ചിന്തയെപ്പോലും സ്വയം പരിഹസിച്ച് ജീവിതം ആഘോഷമാക്കിയ ഈ എഴുത്തുകാരൻ മലയാളിയുടെ കപടമുഖത്തിനുനേരെ പിടിച്ച കണ്ണാടിയാണ്. ഒരുപക്ഷെ പുതിയ കാലത്തിന്റെ വിശകലന പദ്ധതികളിൽ വി.കെ.എൻ. എന്ന എഴുത്തുകാരൻ പിന്തിരിപ്പനും ദളിത് വിരുദ്ധനും സ്ത്രീവിരുദ്ധനുമായി എഴുതപ്പെട്ടേക്കാമെങ്കിലും ഒരു സാഹിത്യകാരനെന്ന നിലയിൽ നിഷേധിക്കാൻ കഴിയാത്ത സർഗാത്മകതകൊണ്ട് സാഹിത്യത്തെ സമ്പന്നമാക്കിയെന്നതിൽ തർക്കമില്ല. 1932 ഏപ്രിൽ ആറിന് തിരുവില്വാമലയിൽ ജനിച്ചു. 71 ാം വയസ്സിൽ 2004 ജനുവരി 26 ന് അന്തരിച്ചു. ■

ആരംഭിച്ചു. അദ്ദേഹത്തിന്റെ സഹായി ഫ്രെഡറിക് മുള്ളറായിരുന്നു പത്രാധിപർ. അന്നത്തെ കാലത്തിനനുസരിച്ചുള്ള അതിന്റെ സ്വഭാവം എന്തായിരുന്നാലും മലയാള പത്രപ്രവർത്തനത്തിന്റെ പിൽക്കാല വളർച്ചയിലെ ആദ്യപഥികരായി ഈ പത്രങ്ങളെ കണക്കാക്കിയേ മതിയാവൂ.

1859-ലാണ് ഗുണ്ടർട്ടിന്റെ മലയാള ഭാഷാ വ്യാകരണം പ്രസിദ്ധീകരിക്കുന്നത്. സംസ്കൃതത്തിന്റെയും തമിഴിന്റെയും ദൃഢാലിംഗനത്തിൽനിന്ന് മുക്തി നേടി പതിയെ വളർന്നു തുടങ്ങുന്ന മലനാട്ടുഭാഷയെ അദ്ദേഹം ദീർഘദർശനം ചെയ്തിരിക്കണം. അതിനെ അതിജീവിക്കുന്ന, ഏറെ സമഗ്രമായ എ.ആർ.രാജരാജവർമയുടെയും മറ്റും വ്യാകരണം പിന്നീടുണ്ടായെങ്കിലും ഈ പരദേശി സായ്വിന്റെ വ്യാകരണ രചനയുടെ ചരിത്രപ്രസക്തി ഇന്ന് ഭാഷാപഠിതാക്കൾ ആദരവോടെ തിരിച്ചറിയുന്നു.

1857-ൽ ബ്രിട്ടീഷ് ഭരണകൂടം ഗുണ്ടർട്ടിനെ കാനറയിലെയും മലബാറിലെയും സ്കൂൾ ഇൻസ്പെക്ടറായി നിയമിച്ചെങ്കിലും അനാരോഗ്യം കാരണം രണ്ടുവർഷത്തിനകം അദ്ദേഹത്തിന് ജർമനിയിലേക്ക് മടങ്ങേണ്ടിവന്നു. പക്ഷെ ജർമനിയിലെത്തിയിട്ടും അദ്ദേഹത്തിന്റെ ഭാഷാപഠനമനനങ്ങൾ അനസ്യൂതം തുടർന്നു. തത്ഫലമായാണ് മലയാളം-ഇംഗ്ളീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചത്(1872). കേരളപ്പഴമ, പഴഞ്ചൊൽമാല തുടങ്ങി വേറെയും ഗ്രന്ഥങ്ങൾ മലയാളത്തിന്റെ അദ്ദേഹത്തിന്റെ സംഭാവനയായയുണ്ട്. മലയാളത്തിലേക്കുള്ള ബൈബിൾ പരിഭാഷകളും ശ്രദ്ധേയമാണ്. പുറമെ ജർമൻ, ഇംഗ്ളീഷ്, തമിഴ് തുടങ്ങിയ ഭാഷകളിലുള്ള ഗണ്യമായ സംഭാവനകളും. (തലശ്ശേരിയിൽനിന്ന് അദ്ദേഹം സ്വരൂപിച്ച രേഖകൾ ട്യൂബിങ്ടൺ സർവകലാശാലയിൽനിന്ന് കണ്ടെത്തി തലശ്ശേരി രേഖകൾ എന്ന പേരിൽ ഡോ.സ്കറിയ സക്കറിയ സമാഹരിച്ചിട്ടുണ്ട്). 1893-ൽ ഗുണ്ടർട്ട് ജർമനിയിലെ കാൾ നഗരത്തിൽ അന്തരിച്ചു. നമ്മുടെ ഭാഷയ്ക്കുള്ള ഗുണ്ടർട്ടിന്റെ സംഭാവനകൾ ചിരസ്മരണീയമായി തുടരുകതന്നെ ചെയ്യും. ■



■ കെ.എൻ. മനോജ്കുമാർ

# ബേക്കൽകോട്ട

# ചരിത്രത്തിന്റെ നിശബ്ദസാക്ഷി

## ചരിത്രം അലയടിക്കുന്ന വിനോദസഞ്ചാരകേന്ദ്രം

കോട്ടകൾ ചരിത്രത്തിന്റെ നിശബ്ദസാക്ഷികളാണ്. സംഭവബഹുലമായ ഗതകാലത്തിന്റെ പ്രൗഢമായ ഓർമകൾ പേറി അവ നിലകൊള്ളുന്നു. നിരവധി രാജവംശങ്ങളുടെ പടയോട്ടങ്ങളുടെയും പ്രതിരോധത്തിന്റെയും വാണിഭത്തിന്റെയും കഥകൾ പറയാനുണ്ട് കോട്ടകൾക്ക്. പൗരാണിക ഭാരതത്തിലെ രാഷ്ട്രമീമാംസ പണ്ഡിതർ കോട്ടകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞവരാണ്. 'അർഥശാസ്ത്ര'ത്തിൽ കൗടില്യൻ വിവരിക്കുന്ന സപ്താംഗ സിദ്ധാന്തത്തിൽ കോട്ടകളുടെ അനിവാര്യത എടുത്തു പറയുന്നുണ്ട്.

കേരളത്തിന്റെ മധ്യകാല ചരിത്രനിർമിതിയിൽ കാസർകോടിനെ അടയാളപ്പെടുത്തുന്ന തെളിവ് സാമഗ്രികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബേക്കൽ കോട്ട. കേരളത്തിലെ ഏറ്റവും വലിയ കോട്ടയാണിത്. കാസർകോട് - കാഞ്ഞങ്ങാട് ദേശീയപാതയിൽ കാസർകോട് നഗരത്തിൽ നിന്നും 12 കിലോമീറ്റർ തെക്ക് പള്ളിക്കര പഞ്ചായത്തിലാണ് ബേക്കൽക്കോട്ട സ്ഥിതി ചെയ്യുന്നത്. 35 ഏക്കർ വിസ്തൃതിയുള്ള കോട്ട സമുദ്രനിരപ്പിൽ നിന്നും 130 അടി ഉയരത്തിലാണ്.

കോട്ടയുടെ കവാടത്തിൽ ഒരു ആഞ്ജനേയ ക്ഷേത്രം കാണാം. കോട്ടയുടെ നിർമാതാക്കളെന്ന് കരുതപ്പെടുന്ന ഇക്കേരി രാജവംശത്തിന്റെ കുലദൈവമാണ് ആഞ്ജനേയൻ. കോട്ട ഗോപുരത്തിന് 30 അടി ഉയരവും 80 അടി ചുറ്റളവുമുണ്ട്. കോട്ടയുടെ വലതുഭാഗത്തുള്ള മുസ്ലിം പള്ളി ടിപ്പുസുൽത്താൻ നിർമിച്ചതാണെന്ന് വിശ്വസിക്കുന്നു. മതസൗഹാർദത്തിന്റെ പ്രത്യക്ഷ ചിഹ്നങ്ങളായി ഈ ആരാധനാലയങ്ങൾ നിലകൊള്ളുന്നു.

### കോട്ടയുടെ ചരിത്രം

ബേക്കൽകോട്ടയുടെ നിർമാണവും കാലവും സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കേരി രാജാക്കന്മാരാണ് കോട്ട നിർമിച്ചതെന്ന വാദത്തിനാണ് പൊതുവെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

18 ാം നൂറ്റാണ്ടിൽ ലിങ്കണ്ണ രചിച്ച 'കേളദിനൃപവിജയം' കാവ്യം ഇക്കേരി രാജവംശത്തെപ്പറ്റിയുള്ള പ്രാമാണിക ഗ്രന്ഥമായി കരുതപ്പെടുന്നു. 1583-1620 കാലയളവിൽ ഇക്കേരി രാജവംശത്തിലെ ഹിരിയ വെങ്കിടപ്പനായ്ക്കായിരുന്നു ഭരണാധികാരി. ഹിരിയ വെങ്കിടപ്പ ആംഭിച്ച കോട്ടയുടെ നിർമാണം ശിവപ്പനായ്ക്ക് പൂർത്തിയാക്കി. 1565 ലെ തളിക്കോട്ട യുദ്ധത്തോടെ തകർന്നു പോയ വിജയനഗര സാമ്രാജ്യത്തിന് തുളുനാടൻ ദേശത്തിന്റെ രാഷ്ട്രീയ ആധിപത്യം നഷ്ടമായി. ഇതോടുകൂടി വിജയനഗരത്തിന്റെ സാമന്തന്മാരായ ഇക്കേരി നായ്ക്കൻമാർ ശക്തിപ്രാപിച്ചു. തുളുനാടിന്റെ ആധിപത്യം ഇക്കേരിമാരുടെ കൈവശമായിത്തീരുകയും ചെയ്തു. സ്വാഭാവികമായും തുറമുഖനഗരമായ ബേക്കലിനെ കോട്ടകെട്ടി ശക്തിപ്പെടുത്തേണ്ടത് ഇക്കേരി നായ്ക്കന്മാരുടെ ആവശ്യകതയായി മാറി.

എന്നാൽ, ഡോ. ഹെർമൻ ഗുണ്ടർട്ട് ബേക്കൽകോട്ടയുടെ നിർമാണാവകാശം ഡച്ചുകാർക്ക് നൽകി. കോട്ടയുടെ നിർമാണമാതൃകയിൽ ഭാരതീയസ്വാധീനം തന്നെ



യാണ് ഉള്ളതെന്നാണ് ചരിത്രകാരനായ ഡോ. കെ.കെ.എൻ. കുറുപ്പ് നിരീക്ഷിച്ചിട്ടുള്ളത്.

ബേക്കൽകോട്ടയെ കോലത്തിരി രാജവംശവുമായി ബന്ധപ്പെടുത്തുന്നു കെ.പി. പത്മനാഭമേനോൻ. കോലത്തിരി രാജവംശത്തിലെ മൂന്നാമൻ വെക്കൊളത്ത് കോട്ടയുടെ അവകാശിയാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. മാവിലൻപാട്ടുകളിലും പുള്ളിക്കുറത്തി, കുണ്ടോറ ചാമുണ്ഡി എന്നീ തെയ്യക്കോലങ്ങളുടെ തോറ്റത്തിലും ബേക്കൽകോട്ടയെപ്പറ്റി പരാമർശമുണ്ട്. കുണ്ടോറ ചാമുണ്ഡി ഒരു യുദ്ധദേവതയാണെന്ന് പ്രത്യേകം ഓർമിക്കണം.

## സഞ്ചാരികളുടെ കുറിപ്പുകൾ

1203-1283 കാലത്ത് കേരളത്തിലെത്തിയ ക്വാസ്നി എന്ന വിദേശസഞ്ചാരി ബേക്കലിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. ഇറ്റാലിയൻ സഞ്ചാരിയായ ഡെല്ലെ വെല്ലെ ശിവപ്പനായക്ക് നിർമിച്ച കോട്ടയെപ്പറ്റി അനുസ്മരിക്കുന്നു. 14 ാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ ദിമിഷ്കി ഫ്യൂഫൽ എന്നാണ് ബേക്കൽകോട്ടയെ വിശേഷിപ്പിക്കുന്നത്. സഞ്ചാരികളുടെ രേഖകളിൽ കോട്ടയുടെ ചുറ്റുവട്ടത്ത് താമസിക്കുന്ന വർത്തക സംഘങ്ങളെപ്പറ്റി പരാമർശിച്ചതായി കാണാം. ഗൗഡസാരസ്വതർ, ഹരവാരു മഹാനാടിനവറു, ഗുജ്ജ്റു (ഗുജറാത്തികൾ) എന്നിവർ കടൽത്തീരത്ത് സജീവമായിരുന്നു.

## സഞ്ചാരികളുടെ ഇഷ്ടകേന്ദ്രം

ബേക്കൽ ഒരു തുറമുഖ പ്രദേശമാണ്. ബേക്കലിന്റെ വാണിജ്യപ്രാധാന്യം നന്നായി മനസ്സിലാക്കിയവരായിരുന്നു ഇക്കേരി രാജാക്കന്മാർ. തുളുനാടൻ വാണിജ്യനിയന്ത്രണം കൈക്കലാക്കാൻ ഏറ്റവും നല്ല മാർഗം കോട്ട കെട്ടുകയാണെന്നവർ മനസ്സിലാക്കി. അതിനോടൊപ്പം തന്നെ ഒരു പ്രതിരോധ തന്ത്രം എന്ന നിലയിലും ഈ കോട്ടയുടെ നിർമാണത്തെ വായിച്ചെടുക്കാവുന്നതാണ്.

ബേക്കൽ തുറമുഖത്തിലൂടെ ഉൾനാടൻ വിഭവങ്ങൾ വിദേശങ്ങളിലെത്തി. ടിപ്പു കൈവശപ്പെടുത്തിയതിനു ശേഷം സുൽത്താൻ അറേബ്യയിൽ നിന്ന് കുതിരകളെ ഇറക്കുമതി ചെയ്തതും ഇതുവഴിയായിരുന്നു.

കോട്ടമതിലിന് പുറത്തെ കിടങ്ങുകൾ പ്രതിരോധ ആവശ്യത്തിന് നിർമിച്ചതാണ്. അകത്തേക്ക് നയിക്കുന്ന വളഞ്ഞുപുളഞ്ഞു പോകുന്ന പാതയുടെ ഉദ്ദേശ്യവും ഇതു തന്നെ. കോട്ടയ്ക്കുള്ളിൽ കാണുന്ന ഉയർന്ന ചെങ്കൽഗോപുരം നിരീക്ഷണകേന്ദ്രമാണ്. ഇതിനു മുകളിൽ നിന്നാൽ വളരെ അകലെയുള്ള നാടുകൾ കാണാവുന്നതാണ്.

ഈ കടൽത്തീരകോട്ടയെ സംരക്ഷിച്ചു കൊണ്ട് ചെങ്കല്ലിൽ നിർമിച്ച ചുറ്റുമതിൽ കോട്ടയ്ക്ക് അന്യാദൃശമായ രൂപമാതൃക നൽകുന്നു. ചുറ്റുമതിലിൽ മൂന്നു നിലകളിലായി ചെറു ദ്വാരങ്ങൾ കാണാം. കടലിലെ ചെറു ചലനങ്ങൾപോലും ഇതിലൂടെ നിരീക്ഷണവിധേയമാണ്.

കടലിലേക്ക് കടന്നുനിൽക്കുന്ന കൊത്തളം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. ശത്രുനീക്കം മനസ്സിലാക്കി കാവൽഭടന്മാർക്ക് സൂചന നൽകാവുന്നവിധമാണ് ഇതിന്റെ നിർമാണം. അകത്ത് കടലിലേക്ക് നയിക്കുന്ന രഹസ്യകവാടം മരുന്നറയും സ്ഥിതിചെയ്യുന്നു.

നിരവധി ചെമ്പു നാണയങ്ങൾ, വെള്ളി നാണയങ്ങൾ, മൺപാത്രങ്ങൾ, സ്വർണാഭരണങ്ങൾ, ടെറാക്കോട്ടയിലും ചെമ്പിലും തീർത്ത അച്ചുകൾ തുടങ്ങി ചരിത്രരചനയെ സഹായിക്കുന്ന ഒട്ടേറെ തെളിവുകൾ ഉത്ഖനനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. അന്താരാഷ്ട്ര ടൂറിസം വിദഗ്ധരായ തെരേസ കോനാർ, പീറ്റർ ഡേവിഡ് എന്നിവർ രചിച്ച 'ലോൺലി പ്ലാനറ്റ്' എന്ന പുസ്തകത്തിൽ ബേക്കലിന്റെ ടൂറിസം സാധ്യതകൾ വിവരിച്ചതോടെയാണ് സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായി ബേക്കൽ മാറിയത്. കടൽത്തിരമാലകളുടെ തലോടലേറ്റ് കാലത്തിന്റെ നിശബ്ദ സാക്ഷിയായി ബേക്കൽക്കോട്ട അനേകായിരങ്ങളെ നിത്യവും ക്ഷണിച്ചു കൊണ്ടു നിൽക്കുന്നു. ■



എം. ശ്രീനാഥൻ

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം

പദപാഠം

# അകപ്പെട്ടവരും അകമ്പടിക്കാരും


'അകം' ഒരു ദ്രാവിഡ പദമാണ്. ദക്ഷിണ ദ്രാവിഡത്തിലെ സഹോദരഭാഷകളായ തമിഴിലും മലയാളത്തിലും 'അകം' പ്രയോഗത്തിലുണ്ട്. തമിഴിലും മലയാളത്തിലും അകം സമാനാർഥം പങ്കിടുന്നുണ്ട്. പ്രണയത്തെ ആസ്പദമാക്കിയുള്ള കവിതകളടങ്ങുന്നതാണ് സംഘസാഹിത്യത്തിലെ അകം കവിതകൾ. ഇതാകട്ടെ മലയാളത്തിനും തമിഴിനുമുള്ള സമാന പൈതൃകവുമാണ്. ഉൾവശം, ഉള്ള്, മനസ്സ്, വീട്, സ്ഥലം എന്നീ അർഥങ്ങൾ രണ്ടു ഭാഷകളും പങ്കിടുന്നു. കൃഷിയിടം എന്ന് തമിഴിലർഥമുള്ളപ്പോൾ 'ദേശ'മെന്ന അർഥമാണ് മലയാളം ഉൾക്കൊള്ളുന്നത്. അകത്തിനുള്ള മറ്റൊരർഥം തമിഴിൽ 'മാറിട'മാണെങ്കിലും അതിനുപകരമായി ഹൃദയത്തെയാണ് മലയാളി തൊട്ടറിയുന്നത്. തമിഴിൽ വീട് എന്ന അർഥമുള്ളപ്പോൾ, വീട്, അന്തഃപുരം, മതിലകം, അമ്പലം എന്നിങ്ങനെ വ്യത്യസ്തയിടങ്ങൾ മലയാളി അതിലുൾപ്പെടുത്തുന്നു. ദ്രാവിഡ നിരുക്ത നിഘണ്ടുവിൽ 'അകം' കവിതകളെക്കുറിച്ച് പരാമർശിക്കുന്നില്ല എന്നതിവിടെ പ്രത്യേകം ഓർക്കേണ്ടതാണ്. പദരൂപീകരണിത്തിലും പ്രയോഗസാധ്യത കണ്ടെത്തുന്നതിലും മലയാളം സമ്പന്നമായരു വഴി പിന്തുടരുന്നതിന്റെ ചിത്രമാണ് പദപാഠത്തിലൂടെ അകം പറയുന്നത്.

ദ്രാവിഡമായ അർഥപരിസരത്തിലൂന്നിക്കൊണ്ട് അർഥവിപുലന പ്രക്രിയയിലൂടെ അകത്തിന്റെ നിരവധി പദോല്പന്ന സാധ്യതകൾ മലയാളം ഉപയോഗപ്പെടുത്തുന്നതെങ്ങനെയെന്ന് ഈ പദപാഠം വെളിപ്പെടുത്തുന്നു. മൂന്നു ഭിന്നാർഥഗണങ്ങളാണ് 'അക'ത്തിന്റെ അർഥവ്യൂഹത്തിൽ ശബ്ദതാരാവലി തിരിച്ചറിഞ്ഞിട്ടുള്ളത്. ഒന്നാം ഗണത്തിൽ വ്യത്യസ്തമായ ആറ് അർഥങ്ങളടയാളപ്പെടുത്തിയിട്ടുണ്ട്. 1) ഉൾവശം, ഉള്ള്, ഉള്ളകം 2) മനസ്സ്, ഹൃദയം 3) വീട്, അന്തഃപുരം, 4) അമ്പലം, മതിലകം, 5) സ്ഥലം, ദേശം, 6) പ്രണയവിഷയം, പ്രണയത്തെ ആസ്പദമാക്കിയുള്ള കവിത. രണ്ടാംഗണത്തിൽ പാപം, ദുഷ്കരം എന്നീ അർഥങ്ങളും ജലം, ഇല്ലായ്മ, സുഖമില്ലായ്മ, വേദന, ദുഃഖം, ഭാഗ്യക്കേട് എന്നിവ മൂന്നാം ഗണത്തിലും പെടുന്നു. പദോല്പാദനത്തിൽ, ഒന്നാം ഗണമാണ് സജീവം. ഈ ഗണത്തിലെ അർഥ വൈവിധ്യം ഉൾക്കൊണ്ടുകൊണ്ടാണ് പദനിർമിതിയുടെ കേന്ദ്രമായി അകം വർത്തിക്കുന്നതെന്നു കാണാം.

ഉള്ള് എന്ന പ്രാഥമികാർഥത്തിലൂന്നിക്കൊണ്ട് ശരീര നിഷ്ഠയും ശരീരബാഹ്യവുമായ ഉള്ളിടങ്ങളെ അകത്തിന്റെ പൊരുളായി തിരിച്ചറിയാനുള്ള ശ്രമമാണ് മലയാളത്തിലെന്ന് പറയാം. മനസ്സാണ് ശരീരത്തിന്റെ ഉള്ളിടമെന്ന ചിന്ത മനസ്സിനെക്കുറിച്ചുള്ള ധാരണകളുടെ വൈവിധ്യത്തിലേക്ക് മലയാളിയെ നയിച്ച കാഴ്ചയാണ് വെളിവാകുന്നത്. മനനം ചെയ്യാനുള്ള അന്തരിന്ദ്രിയമായും ധാരണാശക്തിയും ബുദ്ധിയും സങ്കല്പവും ആഗ്രഹവും അറിവും ഇഷ്ടവും അഭിപ്രായവും പ്രാണനുമെല്ലാമുള്ളടങ്ങുന്ന ശരീരത്തിന്റെ ഉൾവശത്തെ 'ഉള്ളയാണ്' മനസ്സെന്ന് തിരിച്ചറിയുന്നു. തളിരിൽ നിന്ന് ലതാപത്രപുഷ്പാദി ഉണ്ടാകുംപോലെയാണ് മനസ്സിൽ നിന്ന് നാനാവിചാരങ്ങൾ ഉണ്ടാകുന്നതുകൊണ്ടത് അകതളിരും അകക്കുരുന്നുമാണ്. അകത്തിന് ആധാരമായ ഭാഗമെന്ന നിലയിൽ പുഷ്പത്തിന്റെ തണ്ടുപോലെ മുഖ്യമായ ഭംഗമായതുകൊണ്ടത് അകകാമ്പാണ്. പൂവിനെപ്പോലെ വികസിക്കുന്നതാണ് മനസ്സെന്നതുകൊണ്ടത് അകമലർ ആണ്. മനസ്സിനെ ശരീരത്തിലെ ഒരു അവയവമായി കണ്ടാലത് ഹൃദയമാണെന്ന ധാരണയാണ് പരക്കെ മലയാളത്തിലുള്ളത്. അകക്കരളിലെ 'കരൾ' മനസ്സും ചങ്കും ഹൃദയവും യകൃത്തുമാണ്. എല്ലാം ഉള്ളിടമാണെന്നറിയുക. അകത്താറും അകത്താങ്ങുമൊക്കെ മനസ്സുതന്നെ. അകപ്പറ്റ് സ്നേഹമാണ്. അകപ്പക ഉൾപ്പകയും ഉള്ളിലുള്ള വിരോധവുമാണ്. ഉള്ളിലുള്ള വെറുപ്പും പുച്ഛവും പരിഹാസവും ധിക്കാരവുമൊക്കെ അകനിരുതന്നെ. അകമലം മനസ്സിലെ അഴുക്കും പാപവുമാണ്.

ശരീരത്തിലുള്ളടങ്ങുന്ന രോഗാവസ്ഥയെയും അകമായി തിരിച്ചറിയുന്നുണ്ട്. അകകരപ്പനും അകമുണ്ടിയും അകവാർപ്പും വ്യത്യസ്ത കരപ്പനാണെങ്കിൽ അകർപ്പടുമ്പാനും അകമലരിയും വസൂരിയത്രെ. അകപറങ്കിയാകട്ടെ ഗുഹ്യരോഗവുമാണ്.

അകങ്കാലും അകക്കൈയും ഉള്ളം കാലും ഉള്ളം കയ്യും പ്രയോഗിക്കുമ്പോൾ, 'അകത്തിന് കൈവരുന്ന അർഥവിവക്ഷ ഉള്ളിൽ എന്നല്ല മറിച്ച് ബാഹ്യ അവയവങ്ങളുടെ കാഴ്ചയിൽ വ്യത്യസ്തമായ മറുവശമാണ്. എന്നാൽ അകക്കണ്ണ് കണ്ണിന്റെ ഉൾവശത്തെ ഉദ്ദേശിച്ചിട്ടുള്ളതല്ല. ഉൾക്കണ്ണ് ജ്ഞാനദൃഷ്ടിയാണ് സൂചിപ്പിക്കുന്നത്. അകശ്ശീല ഉൾതുണിയും അകവലിവ് ഉൾവലിവുമാണ്.



ഉള്ളിടത്തെക്കുറിച്ചുള്ള ചിന്ത ശരീരബാഹ്യമാകുമ്പോൾ അത് വാസസ്ഥലസംബന്ധമാകുന്നു. വെറും വീട് എന്നതിലുപരിയായി ചുറ്റിവേലിയോ മതിലോ കെട്ടിയടച്ചിട്ടുള്ള വീടും മതിലകവും കൊട്ടാരവും അടങ്ങുന്ന അകത്തുടും അകമനയും മതിൽക്കെട്ടിന കത്തുള്ള മേടയായ അകപ്പയും അന്തർ ഭാഗത്തെ ശത്രുക്കളിൽ നിന്ന് രക്ഷിക്കുന്നതിന് മതിലിനു ചുറ്റുമുള്ള കിടങ്ങുമൊക്കെ 'അക'ത്തെ പ്രതിനിധീകരിക്കുന്നു. വാസഗൃഹങ്ങളുടെ ഉള്ളിടങ്ങൾ അകത്തളവും അകത്തകവും അകവായിൽ ഉണ്ടാകും. അകക്കോട്ട കൊട്ടാരങ്ങളുടെ സവിശേഷതയാണ്.


ഗൃഹങ്ങളുടെ സാമൂഹികത, അവ എങ്ങനെയാണ് സ്ത്രീകളെ ഉൾക്കൊണ്ടിരുന്നുവെന്നതും അടിസ്ഥാനമാക്കുന്നുണ്ട്. ഇത് അക ത്തിന്റെ പൊരുളിലേക്ക് മറ്റൊരു അടരാണ്. വീട്ടുകാരിയെ അക ത്താരിയെന്നും അകത്താളെന്നും ഗൃഹനാഥനായ ഭർത്താവിനെ അകമുടയാൻ എന്നും വിളിച്ചിരുന്നു. അകത്തമ്മയാകുമ്പോളത് നമ്പൂ തിരി സ്ത്രീ അഥവ അന്തർജനമാണെന്നും അവരെല്ലാം ബഹുമാ നപൂർവം അകത്തവർ ആണ്. അകത്തിരിക്കുന്നവരാണ്, വെളിയി ലിറങ്ങാനുള്ള സ്വാതന്ത്ര്യമില്ലാത്തവരാണ്. എന്നാൽ മറ്റുള്ള ജാതി ക്കാർ അത്തരത്തിൽ അകത്തിരുന്നാൽ മേന്മനടിക്കലാണെന്നതു കൊണ്ട് അകത്തമ്മ ചമയലാണെന്നു വിശ്വസിക്കുന്നു. കുടിവെ ക്കലിന്റെ ഭാഗമായുള്ള വധുവിന്റെ ഗൃഹപ്രവേശം അകം കൊള്ളു കയാണ്.

ദൈവത്തിന്റെ വാസസ്ഥലമായ ക്ഷേത്രത്തോടനുബന്ധിച്ചുള്ള അകത്തിന്റെ പൊരുൾ വ്യത്യസ്തമാണ്. അകനാഴികയായ ശ്രീകോ വിലും അകച്ചുറ്റും, അകപരിവാരവും അകക്കോയ്മയും അകത്ത ടിയുമൊക്കെ ഇതിന്റെ ഭാഗമാണ്. അകക്കോയ്മ സാമന്തരാജ്യ മെന്നനിലയ്ക്ക് ദേശ സംബന്ധമാണ്. അകമല മലയിടുക്കും താഴ്‌വ രയുമാണ്.

അകമ്പടിയും അകമ്പടിക്കാരും അകമ്പടിപ്പണവുമൊക്കെ ചേർന്ന് സാമൂഹികതയിൽ വിവേകവും വകതിരുവുമുള്ള അക മ്പുറത്തോട് ആദരവും മറുവശത്തെ ചതിയായും കണക്കാക്കി. അകത്തുള്ളത്, പുറത്തുള്ളത് എന്ന പെരുമാറ്റവിശേഷത്തിലൂടെ ചതിയും പറ്റിക്കലും ഉള്ളടങ്ങുന്ന അകമ്പുറം ചെയ്യുന്ന പതിവാ യിമാറുന്നുണ്ട്. അകമ്പുറമില്ലാതെ ജീവിക്കുകവഴി, വകതിരിവിനു പകരം ചതി രംഗപ്രവേശം ചെയ്യുന്നത് മലയാളത്തിൽ തിരിച്ചറി ഞ്ഞിരുന്നു.

തിരശ്ശീലക്കുള്ളിൽ ചെയ്യുന്ന നൃത്തം അകചാരിയും കളരിപ്പ യറ്റിലെ അടവായ അകതാരയുമെല്ലാം അകവിവക്ഷകൾ തന്നെ യാണ് പങ്കിടുന്നത്.

മാനം മര്യാദയോടെ അകത്തടങ്ങിയിരിക്കുകയും ഹൃദയവികാ രങ്ങൾ നിയന്ത്രിച്ച് ജീവിക്കണമെന്നതുമായിരുന്നു അകമടങ്ങലി ലൂടെ മലയാളി വിവക്ഷിച്ചത്. എന്നാൽ അകത്തുപെടുക കുടു ങ്ങൽ തന്നെ. അതുകൊണ്ടാണ് അകപ്പെടുക എന്നത് ഉൾപ്പെടുക എന്നതിനെക്കാൾ കുരിക്കിൽ വീഴുകയായി മലയാളി തിരിച്ചറിയു ന്നത്. ■





# സാമൂതിരിപെരുമ

ആധുനിക കേരളചരിത്രത്തെ സംബന്ധിച്ച് പ്രത്യേകിച്ച് സ്വാതന്ത്ര്യസമരകാല ചരിത്രവുമായി ബന്ധപ്പെട്ട നിരവധി ചരിത്ര പുസ്തകങ്ങൾ ലഭ്യമാണ്. ഗവേഷണങ്ങൾ ഇന്നും ധാരാളം തുടരുന്നുമുണ്ട്. എന്നാൽ മധ്യകാല കേരള ചരിത്ര ത്തിന്റെ സ്ഥിതി അതല്ല. രചനകൾ കുറവ്. നിലവാരമുള്ളവ പിന്നെയും വിരളം. വിശ്വസിച്ച് ആശ്രയിക്കാവുന്ന ഉപാദാന സാമഗ്രികളുടെ കുറവാണ് ഒരു കാരണം. ചരിത്രരചന ഐതി ഹ്യകഥനമായിപ്പോകാതിരിക്കാൻ ഗ്രന്ഥകാരൻ ഏറെ പണി പ്പെടേണ്ടിവരും. അത്തരം കെണികളിലേക്കൊന്നും വീഴുന്നില്ല എന്നതാണ് ഡോ.വി.വി ഹരിദാസ് എഴുതിയ സാമൂതിരിപെ രുമ എന്ന ചരിത്രകൃതിയുടെ പ്രത്യേകത. മധ്യകാല കേരള ത്തിന്റെ പ്രത്യേകിച്ചും എ.ഡി 1200 മുതൽ 1766 വരെയുള്ള കോഴിക്കോടിന്റെ രാഷ്ട്രീയ-സാംസ്കാരിക ചരിത്രമാണ് ഈ പഠനം. അതിന് മറ്റു പ്രമാണസാമഗ്രികൾക്കൊപ്പം കോഴി ക്കോടൻ ഗ്രന്ഥവരിയെന്ന സാമൂതിരി കോവിലകം താളിയോല രേഖകൾ അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.




ഒരു ചെറുനാട്ടുരാജ്യം എങ്ങനെയാണ് മധ്യകാലത്ത് നില നിന്നതെന്നും നാട്ടുരാജാവ് എങ്ങനെയാണ് അധികാരം പ്രയോ ഗിച്ചതെന്നും വിവിധ സാംസ്കാരിക പ്രതിനിധാനങ്ങളെ എങ്ങനെയാണ് അതിനായി ഉപയോഗപ്പെടുത്തിയതെന്നും ഗ്രന്ഥകാരൻ ഏറെക്കുറെ സമഗ്രമായി വിലയിരുത്തുന്നു. മഹോദയപുരം പെരുമാക്കന്മാരുടെ അധീശത്വം അവസാനി ച്ചതിനുശേഷമാണ് വേണാട്, ഏറനാട്, കോലത്തുനാട് എന്നി വിടങ്ങളിലെ ഭരണാധികാരികൾ സ്വതന്ത്ര നാടുവാഴിക ളായമാറിയ മാറിയത്. അതിൽത്തന്നെ സാമൂതിരിയുടെ ഏറ നാടിന്റെ വളർച്ചയിൽ കോഴിക്കോട് തുറമുഖവും അതിന്റെ വാണിജ്യസാധ്യതകളും പ്രധാനപങ്ക് വഹിച്ചതായി ഹരിദാസ് സൂചിപ്പിക്കുന്നു.

സാമൂതിരി രാജ്യത്തിന്റെ രാഷ്ട്രീയസംസ്കാരത്തെക്കു റിച്ചുള്ള പഠനത്തിൽ അന്നത്തെ അധികാരകേന്ദ്രങ്ങളെക്കു റിച്ചു പഠിക്കുന്നു. പതിവുശൈലിയിൽ സാമൂതിരിയുടേത് ഒരു സ്വേച്ഛാധിപത്യ ഭരണമായിരുന്നു എന്ന അഭിപ്രായങ്ങളെ അദ്ദേഹം സാധൂകരിക്കുന്നില്ലെന്നത് ശ്രദ്ധേയമാണ്. മധ്യകാല കേരളത്തിലെ രാഷ്ട്രീയ സംസ്കാരം ചടങ്ങുകളെ കേന്ദ്രീക രിച്ചാണ് നിലനിന്നിരുന്നതെന്നും ഗ്രന്ഥകാരൻ കണ്ടെത്തുന്നു. പന്ത്രണ്ട് അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്ന പുസ്തകം സാധാരണക്കാർക്ക് കൂടി വായനാക്ഷമമായാണ് രചിച്ചിരിക്കുന്നത്. ■

# കളിയാവേശ ലഹരിയിൽ മലപ്പുറം



മഞ്ചേരി സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുന്നു

'ഈ സ്റ്റേഡിയം മഞ്ചേരിക്കോ മലപ്പുറത്തിനോ മാത്രമല്ല, മലബാറിനുതന്നെ വലിയ നേട്ടമായിട്ടാണ് ഞാൻ കാണുന്നത്. കാരണം, സ്പോർട്സ് രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് സർക്കാർ ഏറെ പ്രധാന്യം നൽകുന്നുണ്ട്. ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന സ്റ്റേഡിയത്തിൽതന്നെ ഫെഡറേഷൻ കപ്പ് ദേശീയ ഫുട്ബോൾ ചാംപ്യൻഷിപ്പ് നടക്കുന്നു എന്നത് ശ്രദ്ധേയമാണ്.

കായിക രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ കുറവായിരുന്നിട്ടും നമ്മുടെ കായികതാരങ്ങൾ ദേശീയ, അന്തർദേശീയ തലങ്ങളിൽ കൈവരിക്കുന്ന നേട്ടങ്ങൾ സംസ്ഥാനത്തിന് അഭിമാനാർഹമാണ്. അടിസ്ഥാന സൗകര്യങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചാൽ നമുക്ക് ഏറെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നതിൽ സംശയമില്ല. ഇക്കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചതും സമയബന്ധിതമായി പൂർത്തീകരിച്ചതും ഇതിന് ശ്രദ്ധേയമായ ഉദാഹരണമാണ്.

ആയിരങ്ങളെ സാക്ഷിയാക്കി വിഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്റ്റേഡിയം ഉദ്ഘാടനം ചെയ്തപ്പോൾ അവരുടെ ആവേശത്തിന് അതിരുണ്ടായിരുന്നില്ല. തലമുറകൾ കൈമാറി വന്ന കളിയാവേശത്തിനൊപ്പം നെയ്ത്കൂട്ടിയ സ്വപ്നം സാക്ഷാത്ക്കരിച്ച സന്തോഷത്തിലായിരുന്നു മലപ്പുറത്തുക്കാർ. വുവസേല മുഴക്കത്തിനൊപ്പം നിർത്താത്ത വാദ്യഘോഷങ്ങൾക്കിടയിലും തങ്ങളുടെ കളിയാവേശം മുഖ്യമന്ത്രിക്ക് കാണിച്ച് കൊടുക്കാനായില്ലല്ലോ എന്ന ദു:ഖമുണ്ടായിരുന്നെങ്കിലും ആഹ്ലാദത്തിന് അതിരുണ്ടായിരുന്നില്ല.

കേന്ദ്രമന്ത്രി മന്ത്രി ഇ. അഹമ്മദ്, മന്ത്രിമാരായ പി.കെ അബ്ദുറബ്ബ്, എം.കെ മുനീർ, എ.പി അനിൽകുമാർ, എം.ഐ ഷാനവാസ് എം.പി, എം.എൽ.എമാരായ



അഡ്വ. എം ഉമ്മർ എം.എൽ.എ അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, പി. ഉബൈദുള്ള, പി.കെ ബഷീർ, സി. മമ്മുട്ടി, കെ.റ്റി ജലീൽ, പി ശ്രീരാമകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട്, ജില്ലാ കലക്റ്റർ കെ.ബിജു, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പത്മിനി തോമസ്, അഖിലേന്ത്യ ഫുട്ബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ.എം.ഐ മേത്തർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എ. ശ്രീകുമാർ, മഞ്ചേരി നഗരസഭാ ചെയർമാൻ വല്ലാഞ്ചിറ മുഹമ്മദലി, എ.ഡി.എം പി. മുരളീധരൻ, ജില്ലാ പൊലീസ് മേധാവി പി. വിമലാദിത്യ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## മൊട്ടക്കുന്ന് മൈതാനമായ കഥ

ഇന്ത്യയറിയുന്ന നിരവധി കാൽപന്തുകളിക്കാർക്ക് ജന്മം നൽകിയ നാട്ടിൽ കളിക്കാനും കളിപഠിപ്പിക്കാനും 25 ഏക്കറിൽ ഒരു കേന്ദ്രം എന്നത് നഗരസഭയുടെ പദ്ധതിയായിരുന്നു. 1.25 കോടി ചെലവിൽ നഗരസഭ പയ്യനാട് പിലാക്കലിൽ ഇതിനായി സ്ഥലം ഏറ്റെടുത്തു. പിന്നീട് 2002 ൽ സംസ്ഥാന സർക്കാരിന് കൈമാറി. 2010 ൽ സ്പോർട്സ് മന്ത്രി എം. വിജയകുമാർ സ്റ്റേഡിയത്തിന് തറക്കല്ലിട്ടു. മൈതാനത്തിന്റെയും ഗാലറിയുടെയും നിർമാണം തുടങ്ങിയെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ പദ്ധതി ഇടയ്ക്ക് നിശ്ചലമായി. പിന്നീട് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സന്ദർശനമാണ് സ്റ്റേഡിയത്തിന് ജീവൻ നൽകിയത്. കരാറുകാരന് നൽകാനുള്ള നാല് കോടി സർക്കാർ വിഹിതമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ആദ്യ ഘട്ടം ജനുവരിയിൽ പൂർത്തിയാക്കുമെന്നത് സന്ദർശന സമയത്ത് മുഖ്യമന്ത്രിയുടെ വാഗ്ദാനമായിരുന്നു. 16.5 കോടി ചെലവിൽ ഒന്നാംഘട്ടം പൂർത്തിയാക്കിയപ്പോൾ 400 മീറ്റർ ട്രാക്ക്, 22000 പേർക്കിരിക്കാവുന്ന ഗാലറി, ഫുട്ബോൾ മൈതാനം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് ഹോസ്റ്റൽ എന്നിവ തയ്യാറായിട്ടുണ്ട്.

## അന്താരാഷ്ട്ര നിലവാരത്തിലുള്ള കായികസമുച്ചയം

മൊത്തം 52.5 കോടിയുടെ പദ്ധതിയാണ് മഞ്ചേരിയിൽ വരുന്നത്. മുഴുവൻ പദ്ധതിയും പൂർത്തിയായാൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായികസമുച്ചയമാണ് സംസ്ഥാനത്തിന് സ്വന്തമാവുക. മുഴുവൻ പദ്ധതിയും പൂർത്തിയായാൽ ഹോക്കി, ക്രിക്കറ്റ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഹാൻഡ് ബോൾ, ടെന്നീസ്, സോഫ്റ്റ് ബോൾ, സൈക്കിൾപോളോ, ഖോ-ഖോ, കബഡി, ബോൾ ബാഡ്മിന്റൺ, ആർചറി, ഷൂട്ടിങ്, റോളർ സ്കേറ്റിങ് എന്നിവയ്ക്കുള്ള കളിക്കളങ്ങൾ, ഇൻഡോർ സ്റ്റേഡിയം, ബോഡി ബിൽഡിങ്, വെയ്റ്റ് ലിഫ്റ്റിങ് എന്നിവയ്ക്കുള്ള കേന്ദ്രം, 50 മീറ്റർ സ്വിമ്മിങ് പൂൾ, പരിശീലകർക്കുള്ള ഹോസ്റ്റൽ, നിലവാരമുള്ള കളി ഉപകരണങ്ങൾ എന്നിവ ഉണ്ടാവും.

## കൂട്ടായ്മയുടെ വിജയം

വികസന പ്രവർത്തനത്തിൽ കൂട്ടായ്മയൊരുക്കിയ മറ്റൊരു മലപ്പുറം മാതൃക കൂടിയാണ് മഞ്ചേരി സ്റ്റേഡിയം. ജനപ്രതിനിധികളും ത്രിതലപഞ്ചായത്തുകളും അവരുടെ വിഹിതം സ്റ്റേഡിയത്തിന് നൽകി. കായിക വികസം ലക്ഷ്യമിട്ട് ഒളിംപ്യൻ കെ.റ്റി ഇർഫാന്റെ നേതൃത്വത്തിൽ സ്പോർട്സ് കൗൺസിൽ വിദ്യാലയങ്ങളിലൂടെ യാത്ര നടത്തി. നാല് ലക്ഷത്തിലധികമാണ് വിദ്യാർഥികളിൽ നിന്നുള്ള വിഹിതം ലഭിച്ചത്. എം. ഉമ്മർ എം.എൽ.എയുടെയും ജില്ലാ കലക്റ്റർ കെ. ബിജുവിന്റെയും പ്രത്യേക താത്പര്യവും സ്റ്റേഡിയം നിർമാണം വേഗത്തിലാക്കി.

## ലഭിച്ചത് ഇരട്ടി മധുരം

മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ഉദ്ഘാടനത്തോടൊപ്പം ഫെഡറേഷൻ കപ്പ് വിരുന്നെത്തിയത് ജില്ലയ്ക്ക് ഇരട്ടി മധുരമായി. ഗാലറിയിൽ സൂചി കുത്താനിടമില്ലാത്ത വിധമായിരുന്നു കാണികൾ. നാട്ടുകാരായ ഒരു ടീം പോലുമില്ലെങ്കിലും കളിയാരവത്തിൽ ജില്ല മൊത്തം പങ്കാളികളായി. സ്വപ്ന ലോകത്ത് കളിക്കുന്ന പ്രതീതിയായിരുന്നു ടീമുകൾക്ക്. ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ചത് 43.8 ലക്ഷം. അവസാന ദിവസത്തെ കളിയിൽ നിന്ന് മാത്രം ലഭിച്ചത് 5.3 ലക്ഷത്തിന്റെ വരുമാനമാണ്. ജില്ലയുടെ കായിക വികസനത്തിനാണ് ടിക്കറ്റ് വരുമാനം ഉപയോഗിക്കുക. കായിക വികസനത്തിന് കരുത്തേകാൻ നാല് മൈതാനങ്ങൾ കൂടി തയ്യാറെടുക്കുന്നുണ്ട്. കോട്ടപ്പടി മൈതാനത്തിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. അരീക്കോട് സ്റ്റേഡിയത്തിനും തിരൂർ സ്റ്റേഡിയത്തിനും ബജറ്റിൽ സർക്കാർ തുക അനുവദിച്ചു. ഇതിൽ അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമാണം തുടങ്ങി. മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് മാതൃകയിൽ 20 ഏക്കറിൽ കോഴിക്കോട് സർവകലാശാലയിൽ കായിക കേന്ദ്രവും വരുന്നുണ്ട്.

***പി. നബീൽ റാശിദ്***
*അസി. എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, മലപ്പുറം*




**സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് കനകക്കുന്ന് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്യുന്നു**

# മലപ്പുറത്ത് ഹയർസെക്കൻഡറി മേഖലാകേന്ദ്രം ഉദ്ഘാടനം



**ഹയർസെക്കൻഡറി മേഖലാ കേന്ദ്രം മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു**

മലപ്പുറം, പാലക്കാട് ജില്ലകൾ ഉൾപ്പെടുത്തി പുതുതായി അനുവദിച്ച ഹയർസെക്കൻഡറി മേഖലാ കേന്ദ്രത്തിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നിർവഹിച്ചു. വിദ്യാഭ്യാസ മേഖലയിലെ അസന്തുലിതാവസ്ഥ ഇല്ലാതാക്കുമെന്ന് മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മലബാറിൽ സൗകര്യങ്ങൾ വർധിപ്പിക്കും. പുതിയ കോളെജുകളും കോഴ്സുകളും അനുവദിച്ചത് ഇതിന്റെ ഭാഗമാണ്. ജില്ലയിൽ പുതിയ മേഖലാ കേന്ദ്രം വരുന്നത് വിദ്യാഭ്യാസ മുന്നേറ്റം സാധ്യമാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിദ്യാഭ്യാസ മന്ത്രി പി.കെ അബ്ദുറബ്ബ് അധ്യക്ഷനായി.

മലപ്പുറം, പാലക്കാട് ജില്ലക്കുവേണ്ടിയുള്ള മേഖലാ ഓഫീസാണ് പ്രവർത്തനമാരംഭിച്ചത്. സിവിൽ സ്റ്റേഷനിലെ ബി-രണ്ട് ബ്ലോക്കിൽ ഉപഭോക്തൃ കോടതിക്കു സമീപമാണ് കേന്ദ്രം പ്രവർത്തിക്കുക. മലപ്പുറത്തെ 246 ഉം പാലക്കാട്ടെ 142 ഉം ഹയർസെക്കൻഡറി സ്കൂളുകളും 3500 അധ്യാപക അനധ്യാപകരും ഒന്നര ലക്ഷം റഗുലർ വിദ്യാർഥികളും അരലക്ഷം ഓപൺ സ്കൂൾ വിദ്യാർഥികളും കേന്ദ്രത്തിന് കീഴിൽ വരും. അധ്യാപക നിയമനം, അക്കാദമിക പ്രവർത്തനങ്ങളുടെ മേൽനോട്ടം, എയ്ഡഡ് അധ്യാപകരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവ മലപ്പുറം കേന്ദ്രം വഴി നടക്കും.

എം.എൽ.എ മാരായ പി. ഉബൈദുള്ള, കെ.എൻ.എ ഖാദർ, എം.ഉമ്മർ, അബ്ദുറഹ്മാൻ രണ്ടത്താണി, എൻ. ശംസുദ്ദീൻ, ഹയർ സെക്കൻഡറി ഡയറക്റ്റർ കേശവേന്ദ്രകുമാർ, ജില്ലാ കലക്റ്റർ കെ.ബിജു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ കുഞ്ഞു, നഗരസഭാ ചെയർമാൻ കെ.പി മുഹമ്മദ് മുസ്തഫ, വൈസ് ചെയർപേഴ്സൻ കെ.എം ഗിരിജ, വി.എച്ച്.എസ്.സി ഡയറക്റ്റർ സി.കെ മോഹനൻ, ഹയർസെക്കൻഡറി ജോയന്റ് ഡയറക്റ്റർ പി.എ സാജുദ്ദീൻ, റീജനൽ ഡെപ്യൂട്ടി ഡയറക്റ്റർ എസ്.സത്യൻ, ഡി.ഡി.ഇ കെ.സി ഗോപി, കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് അംഗം റ്റി.വി ഇബ്രാഹിം, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സലീം കുരുവമ്പലം, കെ.പി ജൽസീമിയ, എ.ഡി.എം പി. മുരളീധരൻ, വാർഡ് കൗൺസിലർ വീക്ഷണം മുഹമ്മദ് എന്നിവർ പങ്കെടുത്തു.

# ഫോക്‌ലോർ അക്കാദമിയിൽ ടെറാക്കോട്ട ശില്പ വിസ്മയം

കളിമണ്ണിൽ കരവിരുതിന്റെ കലാചാരുത തീർത്ത് വിസ്മയക്കാഴ്ചയൊരുക്കിയ ആറു ദിനം നീണ്ട ടെറാക്കോട്ട ദേശീയ ശില്പശാല ജനശ്രദ്ധയാകർഷിച്ചു. കണ്ണൂരിലെ ചിറക്കൽ ചിറയുടെ തീരത്തെ ഫോക്‌ലോർ അക്കാദമിയിൽ നടന്ന ശില്പശാലയിലെത്തിയ അന്യ സംസ്ഥാന ങ്ങളിലേയും കേരളത്തിലേയും കളിമൺ ശില്പവൈദഗ്ധ്യം നിറഞ്ഞ അകംപൊള്ളയായ ശില്പമാതൃകകൾ ഇനി അക്കാദമിയിലെ നാടൻ കലാരൂപങ്ങളോടൊപ്പം സ്ഥാനം പിടിക്കും. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാദമിയിൽ ജനുവരി 13ന് അക്കാദമി ചെയർമാൻ പ്രൊഫ. മുഹമ്മദ് അഹമ്മദ് ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിൽ നിന്നുള്ള ഇരുപതോളം കലാകാരന്മാർ പങ്കെടുത്തു. കളിമൺ ശിൽപ ചാതുരിയുടെ ദേശാന്തര ചരിത്രവും സൗന്ദര്യവും മലയാള നാടിനും നമ്മുടെ കലാവൈഭവ സമ്പത്തിന്റെ ശോഭ അന്യസംസ്ഥാന കലാകാരൻമാർക്കും ഏറെ പകർന്നു നൽകാൻ കഴിഞ്ഞത് ഫോക്‌ലോർ അക്കാദമിയുടെ മികവിനും ലക്ഷ്യത്തിനും മുതൽക്കൂട്ടാകും. തമിഴ്നാടിന്റെ അയ്യനാർ കുതിരകൾ, കർണ്ണാടകയിലെ യക്ഷഗാന രൂപങ്ങൾ, രാജസ്ഥാനിലെ അലങ്കാര പാത്ര

# കേരളത്തിലെ മാധ്യമ പ്രവർത്തകർ ദേശീയതലത്തിൽ മുൻനിരയിൽ: 

## ഗവർണർ കെ. ശങ്കരനാരായണൻ



**ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസ് ടൂറിന്റെ ഭാഗമായി മുംബൈ മലബാർ ഹില്ലിലെ രാജ്ഭവനിലെത്തിയ പത്തനംതിട്ട പ്രസ് ക്ലബ്ബിലെ മാധ്യമ പ്രവർത്തകരുടെ പഠന സംഘത്തിനു മഹാരാഷ്ട്ര ഗവർണർ കെ.ശങ്കരനാരായണൻ നൽകിയ ഉപഹാരം പ്രസ് ക്ലബ്ബ് പ്രസിഡന്റ് സാം ചെമ്പകത്തിലും സെക്രട്ടറി സജിത് പരമേശ്വരനും ഏറ്റുവാങ്ങുന്നു.**

കേരളത്തിലെ മാധ്യമ പ്രവർത്തകർ ദേശീയതലത്തിൽ മുൻനിരയിൽ നിൽക്കുന്നവരാണെന്ന് മഹാരാഷ്ട്ര ഗവർണർ കെ. ശങ്കരനാരായണൻ പറഞ്ഞു. ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസ് ടൂർ പരിപാടിയുടെ ഭാഗമായി മുംബൈ മലബാർ ഹില്ലിലെ മഹാരാഷ്ട്ര രാജ്ഭവനിൽ എത്തിയ പത്തനംതിട്ട പ്രസ് ക്ലബ്ബിലെ മാധ്യമ പ്രവർത്തകരുടെ പഠനസംഘവുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ പത്രങ്ങൾ നിഷ്പക്ഷമായ മാധ്യമ പ്രവർത്തനമാണ് നടത്തുന്നത്. വികസനം യാഥാർഥ്യമാക്കുന്നതിന് ജനങ്ങളുടെ ഐക്യവും മനസും വേണം. കേരളം കഴിഞ്ഞാൽ ഏറ്റവുമധികം മലയാളികൾ വസിക്കുന്ന സംസ്ഥാനമാണ് മഹാരാഷ്ട്ര. 35 ലക്ഷം മലയാളികളാണ് ഇവിടെയുള്ളത്. രാജ്യത്തിന്റെ നികുതി വരുമാനത്തിന്റെ 37 ശതമാനം മഹാരാഷ്ട്രയിൽ നിന്നാണ്. ഏറ്റവും സമ്പന്നമായ സംസ്ഥാനമാണിത്. മുംബൈ കോർപ്പറേഷന്റെ ബജറ്റ് മാത്രം 28000 കോടി രൂപയുടേതാണ്. ഇത് 14 സംസ്ഥാനങ്ങളിലെ ബജറ്റിന് തുല്യമാണെന്നും ഗവർണർ പറഞ്ഞു.

മാധ്യമ പ്രവർത്തകർക്ക് ഊഷ്മള സ്വീകരണമാണ് രാജ്ഭവനിൽ ഒരുക്കിയത്. പത്തനംതിട്ട പ്രസ് ക്ലബിനുള്ള ഗവർണർ ശങ്കരനാരായണന്റെ ഉപഹാരം പ്രസിഡന്റ് സാം ചെമ്പകത്തിലും, സെക്രട്ടറി സജിത് പരമേശ്വരനും ഏറ്റുവാങ്ങി. മാധ്യമ പ്രവർത്തകർക്കായി ചായസൽക്കാരവും ഫോട്ടോ സെഷനും ഗവർണർ ഒരുക്കിയിരുന്നു.

കേന്ദ്രഭരണ പ്രദേശമായ ഡാമൻ, ഗുജറാത്തിലെ വൻസ്ദ വന്യജീവി സങ്കേതം, ഔറംഗബാദിലെ അജന്ത, എല്ലോറ ഗുഹകൾ, ബീബീകാ മക്ബറ, പഞ്ചചകി, ദൗലത്താബാദ് കോട്ട, മുംബൈ നഗരത്തിലെ വിവിധ സ്ഥലങ്ങൾ തുടങ്ങിയവ മാധ്യമ പഠനസംഘം സന്ദർശിച്ചു.

***സി.മണിലാൽ***

*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*

ങ്ങൾ, രൂപ മാതൃകകൾ, പോട്ട് ഇൻ പോട്ട്, ബീഹാറിന്റെ ആന സവാരിക്കാർ, കുതിരകൾ, കേരളത്തിലെ തെയ്യരൂപമായ മുച്ചിലോട്ട് ഭഗവതി തുടങ്ങിയ ടെറാക്കോട്ട ശില്പങ്ങളും അക്കാദമി വൈസ് ചെയർമാൻ സുരേഷ് കൂത്തുപറമ്പ് രൂപകല്പന ചെയ്ത ഗോത്രസംസ്കൃതി ഉൾക്കൊണ്ട അമൂർത്ത ശില്പവും ശില്പശാലയിലെ ഉല്പന്നങ്ങളായിരുന്നു. മണിപ്പൂരിൽ നിന്നുള്ള ചിന്നൻ പാംസാസ, അസ്സാമിലെ നിഖിൽ സിഎച്ച്. പാൽ, യുപിയിൽ നിന്നുള്ള ബോലാപ്രസാദ് പ്രജാപതി, ഒഡിഷയിലെ മുകുന്ദ് റാണ, രാജസ്ഥാനിലെ ഗംഗാസാഹബ്, തമിഴ്നാട്ടിൽ നിന്നുള്ള തങ്കയ്യ, കർണ്ണാടകയിൽനിന്നും ഹരീഷ്, ബീഹാറിലെ ലാല പണ്ഡിറ്റ്, മലയാളികളായ ജയൻ, ജീവൻലാൽ എന്നിവരുടെ കലാവിരുന്ന് പ്രകടമാക്കിയ ശില്പശാല തനത് കളിമൺ കലാ പാരമ്പര്യം വിളിച്ചോതുന്നതായി.

ഫോക്‌ലോർ അക്കാദമി പോലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ വഴി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളിൽ ഫോക്‌ലോർ അക്കാദമി നടത്തിയ ദേശീയ ടെറാക്കോട്ട ശിൽപശാല ദേശീയോദ്ഗ്രഥന താൽപര്യം ഉൾക്കൊള്ളുന്ന പരിപാടികളിലൊന്നായി വിലയിരുത്തപ്പെടും.

ആറുദിനം നീണ്ട ശിൽപശാലയുടെ സമാപന ചടങ്ങ് കെ എം ഷാജി എംഎൽ എ ഉദ്ഘാടനം ചെയ്തു. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ഖാദർ മാങ്ങാട് മുഖ്യാതിഥിയായിരുന്നു. ചെയർമാൻ ബി മുഹമ്മദ് അഹമ്മദ് അധ്യക്ഷത വഹിച്ചു.

***എൻ.രാജേഷ്***

*അസി.എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കണ്ണൂർ*

# സമർപ്പണ ചേതസ്സിന്റെ കാർഷിക ജീവിതം

**വൈ**റ്റ്കോളർ ജോലിമാത്രമാണ് ജീവിതം എന്ന് കരുതുന്ന യുവതലമുറയ്ക്ക് മാതൃകയാവുകയാണ് കണ്ണൂർ ജില്ലയിലെ പാനൂരിനടുത്ത് മാക്കുനിയിലെ സുകേഷ് എന്ന 34 കാരൻ. അധ്വാനിക്കാൻ മനസ്സുണ്ടെങ്കിൽ കൃഷിയും ഏറെ ലാഭകരമാണെന്നാണ് തന്റെ ജീവിതത്തിലൂടെ സുകേഷ് തെളിയിക്കുന്നത്. വീടിനോട് ചേർന്നുള്ള 64 സെന്റിൽ കരനെല്ല്, വാഴ, പച്ചക്കറികൾ, തീറ്റപ്പുല്ല് തുടങ്ങി എല്ലാ കാർഷിക ഉത്പന്നങ്ങളും വിളയിച്ച് വീട്ടുകാരുടെയും നാട്ടുകാരുടെയും അഭിമാനമാണ് ഇന്ന് ഈ യുവാവ്.

എം.എസ്.സി എം.എഫിൽ ബിരുദാനന്തരബിരുദധാരിയായ സുകേഷ് മനസ്സിനിണങ്ങിയ ഒരു ജോലി ലഭിക്കാത്തതിനെ തുടർന്നാണ് കൃഷിയിലേക്ക് തിരിഞ്ഞത്.



സുകേഷ് മുയൽ ഫാമിൽ



ചെറുപ്പംതൊട്ടേ കൃഷിയോടുണ്ടായിരുന്ന താത്പര്യം തീരുമാനത്തിന് ശക്തി പകർന്നു. കരനെല്ലും പച്ചക്കറി കൃഷിയും നൂറുമേനി വിളവ് നൽകിയപ്പോഴാണ് വ്യത്യസ്തവും ലാഭകരവുമായ മറ്റ് കൃഷി രീതികളെക്കുറിച്ചും സുകേഷ് ചിന്തിച്ചുതുടങ്ങിയത്. അഞ്ചു പശുക്കളും 30 ഓളം കോഴികളും സ്വന്തമായുള്ള ഇദ്ദേഹം പിന്നീട് മുയൽ വളർത്തലിലേക്കും ശ്രദ്ധകേന്ദ്രീകരിക്കുകയായിരുന്നു.

ഇന്റർനെറ്റിൽ വിവിധ സൈറ്റുകളെ ആശ്രയിച്ച് മുയൽവളർത്തലിനെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ചശേഷമായിരുന്നു സുകേഷിന്റെ ചുവടുവെപ്പ്. മുയൽവളർത്തലിനെക്കുറിച്ചുള്ള ക്ലാസുകളിലും പങ്കെടുത്തു. അവിടെനിന്നാണ് എട്ട് പെണ്ണും രണ്ട് ആണും ഉൾപ്പെടുന്ന ഒരു യൂണിറ്റ് മുയലുകളെ കൊണ്ടുവന്നത്. പത്ത് കൂടുകളാണ് ഒരു യൂണിറ്റിൽ ഉണ്ടാവുക. പരീക്ഷണാടിസ്ഥാനത്തിലാണ് മുയലുകളെ കൊണ്ടുവന്നതെങ്കിലും കൃത്യമായ നിരീക്ഷണത്തിലൂടെ മുയൽ വളർത്തലിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പഠിക്കുകയായിരുന്നു ആദ്യപടി. അതിൽ താൻ 75 ശതമാനം വിജയിച്ചതായി സുകേഷ് പറയുന്നു. മുയലുകളുടെ ഭക്ഷണക്രമം, പരിപാലനം, പ്രത്യുത്പാദനരീതികൾ എന്നിവയെല്ലാം ഇപ്പോൾ ഇദ്ദേഹത്തിന് ഹൃദിസ്ഥമാണ്.

മുയലുകളെ സ്പർശിക്കുമ്പോൾ തന്നെ ഫംഗസ്ബാധ കണ്ടെത്താനാവുമെന്നും അവയുടെ ശബ്ദത്തിലൂടെ തന്നെ ശാരീരിക അവസ്ഥകൾ മനസിലാക്കാൻ സാധിക്കുമെന്നും ഈ യുവകർഷകൻ പറയുന്നു. വൃത്തിയാണ് സുകേഷിന്റെ മുയൽഫാമിന്റെ ഏറ്റവും വലിയ പ്രത്യേകത. ദുർഗന്ധമോ ഈർപ്പമോ ഇല്ലാത്ത അന്തരീക്ഷത്തിലാണ് മുയലുകളെ വളർത്തുന്നത്. ആരോഗ്യമുള്ള മുയൽകുഞ്ഞുങ്ങളെ ലഭിക്കാൻ വൃത്തിയുള്ള അന്തരീക്ഷമാണ് പ്രധാനമെന്ന് പറയുമ്പോൾ പന്നിവളർത്തലും മുയൽവളർത്തലുമൊക്കെ പരിസരമലിനീകരണത്തിന് ഇടയാക്കുമെന്ന് പറയുന്നവർക്ക് കൃത്യമായ മറുപടിയും ഇദ്ദേഹത്തിന്റെ പക്കലുണ്ട്. ഹോട്ടൽ മാലിന്യങ്ങളും മാർക്കറ്റിൽ നിന്നുള്ള പഴകിയ പച്ചക്കറികളും തീറ്റയായി നൽകുന്നത് പരിസരം ദുർഗന്ധപൂരിതമാക്കാനേ ഉപകരിക്കൂ എന്നും സുകേഷ് ഓർമിപ്പിക്കുന്നു. അഗ്രിമാൻ ഫോർട്ട് എന്ന ബാക്ടീരിയൽ ലായനി കലർത്തിയ വെള്ളം ആഴ്ചയിൽ ഒരിക്കൽ കൂട്ടിലും പരിസരത്തും തളിക്കുന്നത് ദുർഗന്ധം വരാതിരിക്കാൻ സഹായിക്കും.

പൂർണവളർച്ചയെത്തിയ മുയലിന് 600 ഗ്രാം ഭക്ഷണമാണ് ഒരു ദിവസം ആവശ്യം. മുയലുകൾക്കാവശ്യമായ പെല്ലറ്റ് ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ തവിടും ഗോതമ്പും ചേർത്ത് വേവിച്ചുള്ള സമീകൃതാഹാരം

# ഉത്സവാന്തരീക്ഷത്തിൽ ബസ് ടെർമിനൽ തുറന്നു.



തമ്പാനൂർ കെ.എസ്.ആർ.ടി.സി. സെൻട്രൽ ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

തലസ്ഥാന നഗരിക്ക് ഉത്സവഛായ പകർന്ന് തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി. സെൻട്രൽ ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഫെബ്രുവരി മൂന്നിന് നിർവഹിച്ചു. വനം, പരിസ്ഥിതി, ഗതാഗതം, സ്പോർട്സ്, സിനിമ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷനായ സമ്മേളനത്തിൽ മന്ത്രി വി.എസ്. ശിവകുമാർ, പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക, എം.എൽ.എ.മാരായ കെ. മുരളീധരൻ, എം.എ. വാഹീദ്, വി. ശിവൻകുട്ടി, മാത്യു ടി. തോമസ്, സി. ദിവാകരൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസാൽ, ട്രിഡാ ചെയർമാൻ പി.കെ. വേണുഗോപാൽ, കെ.എസ്.ആർ.ടി.സി. എം.ഡി. കെ.ജി. മോഹൻ ലാൽ, ഗതാഗത സെക്രട്ടറി വി.എം. ഗോപാലമേനോൻ, കെ.ടി.ഡി.എഫ്.സി. ചീഫ് എൻജിനീയർ എസ്.ആർ.ജെ. നവകുമാർ, എം.ഡി. ഡോ. ഉഷാദേവി, കൗൺസിലർ ആർ. ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.

തലസ്ഥാന നഗരത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലാകുന്ന ഈ പദ്ധതി ബസ് സ്റ്റേഷൻ, ഷോപ്പിങ് കോംപ്ലക്സ് സങ്കൽപ്പങ്ങൾക്ക് ഒരു പുതിയ മാർഗരേഖയാണ്. സംസ്ഥാന ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരളാ ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെയും കെ.എസ്. ആർ.ടി.സി.യുടെയും സംയുക്ത സംരംഭമായ ഈ പദ്ധതി കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് നടപ്പാക്കുന്നത്. പന്ത്രണ്ട് നിലകളിലായി മൂന്നര ലക്ഷത്തിലധികം ചതുരശ്ര അടി വിസ്തീർണത്തിലുള്ള ഈ കോംപ്ലക്സിന് 65 കോടി രൂപയാണ് നിർമ്മാണച്ചെലവ്. 25 ബസുകൾക്ക് ഒരേസമയം പുറപ്പെടാനുള്ള പ്ലാറ്റ്ഫോറം, മൂന്ന് നിലകളിലായി 220 കാറുകൾക്കും 500 ഇരുചക്ര വാഹനങ്ങൾക്കും പാർക്കിംഗ്. യാത്രക്കാർക്ക് വിപുലമായ സൗകര്യം. കെ.എസ്.ആർ.ടി.സി.ക്ക് നാല് നിലകളിൽ പ്രത്യേക ഭരണകാര്യാലയം, ഷോപ്പിംഗ് മാൾ, മൾട്ടിപ്ലക്സ് തീയേറ്ററുകൾ, ഫുഡ്കോർട്ടുകൾ, സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗ്, എസ്കലേറ്റർ, ലിഫ്റ്റ്, മഴവെള്ള സംഭരണികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വീട്ടിൽ തന്നെയാണ് തയാറാക്കുന്നത്. 24 മണിക്കൂറും വെള്ളം കുടിക്കാനുള്ള സൗകര്യം കൂടുകളിൽ ഒരുക്കുന്നതും പ്രധാനമാണ്. കാലിത്തീറ്റകൾ മുയലിന് ഭക്ഷണമായി നൽകുന്നത് ഇവയുടെ പാലിന് കട്ടികൂടുന്നതിന് ഇടയാക്കും. ഇത് മുയലുകളുടെ ജീവന് തന്നെ ഭീഷണിയാവുന്നു. നല്ല ഭക്ഷണത്തിനപ്പുറം സ്നേഹപൂർണമായ പരിചരണമാണ് ഏറ്റവും പ്രധാനമെന്നാണ് സുകേഷിന്റെ അഭിപ്രായം.

പത്ത് മുയലുകളുമായി തുടങ്ങിയ സുകേഷിന്റെ മുയൽ ഫാമിൽ ചിട്ടയായ പരിപാലനത്തിലൂടെ ഇന്ന് 20 കൂടുകളിലായി നൂറ്റമ്പതിലധികം മുയലുകളുണ്ട്. നിരവധി മുയലുകളെ ഇതിനകം വളർത്താനും മാംസത്തിനുമായി വിൽപ്പന നടത്തിക്കഴിഞ്ഞു. ഒന്നരമാസം പ്രായമുള്ളവയ്ക്ക് 350 രൂപയും പൂർണവളർച്ചയെത്തിയവയ്ക്ക് 900 രൂപയുമാണ് വില. ഹൃദ്രോഗികൾക്ക് ഉൾപ്പെടെ നല്ലതാണെന്നതിനാൽ മുയലിറച്ചിക്ക് മാർക്കറ്റിൽ നല്ല ഡിമാന്റുണ്ട്. വൻകിട ഹോട്ടലുകളിൽ നിന്ന് ഉൾപ്പെടെ ഓർഡർ ലഭിക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് കൊടുക്കാനില്ലാത്തതാണ് സുകേഷിന്റെ വിഷമം. വീട്ടമ്മമാർക്ക് മുയൽവളർത്തൽ നല്ല വരുമാന മാർഗമാണെന്ന് സുകേഷ് പറയുന്നു. ആദ്യ മൂന്നു മാസം ലാഭം പ്രതീക്ഷിക്കാതെ മനസർപ്പിച്ച് ശുശ്രൂഷിച്ചാൽ മാത്രമേ മുയൽ വളർത്തലിൽ നിന്ന് നേട്ടമുണ്ടാക്കാനാകൂ. താത്പര്യമുള്ളവർക്ക് ഇതു സംബന്ധിച്ച തന്റെ അറിവുകൾ പകർന്നു നൽകാനും ഇദ്ദേഹം തയാറാണ്. മുയൽ വളർത്തലിനെക്കുറിച്ച് നേരിട്ട് കണ്ട് മനസ്സിലാക്കാൻ ഇപ്പോൾ ഏറെ ആളുകൾ സുകേഷിന്റെ വീട്ടിലെത്തുന്നുണ്ട്.

നബാർഡ് മാത്രമാണ് മുയൽവളർത്തലിന് സാമ്പത്തിക സഹായം നൽകുന്നത്. അതുകൊണ്ട് തന്നെ സ്വയം തൊഴിൽ എന്ന രീതിയിൽ സംരംഭം വ്യാപിപ്പിക്കാൻ നിരവധി ബാങ്കുകളിൽ അപേക്ഷിച്ചിരുന്നെങ്കിലും വായ്പ ലഭിച്ചിരുന്നില്ല. എന്നാൽ സുകേഷിന്റെ അർപ്പണ മനോഭാവത്തെ തുടർന്ന് നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് 25000 രൂപ അനുവദിക്കുകയായിരുന്നു. പന്ന്യന്നൂർ പഞ്ചായത്ത് കൃഷിഭവനിൽ നിന്നും പൂർണ സഹകരണം ലഭിച്ചതായി സുകേഷ് പറയുന്നു. സുകേഷിന്റെ പരിശ്രമങ്ങൾക്ക് കൂട്ടായി അച്ഛൻ സുകുമാരനും അമ്മ ശ്യാമളയും ഭാര്യ വിജിലയും മകൻ സുബിനേഷും ഒപ്പമുണ്ട്.

കൃഷിയും മുയൽ വളർത്തലും തനിക്ക് ഇതുവരെ ലാഭം മാത്രമേ നൽകിയിട്ടുള്ളൂ എന്ന് പറയുമ്പോൾ തിരഞ്ഞെടുത്ത വഴി തെറ്റായിയില്ലെന്ന ആത്മവിശ്വാസം സുകേഷിന്റെ വാക്കുകളിലുണ്ട്. ഫോൺ: 9388445251

**ജി. രമ്യ**

# കോന്നി താലൂക്ക് യാഥാർഥ്യമായി

ഭൂരഹിത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും മൂന്നു സെന്റ് ഭൂമി വീതം നൽകുമെന്നും, പദ്ധതിയിലേക്ക് അപേക്ഷിക്കാൻ വീണ്ടും അവസരമൊരുക്കുമെന്നും റവന്യു മന്ത്രി അടൂർ പ്രകാശ് പറഞ്ഞു. കോന്നി താലൂക്കിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഭൂരഹിത കേരളം പദ്ധതിയിലേക്ക് അപേക്ഷ നൽകാൻ കഴിയാതിരുന്ന നിരവധി പേരുണ്ട്. ഇങ്ങനെയുള്ളവർക്ക് അപേക്ഷിക്കുന്നതിന് പുതിയ തീയതി നിശ്ചയിക്കും. 2015 ഓടെ ഭൂരഹിത കേരളമെന്ന ലക്ഷ്യത്തിലാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. സെപ്റ്റംബർ 30 ന് യുപിഎ അധ്യക്ഷ ഭൂരഹിത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചു. ഒരു ലക്ഷം ഭൂരഹിതർക്ക് ആദ്യ ഘട്ടത്തിൽ ഭൂമി നൽകാനാണ് ലക്ഷ്യമിട്ടത്. ഇതിനായി ഭൂമി കണ്ടെത്തിയെങ്കിലും നിയമതടസങ്ങൾ മൂലം പൂർത്തിയാക്കാനായില്ല. തടസങ്ങൾ നീക്കി ഭൂമി വിതരണം നടത്തും. പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഏറ്റവുമധികം പ്രാധാന്യം നൽകുന്നത്. സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. സബ് ട്രഷറി ഉദ്ഘാടനം ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ നിർവഹിച്ചു. ആന്റോ ആന്റണി എംപി, കെ.എൻ.ബാലഗോപാൽ എംപി, ഡെപ്യൂട്ടി സ്പീക്കർ എൻ.ശക്തൻ എന്നിവർ സംബന്ധിച്ചു. മുൻ എംപി ചെങ്ങറ സുരേന്ദ്രൻ, മുൻ എംഎൽഎമാരായ പി.ജെ. തോമസ്, എ. പത്മകുമാർ, പ്രവാസി ഭാരതീയ സമ്മാൻ നേടിയ ഡോ.വർഗീസ് കുര്യൻ എന്നിവരെ ആദരിച്ചു.



കോന്നി താലൂക്കിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്

# കലാമണ്ഡലം കലാസ്വാദന – പഠനക്കളരികൾക്കു തുടക്കം

തിരുവല്ലയിലെയും അയിരൂരിലെയും കേരള കലാമണ്ഡലം കലാസ്വാദന പഠനക്കളരികളിൽ തുടങ്ങുന്ന ഒരു വർഷത്തെ ഹ്രസ്വകാല കോഴ്സ് ഡിഗ്രി കോഴ്സായി ഉയർത്തുന്നത് പരിഗണിക്കുമെന്ന് സാംസ്കാരിക-ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

തിരുവല്ലയിലെയും അയിരൂരിലെയും കാലാസ്വാദന പഠനക്കളരികളുടെ ഉദ്ഘാടനം ചെറുകോൽപ്പുഴ പമ്പ മണൽപ്പുറത്ത് നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കലാമണ്ഡലത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ച് ജില്ലകളിലായി ആറ് കലാസ്വാദന-പഠനക്കളരികളാണ് ആരംഭിക്കുന്നത്. പത്തനംതിട്ട ജില്ലയ്ക്കു മാത്രമാണ് രണ്ട് കലാസ്വാദന-പഠനക്കളരികൾ അനുവദിച്ചിരിക്കുന്നത്-തിരുവല്ലയിലും അയിരൂരിലും. മഹത്തായ കഥകളി പാരമ്പര്യമുള്ള തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തേയും അയിരൂരിനെയും മാറ്റി നിർത്താനാവാത്തതിനാലാണ് പത്തനംതിട്ടയിൽ രണ്ടു കലാസ്വാദന പഠനക്കളരികൾ അനുവദിച്ചത്. ആദ്യഘട്ടത്തിൽ കഥകളി വേഷം, ചെണ്ട എന്നീ രണ്ട് വിഷയങ്ങളിലാണ് ഒരു വർഷത്തെ ഹ്രസ്വകാല കോഴ്സ് തുടങ്ങുന്നത്.



കലാസ്വാദന പഠനക്കളരിയുടെ ഉദ്ഘാടനം മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു

കഥകളി പഠനത്തിനായി കഴിഞ്ഞ വർഷം കലാമണ്ഡലത്തിൽ 500 അപേക്ഷകളാണ് ലഭിച്ചത്. ആകെ 100 സീറ്റ് മാത്രമാണ് ഇവിടെയുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ തനതുകലകൾ പഠിക്കാൻ വരും തലമുറകൾക്ക് അവസരമൊരുക്കാനാണ് കലാസ്വാദന-പഠനക്കളരികൾ തുടങ്ങുന്നത്. സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമായി കലാമണ്ഡലം മാറിക്കഴിഞ്ഞു.

ആന്റോ ആന്റണി എംപി അധ്യക്ഷത വഹിച്ചു. കലാമണ്ഡലം വൈസ് ചാൻസലർ പി. എൻ. സുരേഷ്, എക്സിക്യൂട്ടീവ് ബോർഡ് അംഗം പന്തളം സുധാകരൻ എന്നിവർ പ്രഭാഷണം നടത്തി. മന്ത്രിക്ക് ഉപഹാര സമർപ്പണവും ധാരണാപത്ര കൈമാറ്റവും പത്തനംതിട്ട കഥകളി ക്ലബ് പ്രസിഡന്റ് ഡോ. ജോസ് പാറക്കടവിൽ നിർവഹിച്ചു.

■ ഡോ. എം. ഗംഗാദേവി

പെൺജീവിതം

# ആത്മചൈതന്യം

ആദർശലോകത്തിന്റെ ആധികാരികതയോ ആഹ്ലാദത്തിന്റെ നിറക്കൂട്ടുകളോ ഇല്ലാത്ത ഒരു പതിനെട്ടുകാരിയുടെ ജീവിതത്തിലെ ചില നിമിഷങ്ങളാണ് ഇന്ന് 40 കാരിയായ ഞാനിതിൽ കുറിക്കാൻ ശ്രമിക്കുന്നത്. അത് എന്നെ ഞാനാക്കി മാറ്റുവാൻ ദൈവം ഒരുക്കിയ അടിത്തറയായിരന്നു. ഓരോ കല്ല് ഇടുമ്പോഴും ദൈവമതിനെ ഉറപ്പിച്ച് ഞാനെന്ന സങ്കല്പത്തിന് ഉറപ്പും രൂപവും നൽകി. ആശയങ്ങളുടെ ചുമരുകളിൽ സ്വപ്നങ്ങൾ കൊണ്ട് ചിത്രമെഴുതാൻ അറിയുമായിരുന്നില്ല. എന്നാൽ ആകാശത്തോളം പരിശ്രമിക്കുവാൻ ഞാനാളായിരുന്നു. അതിനെനിക്ക് മാർഗദർശനമരുളിയത് ഊട്ടിയിലെ ഫേൺ മരങ്ങൾ നിറഞ്ഞ കുന്നിൻമുകളിൽ ധ്യാനസ്ഥിതനായ ഗുരു നിത്യചൈതന്യയതിയായിരുന്നു. പ്രീഡിഗ്രിക്കു പഠിക്കുന്ന കാലത്ത് പോരേടത്തുള്ള സുധാകരൻ സാറിൽ നിന്നാണ് ഞാനാദ്യമായി ഗുരുവിനെപ്പറ്റി കേൾക്കുന്നത്.

കുത്തൊഴുക്കിൽപ്പെട്ടുപോയ ഒരു വെള്ളരിവള്ളിയായിരുന്നു എന്റെ ജിവിതം. പടർന്നുകയറാൻ, പൂവിടാൻ മണ്ണില്ലാതെ, ജലമില്ലാതെ, വളമില്ലാതെ, വഴിയില്ലാതെ... ഇളം കാറ്റുപോലുമടിക്കാതെ തളർന്നുപോയൊരു ലത. ചുറ്റിലും എല്ലാവരുമുണ്ടെങ്കിലും ഒറ്റപ്പെട്ടുപോകുന്ന, ആ ഒറ്റപ്പെടലിൽ നോവുന്ന മനസ്സുമായി കഴിഞ്ഞിരുന്നവൾ. നാല് ഏട്ടന്മാരുടെയും മൂന്ന് ചേച്ചിമാരുടെയും കുഞ്ഞനുജത്തിയായിരുന്നു ഞാൻ. എന്നാൽ ഒന്ന് കാണും മുമ്പേ അമ്മയും അറിയുമ്പോഴേക്കും അച്ഛനും മരിച്ചുപോയിരുന്നു. അവരുടെ അസാന്നിധ്യം എന്നെ സദാ അലട്ടിയിരുന്നു. എന്നാൽ ആരെയും ഞാനെന്റെ സങ്കടം അറിയിച്ചിരുന്നില്ല.


പലപ്പോഴും, പലയിടത്തും ഞാൻ ആൾക്കൂട്ടങ്ങളിൽ അലിഞ്ഞു ചേർന്നു. വെറും നിഴലായി മാത്രം നടക്കാൻ വിധിച്ചു. ആഗ്രഹങ്ങൾ ആശങ്കകൾക്കു വഴിമാറി. പക്വമായ കാഴ്ചപ്പാടോ വ്യക്തമായ ലക്ഷ്യബോധമോ എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല. കൊതിയല്ല, വിധിയാണ് ജീവിതമെന്ന സത്യം ഗ്രഹിക്കുവാൻ ഏറെ വൈകി. സ്നേഹവാത്സല്യങ്ങൾക്കായി മനസ്സ് വെമ്പൽകൊണ്ടു. അങ്ങനെയിരിക്കുമ്പോഴാണ് വർക്കലയിൽ ഇടയ്ക്കിടെ വരാറുള്ള, കവിതയെപ്പറ്റിയും മനുഷ്യനെപ്പറ്റിയും പറയുന്ന സുന്ദരമൂർത്തിയെപ്പറ്റി ഞാൻ കേൾക്കുന്നത്. ആത്മീയ ജീവിതവും




നിത്യചൈതന്യയതി

വിജ്ഞാനത്തിന്റെ വഴികളും ഒരുപോലെ ചേർത്ത നിത്യചൈതന്യം തന്നെയായിരുന്നു ഗുരു.

നേരിട്ടു കാണുവാൻ അവസരമില്ലാത്ത തിനാൽ വിലാസം കണ്ടെത്തി കത്തെഴു തുവാനായിരുന്നു എന്റെ ആദ്യ ശ്രമം. മനസ്സിൽ ഒതുക്കിയിരുന്ന വേദനകളും സംശയങ്ങളുമെല്ലാം ഒരു കടലാസിൽ പകർത്തി ഞാൻ ഗുരുവിനയച്ചുകൊ ടുത്തു. വാക്കുകൾ തേടി, അക്ഷര ങ്ങൾ തേടി ഞാൻ ആശ്വാസം കൊള്ളുന്നത് ദൈവമറിഞ്ഞിരി ക്കണം, തീർച്ച. അതാണ് ആ മഹാ വൃക്ഷത്തിന്റെ ഒരില എനിക്കായി തണൽ വീഴ്ത്തിയത്.





ജനനമരണങ്ങളുടെ അനാദി യിലും അനിശ്ചിതത്വത്തിലും അർഥങ്ങൾ കാണുമ്പോൾ വിധിയും അനുഗ്രഹവുമെല്ലാം പല താവഴികളായി പടരുന്ന തായി കാണാം. ആനന്ദിന്റെ 'മരണ സർട്ടിഫിക്കറ്റ്' എന്ന നോവൽ വായിച്ചുകൊണ്ടിരി ക്കുമ്പോഴാണ് ആറ്റിങ്ങൽ പാർവതീപുരം ഗ്രാമത്തിലെ അഗ്രഹാരത്തിലേക്ക് വെള്ളരിപ്രാവു പോലെ ഒരു കത്ത് പറന്നിറങ്ങിയത്.

ആഹ്ലാദത്തിന്റെ പെരുങ്കടൽ എന്റെ മനസ്സിൽ തിരയടിച്ചു. 'പ്രിയ മകൾ ഗംഗയ്ക്ക്...' എന്ന സംബോധന എന്റെ എല്ലാ വേദ ലാതിയും അടക്കി. നൂറാവർത്തി കത്തു വായിച്ചുകാണും. നഷ്ട പ്പെട്ടുപോയ വാത്സല്യം മുഴുവൻ തിരിച്ചുകിട്ടിയപോലെ. ജീവി തം, മരണം, പുരാണേതിഹാസങ്ങൾ, ഉപനിഷത്തുകൾ എല്ലാം അതിൽ സംഗ്രഹിച്ചിരുന്നു. ജനനത്തിനും മരണത്തിനുമൊക്കെ വ്യത്യസ്തങ്ങളായ കാരണങ്ങളുണ്ടാവാം. ജീവിതത്തെ ദാർശനി കമായ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വീക്ഷിക്കാൻ അദ്ദേഹ മെന്നെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ വിശിഷ്ടങ്ങളായ പല ഗ്രന്ഥ ങ്ങളും ഒപ്പം അയച്ചുതരികയും ചെയ്തു. എന്റെ മനസ്സ് തിരിച്ച റിഞ്ഞ അദ്ദേഹം എന്റെ അന്വേഷണങ്ങൾക്കുള്ള ഉത്തരമായിട്ടാ ണവ അയച്ചു തന്നത്. അയച്ചു തരിക മാത്രമല്ല, വായിച്ച് അതി നെക്കുറിച്ച് മറുപടി എഴുതുവാനും പറയും. ഞാനവയെല്ലാം ഇരുട്ടിനെ പ്രകാശമാക്കിയിരുന്ന് വായിച്ചുതീർക്കും. ഒന്നു കിട്ടു മ്പോൾ അതിന്റെ മറുപടിയായി വീണ്ടും. അങ്ങനെയെത്ര കത്തു കൾ! പുസ്തകങ്ങൾ! എത്ര എഴുതിയാലും ആ സ്നേഹവാത്സ ല്യത്തെപ്പറ്റി പൂർണമായെഴുതുവാൻ എനിക്കാവില്ല. എന്റെ എല്ലാ സന്ദേഹങ്ങളും അദ്ദേഹം തീർത്തുതരുമായിരുന്നു.

ഒരിക്കൽ കൊല്ലം എസ്.എൻ. വനിതാ കോളേജിൽ അദ്ദേഹം വരുന്നുണ്ടെന്നറിഞ്ഞ ഞാൻ അവിടെയെത്തി. 'സ്നേഹസംവാദം' എന്ന പരിപാടിക്കായിരുന്നു അദ്ദേഹം വന്നത്. കലുഷിതമായ ലോകത്തിൽ സ്നേഹം കൊണ്ട് സംവദിക്കുവാൻ മാത്രം അദ്ദേഹം ആവിഷ്കരിച്ച പുതിയൊരു കാഴ്ചപ്പാട്. അവിടെയൊരു മുഖമാ കാൻ ഞാനും കൊതിച്ചു. നേരം വെളുത്തപ്പോൾത്തന്നെ ആറ്റി ങ്ങലിൽ നിന്നു പുറപ്പെട്ടു. കോളേജിലെത്തി മുൻനിരയിൽത്തന്നെ സ്ഥാനവും പിടിച്ചു. നിലമേൽ എൻ.എസ്.എസ്. കോളേജിലെ വിദ്യാർഥിനിയായിരുന്നു ഞാന്നുപോലും ഓർക്കാതെ അദ്ദേ ഹത്തെ കണ്ടു, സംവാദത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ ഓരോ വാക്കും എന്നെ അലിയിച്ചില്ലാതാക്കുംപോലെ... പുതി യൊരാളായി മാറുകയായിരുന്നു ഞാൻ, ആ ശബ്ദം ശ്രവിച്ചപ്പോൾ സഹനവും വിനയവും എന്നിൽ നിറഞ്ഞു. ഞാനാ കണ്ണുകളി ലൂടെ ലോകത്തെ കണ്ടു, എന്നെ കണ്ടു.

ഗുരുവിന് കുട്ടികൾ പൂക്കൾ നൽകി ഭക്ഷണശാലയിലേക്ക് നയിച്ചു. അദ്ദേഹത്തിന്റെ ഇളം റോസ് സോക്സ ണിഞ്ഞ കാലടികൾ ഞാനും പിന്തുടർന്നു. ഒരു വേള എന്റെ മുഖത്തേക്കുനോക്കിയപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ ഗംഗയാ...' 'ആറ്റിങ്ങലിലെ ഗംഗയല്ലേ?' അദ്ഭുതം കൊണ്ട് അന്ധാളിച്ചുനിന്ന ഞാൻ തലയാട്ടിനിന്നുപോയി. ഊട്ടി യിലെ ഫേൺഹിൽ മലനിരകളിലുള്ള നാരായണഗുരുകുലത്തി ലേക്ക് ഞാനയച്ച കത്തുകൾ... എന്റെ പേര്... അദ്ദേഹം ഓർത്തി രിക്കുന്നു. ഒരു നിമിഷം ഞാനാ കാൽതൊട്ടു വന്ദിച്ചു. നിറുകയിൽ തൊട്ടുകൊണ്ട് ആ മഹാനുഭാവൻ നടന്നകന്നു. വല്ലാത്തൊരു ആത്മസ്പർശമായിരുന്നു അത്. എന്റെ അച്ഛനെയും അമ്മയെയും കണ്ടപോലെ. ഈശ്വരദർശനം പോലെ. പതിനെട്ടുകാരി പെൺകു ട്ടിക്ക് ജീവിക്കുവാൻ ഇതുമാത്രം മതിയായിരുന്നു.

പിന്നെയും ഞാൻ ഗുരുവിന് കത്തുകൾ എഴുതി. മറുപടിയും കൃത്യമായി വന്നു. തിരുവനന്തപുരത്തും കാര്യവട്ടം കാംപസിലും ഗുരു പലതവണ വന്നു. അപ്പോഴൊക്കെ ദുരെയിരുന്ന് ആ കാരു ണ്യത്തിന്റെ തണൽ സ്വീകരിച്ചു. അടുത്തു പോകാനോ സംസാ രിക്കാനോ കഴിഞ്ഞില്ല. അദ്ദഹം ഏറ്റവുമൊടുവിൽ എനിക്കയച്ചു തന്ന 'മറക്കാനാവാത്തവർ' എന്ന പുസ്തകമുൾപ്പെടെ എല്ലാ ഗ്രന്ഥ ങ്ങളും കത്തുകളും ഞാൻ നിധിപോലെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്; പൂജാമുറിയിലെ സാളഗ്രാമം പോലെ...

ഞാനിന്ന് ആരെങ്കിലുമായിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ ഇനി ആവു മെങ്കിൽ അതിന്റെ പിന്നിൽ ഗുരുവിന്റെ ചൈതന്യവും അനുഗ്ര ഹവും ആശ്വാസവചനങ്ങളും ഉൾച്ചേർന്നിരിക്കുന്നു എന്നത് പകൽപോലെ സത്യം. മഹാഗുരുവിന്റെ ഓർമകൾക്കുമുന്നിൽ പ്രണമിച്ചുകൊണ്ട് അനുഗ്രഹങ്ങൾക്കു മുന്നിൽ നമസ്കരിച്ചുകൊ ണ്ട്... ഞാൻ 1999 മെയ് 15 ന് എന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചു:

*"ഇന്നലെ എന്റെ പിതാവ് ഒരിക്കൽക്കൂടി മരണത്തിലേക്കിറ ങ്ങി. ഫേൺ മരങ്ങൾ നിറഞ്ഞ ഊട്ടിയിലെ കുന്നിൻചരുവിൽ കസേരക്കയ്യിൽ വിരലമർത്തി വായനാമുറിയിലെ ജനൽക്കമ്പിയി ലേക്ക് ചെമ്പുകമ്പിവലിച്ചുകെട്ടി മുഖത്ത് പനീർപ്പൂവിന്റെ മന്ദ സ്മിതവുമായി സ്നേഹം മാത്രം സംവദിച്ച എന്റെ ഗുരു യാത്ര യായി...*

*ആത്മാവിന് നിത്യശാന്തി...*




## വിഎച്ച്എസ്ഇ: സവിശേഷ സഹായം ആവശ്യമുള്ളവർക്ക് ആനുകൂല്യങ്ങൾ

സംസ്ഥാനത്തെ വൊക്കേഷണൽ സ്കൂളുകളിൽ പഠിക്കുന്ന സവിശേഷ സഹായം ആവശ്യമായ വിദ്യാർഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതുപോലെ പരീക്ഷ എഴുതുന്നതിന് ആനുകൂല്യങ്ങൾ അനുവദിച്ചു.

### 1. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾ

പരീക്ഷയ്ക്ക് മണിക്കൂർ ഒന്നിന് പത്ത് മിനിറ്റ് അധിക സമയം അനുവദിച്ചു. ഡയഗ്രം വരയ്ക്കേണ്ടുന്ന ചോദ്യങ്ങൾ ഒഴിവാക്കി. ജയിക്കുന്നതിനാവശ്യമായ മിനിമം മാർക്ക് നേടുന്നതിന് ഗ്രേസ് മാർക്ക് അനുവദിച്ചു. ഈ വിഭാഗം വിദ്യാർഥികൾക്ക് ആവശ്യാനുസരണം വ്യാഖ്യാതാവിന്റെയോ സ്ക്രൈബിന്റെയോ സേവനം അനുവദിക്കും. എന്നാൽ ഒരേ സമയം രണ്ടുസേവനങ്ങളും അനുവദിക്കുകയില്ല.

### 2. പഠനവൈകല്യമുള്ള വിദ്യാർഥികൾ

ഈ വിഭാഗം വിദ്യാർഥികൾക്ക് വ്യാഖ്യാതാവിന്റെയോ സ്ക്രൈബിന്റെയോ ആരുടെയെങ്കിലും ഒരാളുടെ സേവനം അനുവദിക്കും.

### 3. ഡിസ്ലെക്സിയ

ഈ വിഭാഗം വിദ്യാർഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് പത്ത് മിനിറ്റ് അധികമായി അനുവദിക്കും. ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കും.

### 4. ഡിസ്ഗ്രാഫിയ

ഈ വിഭാഗം വിദ്യാർഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് പത്ത് മിനിറ്റ് അധികമായി അനുവദിക്കും. ഉത്തരം കേട്ടെഴുതുന്നതിന് സ്ക്രൈബിനെയും അനുവദിക്കും.

### 5. ഡിസ്കാൽക്കുലിയ

കണക്ക് വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം അനുവദിക്കും. കൂടാതെ ഒരു പേപ്പറിന് മണിക്കൂറിന് പത്ത് മിനിറ്റ് അധികമായി അനുവദിക്കും.

സവിശേഷ സഹായം ആവശ്യമായ വിദ്യാർഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന് പകരം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റ് ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. സവിശേഷ സഹായം ആവശ്യമായ വിദ്യാർഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച പൊതുനിർദേശങ്ങൾ പരിശോധിച്ച് വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഉത്തരവ്: സ.ഉ (എം.എസ്)നം.8/14/പൊതുവിദ്യാഭ്യാസം

തീയതി: 06/01/2014

## എസ്ഇബിസി സംവരണം: വരുമാനപരിധി ഉയർത്തി

2014-15 വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിങ് തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള എസ്ഇബിസി സംവരണത്തിനുള്ള വരുമാനപരിധി ആറുലക്ഷം രൂപയായി വർധിപ്പിച്ച് ഉത്തരവായി. സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടനുസരിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി നിലവിലുള്ള ക്രീമി ലെയർ വ്യവസ്ഥകൾ 2014-15-ലെ പ്രൊഫഷണൽ കോഴ്സുകൾക്ക് ബാധകമാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. കേന്ദ്ര സർക്കാർ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ ക്രീമി ലെയർ 4.5 ലക്ഷം രൂപയിൽനിന്നും ആറു ലക്ഷമായി വർധിപ്പിച്ചിരുന്നു. (27/05/2013) ഹൈക്കോടതിയുടെ അന്തിമവിധിയ്ക്കും പിന്നാക്ക വിഭാഗ കമ്മിഷന്റെ അന്തിമ റിപ്പോർട്ടിനും വിധേയമായിരിക്കും ഉത്തരവ്.

ഉത്തരവ്: സ.ഉ(എം.എസ്)നം.03/2014/പിന്നാക്ക സമുദായ വികസനം

തീയതി: 09/01/2014

ഈ ഉത്തരവുകൾ www.kerala.gov.in ൽ ലഭ്യമാണ്



# വികസനവും കരുതലുമായി മുന്നോട്ട്

സംസ്ഥാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമുള്ള സർക്കാരിന്റെ ഏറ്റവും വലിയ ഉപകരണമാണ് ബജറ്റ്. നമ്മുടെ ജീവിത, സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാന ഘടകമായ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് 2014-15 വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. കാർഷിക മേഖലയുടെ സമഗ്രമായ മുന്നേറ്റത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ബജറ്റ് കാർഷികരംഗത്തിന് പുത്തനുണർവ് നൽകും.

കർഷകരെയും കാർഷിക വിളകളെയും ഇൻഷുറൻസുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. 90 ശതമാനവും സർക്കാർ പ്രിമിയം നൽകി 25 പ്രധാന വിളകൾ ഇൻഷുർ ചെയ്യുന്ന പദ്ധതി കർഷകർക്ക് വലിയ ആശ്വാസമാകും. കർഷകരുടെ ആരോഗ്യ സംരക്ഷണത്തിന് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രീമിയത്തിന്റെ 50 ശതമാനം സർക്കാർ വഹിക്കും. രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും അഗ്രികാർഡ് നൽകുന്നതിനുള്ള തീരുമാനം, വായ്പയ്ക്കുവേണ്ടിയുള്ള കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമാകും. കർഷക കുടുംബത്തിലെ കുടുംബനാഥൻ മരണപ്പെട്ടാൽ കാർഷിക കടം സർക്കാർ ഏറ്റെടുക്കുന്നതിനും ബജറ്റിൽ തീരുമാനമായിട്ടുണ്ട്. 964 കോടി രൂപയാണ് കാർഷികമേഖലയ്ക്കായി നീക്കിവെച്ചിരിക്കുന്നത്.

സാമൂഹിക സുരക്ഷയ്ക്ക് ഊന്നൽ നൽകേണ്ടത് വളരെ പ്രധാനമാണ്. അധ്വാനിച്ചു ജീവിക്കുവാൻ കഴിയാത്ത ജനങ്ങളുടെ സംരക്ഷണം സർക്കാരിന്റെ ഉത്തരവാദിത്വമാണല്ലോ. അവരുടെ സുരക്ഷ ഉറപ്പാക്കേണ്ടതാണ്. എല്ലാ സാമൂഹിക സുരക്ഷാ പെൻഷനുകളും നിസ്സഹായരായ ജനവിഭാഗങ്ങൾക്ക് ആശ്വാസമാണ്.

വികസനവും കരുതലുമെന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് അനുയോജ്യമായ ബജറ്റാണ് ധനമന്ത്രി കെ.എം. മാണി അവതരിപ്പിച്ചത്. പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ, ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ വികസനത്തിന് 639 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. വിവരസാങ്കേതിക മേഖലയുടെ വികസനത്തിന് 313 കോടി രൂപ നീക്കിവെച്ചു. യുവജനങ്ങളിൽ സംരംഭകത്വം വികസിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

നാടിന്റെ സമഗ്രമായ വികസനത്തിന് പ്രതിജ്ഞാബദ്ധമായ ഈ സർക്കാർ എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തിക്കൊണ്ടും നാടിന്റെ വികസനം ത്വരിതപ്പെടുത്തിക്കൊണ്ടും മുന്നേറുകയാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ ബജറ്റിനു കഴിഞ്ഞുവെന്നതിൽ എനിക്ക് അഭിമാനം തോന്നുന്നു. ■